# തിരുഹൃദയ മാസിക

(Sacred Heart Monthly)

**Vol. 83**
**2018 March**

**83**
Years of Publication



*Patron*

✠ **Mar Mathew Moolakkatt**
Archbishop of Kottayam

*Co-Patron*

✠ **Mar Joseph Pandarasseril**
Auxiliary Bishop of Kottayam

*Editor*

**Fr. Mathew Kuriathara**



S.H.Monthly
Catholic Mission Press
Building
K.K. Road
Kottayam - 686 001


## ഈ ലക്കത്തിൽ


- സർക്കുലർ
- അജപാലന കേന്ദ്ര പ്രോഗ്രാമുകൾ
  ചൈതന്യ
  ചൈതന്യ കമ്മീഷൻസ് പ്രോഗ്രാം
- അതിരൂപതാ പാസ്റ്ററൽ കമ്മീഷൻസ്
  വിശ്വാസപരിശീലന കമ്മീഷൻ
  കരിസ്മാറ്റിക് കമ്മീഷൻ
  ഫാമിലി കമ്മീഷൻ
  ലിറ്റർജി കമ്മീഷൻ
- പയസ് അസോസിയേഷൻസ്
  ചെറുപുഷ്പ മിഷൻലീഗ്
  സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റി
  ലീജിയൻ ഓഫ് മേരി
  തിരുബാലസഖ്യം
  കെ.സി.എസ്.എൽ.
  കെ.സി.വൈ.എൽ.
  വൊക്കേഷൻ കമ്മീഷൻ
- സോഷ്യൽ ആക്ഷൻ കമ്മീഷൻ
  കെ.എസ്.എസ്.എസ്.
  മാസ്സ്
- കെ.സി.ഡബ്ല്യു.എ
- അഭി. പിതാക്കന്മാരുടെ ഡയറി
  Engagements
  Mar Mathew Moolakkatt
  Mar Joseph Pandarasseril
- പൗരോഹിത്യ ആദ്ധ്യാത്മികത:
  സുവിശേഷ വിചിന്തനങ്ങൾ
- പൊതുവാർത്തകൾ



**വാർഷിക വരിസംഖ്യ**

75 രൂപ (ഇന്ത്യ)
500 രൂപ (വിദേശം)

Circular No. 216
**Holy Childhood Day 2018**

Catholic Metropolitan's House
P.B. No. 71, Kottayam
Kerala, India-686001

Date:28-01-2018

പ്രിയ ബഹുമാനപ്പെട്ട അച്ചാ, പ്രിയ ദൈവജനമേ,

ഈ വർഷം സാർവ്വത്രികസഭ തിരുബാലസഖ്യദിനമായി ആചരിക്കുന്ന ദിവസമാണിന്ന്. നസ്രായനായ ഈശോയുടെ ബാല്യത്തെ സ്മരിച്ചുകൊണ്ട് നമുക്കു ചുറ്റുമുള്ള ഓരോ ബാലവും തിരുബാല്യങ്ങളാക്കി മാറ്റേണ്ട ആവശ്യകതയെക്കുറി ച്ചാണ് നാം ചിന്തിക്കേണ്ടത്. കുട്ടികളെ വളർത്തി വലുതാക്കി സഭയ്ക്കും സമൂഹത്തിനും ഉപകാരപ്രദവും പരമോന്നതനായ ദൈവത്തിന്റെ ഉപരിമഹത്വത്തിനുമായി സമർപ്പിക്കുകയെന്നതാണ് മാതാപിതാക്കളുടെയും മുതിർന്നവരുടെയും കടമ. അതിനാൽത്തന്നെ തിരുബാലസഖ്യദിനം ആചരിക്കുമ്പോൾ ഈ കൂട്ടായ്മയിലെ എല്ലാ കുട്ടികൾക്കും അവരെ നയിക്കുന്ന വർക്കും ആശംസകൾ നേരുന്നതോടൊപ്പം സഭാഗാത്രത്തിലെ എല്ലാ മാതാപിതാ ക്കൾക്കും മുതിർന്നവർക്കുമായി ചില ചിന്തകൾ പങ്കുവയ്ക്കുക കൂടി ചെയ്യട്ടെ.

നസ്രത്തിൽ മാതാപിതാക്കൾക്കു വിധേയനായി ജീവിച്ച ബാലനായ ഈശോ കുട്ടികൾക്ക് പ്രചോദനവും ശക്തിയുമാവണം. യൗസേപ്പുപിതാവും പരിശുദ്ധകന്യകാമറിയവും ഉണ്ണിയേശുവിൽ തിരുബാലനെ കണ്ടെത്തുന്നത് അവരുടെ ദൈവപദ്ധതിയുമായുള്ള പങ്കുചേരലിലാണ്. മാതാപിതാക്കന്മാർ കുട്ടികളെക്കുറിച്ചുള്ള ദൈവപദ്ധതിയിൽ പങ്കുചേരുമ്പോൾ ഓരോ കുടുബത്തിലും ദിവ്യത്വം തുളുമ്പുന്ന ബാല്യങ്ങൾ രൂപപ്പെടുമെന്നത് തീർച്ചയാണ്. ശുഭമായ ഭാവിക്കുവേണ്ടിയുള്ള ദൈവികപദ്ധതിക്ക് കൂട്ടുനിൽക്കുവാൻ മാതാപിതാക്കൻമാർ എപ്പോഴും ശ്രദ്ധിക്കേണ്ടതുണ്ട്.

കുട്ടികളുടെ വളർച്ച പാറമേൽ പണിത ഭവനത്തിന്റെ ഉപമ പോലെയാകണം. മാതാപിതാക്കൻമാരുടെ വിശ്വാസ തീക്ഷ്ണതയും ആഴ

പ്പെട്ട ബോധ്യങ്ങളുടെ ദൃഢതയും സ്നേഹവുമുള്ള പാറമേൽ വേണം ബാല്യങ്ങളും കൗമാരങ്ങളും രൂപപ്പെടുവാൻ. രക്ഷകനായ ഈശോയിൽ ദൃഢമായി വിശ്വസിക്കുകയും സാമൂഹിക പ്രതിബദ്ധതയോടെ ജീവിക്കുകയും ചെയ്യുക എന്നത് ഈ ആഴപ്പെട്ട ജീവിതത്തിന് ആവശ്യമാണ്. ദൈനംദിന കുടുംബപ്രാർത്ഥനയും കൗദാശിക ജീവിതവും കുട്ടികളുടെ മതബോധനവുമൊക്കെ പ്രത്യേകം ശ്രദ്ധിക്കേണ്ട മേഖലകളാണ്.

കുഞ്ഞുങ്ങൾ ദൈവത്തിന്റേതാണ് എന്ന സത്യം തിരിച്ചറിയുമ്പോൾ പരിശുദ്ധ അമ്മ ചെയ്തതുപോലെ ഓരോ കുഞ്ഞിനെയും ദൈവാലയത്തിൽ കൊണ്ടുചെന്ന് ദൈവത്തിന് കാഴ്ചവയ്ക്കും. ദൈവപദ്ധതിക്ക് പൂർണ്ണമായും കുട്ടികളെ വിട്ടുകൊടുക്കും. അവരുടെ ജീവിതപാതകളെ മെനയുന്ന കർത്താവിന് അവരെ വിട്ടുകൊടുക്കുമ്പോൾ വിടുതലിന്റെ സ്വാതന്ത്ര്യവും നല്ല ദൈവത്തിലുള്ള കൂടുതലായ ആശ്രയബോധവും അവർക്ക് സ്വന്തമാകും. പൗരോഹിത്യ സന്ന്യാസ ജീവിതാന്തസിലേക്കു നീങ്ങാനാഗ്രഹിക്കുന്ന കുട്ടികളുടെ മാതാപിതാക്കൻമാരും ബന്ധുക്കളും സുഹൃത്തുക്കളും അവരെ അതിന് അനുയോജ്യമായ രീതിയിൽ കൈപിടിച്ചുനടത്തേണ്ടതാണ്. അതിനു തയ്യാറാവാതെ അവരുടെ സ്വപ്നങ്ങളെ നിസാരവത്ക്കരിക്കുകയും അതിൽ നിന്ന് പിന്തിരിപ്പിക്കുകയും ചെയ്യുന്നവർ ദൈവപദ്ധതിയോട് നിസ്സഹകരിക്കുകയാണ് ചെയ്യുന്നത്. കുഞ്ഞുങ്ങൾ എന്റെ അടുക്കൽ വരുവാൻ അനുവദിക്കുവിൻ അവരെ തടയരുത് എന്നത് ദൈവകല്പനയായി നാം തിരിച്ചറിയണം. 'ഞാൻ എന്റെ പിതാവിന്റെ കാര്യത്തിൽ വ്യാപൃതനായിരിക്കേണ്ടതല്ലേ' എന്ന ചോദ്യം മുതിർന്നവർ തിരിച്ചറിയാതെ പോകരുത്.

പല കാരണങ്ങളാൽ കുട്ടികളിൽ നിന്നും അകന്നു ജീവിക്കുന്ന അമ്മമാരുടെ എണ്ണം വർദ്ധിച്ചുവരുന്നത് നമ്മുടെ സമൂഹത്തിലെ ഒരു വലിയ വെല്ലുവിളിയാണ്. കുടുംബത്തിന്റെ സാമ്പത്തിക സുരക്ഷിതത്വത്തിനുവേണ്ടി മറുനാടുകളിലും അകലങ്ങളിലും ജീവിക്കുന്ന അമ്മമാർക്ക് ഈ അകലം തികച്ചും വേദനാജനകം തന്നെയാവാം. എന്നാൽ അതോടൊപ്പം സാമ്പത്തിക സമൃദ്ധിക്കും സോഷ്യൽസ്റ്റാറ്റസിനുംവേണ്ടി അകന്നു താമസിക്കുന്നവരുമുണ്ട്.

അത് കുട്ടികളുടെ സ്വഭാവരൂപവത്ക്കരണത്തെ ബാധിക്കുന്നു ണ്ടെന്നത് വിസ്മരിക്കരുത്.

ഒരേ കൂരയ്ക്കു കീഴിലായിരുന്നിട്ടും അകന്നുജീവിക്കുന്ന മാതാ പിതാക്കളെയും മക്കളെയും നമുക്കുചുറ്റും കാണുന്നത് ഇന്നിന്റെ നൊമ്പരമാണ്. കൊച്ചുകുട്ടികൾക്ക് ഇന്ന് കൂടുതൽ സമയം ചിലവഴി ക്കേണ്ടിവരുന്നത് അച്ഛനമ്മമാരുടെ കൂടെയല്ല, മറിച്ച്, ടിവിയുടെയും സ്മാർട്ട് ഫോണിന്റെയും കൂടെയാണ്. ഇത് ഇവരുടെ ബുദ്ധി വികാസത്തിന് ഉപകരിക്കുമെന്ന ന്യായം പറഞ്ഞാലും അനിയന്ത്രിത മായ ഉപയോഗം ശാരീരികമായും മാന സികമായും ആത്മീയമായും കുട്ടികളെ ആരോഗ്യകരമല്ലാത്ത രീതിയിൽ ബാധിക്കുന്നുണ്ട്. കൂടുതൽ സ്വാർത്ഥലോകത്തേ യ്ക്ക് അവർ ഒതുങ്ങുകയും ആത്മീയ തയുടെ അടിസ്ഥാനങ്ങൾ ഇല്ലാതാവുകയും ചെയ്യും. വളർന്നു വരുന്ന കുട്ടികളുടെ ബോദ്ധ്യതലങ്ങൾ രൂപപ്പെടേണ്ടിടത്ത് വിവര സാങ്കേതികത കുടുംബബന്ധങ്ങൾക്ക് പകരം നിന്നാൽ ശിഥിലമാവുക കുടുംബങ്ങ ളായിരിക്കും.

കുട്ടികളുടെ സുരക്ഷിതത്വ കാര്യത്തിൽ ഇന്ന് മുതിർന്നവർ കൂടു തൽ ജാഗ്രത പുലർത്തണം. ശാരീരികവും ആദ്ധ്യാത്മികവുമായ അപ കടമേഖലകൾ കൂടി വരുന്നത് നാം തിരിച്ചറിയണം. പല നഗരങ്ങ ളിലും കുട്ടികളുടെ ഇടയിൽ മദ്യവും മയക്കുമരുന്നും ഉപയോഗി ക്കുന്നവരുടെയും അത് വിൽക്കുന്നവരുടെയും എണ്ണം ഭയാനക മായി കൂടുന്നുണ്ട്. മുതിർന്നവർ ലൈംഗികമായി കുട്ടികളെ ദുരുപ യോഗം ചെയ്യാതിരിക്കാനും പരിശുദ്ധമല്ലാത്ത ബന്ധങ്ങളിലേക്ക് കുട്ടി കൾ കടന്നുചെല്ലാതിരിക്കാനും മാതാപിതാക്കൻമാർ നിതാന്ത ജാഗ്രത പുലർത്തേണ്ടതുണ്ട്.

ശൈശവങ്ങളെ വിശ്വാസത്തിന്റെ തലത്തിലേക്കും സാന്മാർഗി കതയുടെ നന്മയിലേയ്ക്കും കൈപിടിച്ച് നടത്തേണ്ടതുണ്ട്. കുട്ടികൾ വളരുന്ന സംസ്ക്കാരം വളരെ കണിശതയോടുകൂടെ രൂപപ്പെ ടുത്തി എടുക്കേണ്ടതാണ്. വർഗീയതയും നിരീശ്വരത്വവും വളർന്നു വരുന്ന കാലഘട്ടത്തിൽ വിശ്വാസസത്യങ്ങൾ മുറുകെ പിടിക്കു വാനും സമുദായബോധത്തിൽ വളരുവാനും വളർത്തു വാനും നമ്മൾ ശ്രദ്ധിക്കേണ്ടതാണ്.

കുടുംബത്തിന്റെ ആത്മാവിഷ്ക്കാരം തെളിയുന്നത് ഒന്നിച്ചുള്ള പ്രയാണത്തിലാണ്. സ്നേഹത്തിന്റെ സന്തോഷം എന്ന പ്രബോധനത്തിൽ (266, 267, 274) ഫ്രാൻസിസ് മാർപാപ്പാ പറയുന്നതു പോലെ ദൈനംദിന ജീവിതത്തിലെ ആത്മീയതയിലാണ് ഒരുമ കാണപ്പെടുന്നത്. സന്തോഷത്തിലും സന്താപത്തിലും ഒക്കെ ജീവിത സഖിയെയും ദൈവം തന്ന സമ്മാനമായ മക്കളെയും ഹൃദയത്തോടു ചേർത്തുനിർത്തി യാത്ര ചെയ്യാനാവുക എന്നതാണ് പുണ്യം. സുരക്ഷിതത്വത്തിലേക്കായാലും സമ്പത്തിലേക്കായാലും കുടുംബത്തിലെ എല്ലാ അംഗങ്ങളും ഒന്നിച്ചുള്ള പ്രയാണം ആത്മീയതയുടെ അടയാളം തന്നെയാണ്.

നല്ലശീലങ്ങൾ വളർത്തിയെടുക്കുവാനും മനഃസാക്ഷിയുടെ ശരിയായ രൂപീകരണത്തിനും കുട്ടികളുടെ ക്രിസ്തീയ രൂപീകരണത്തിനുമായി നടത്തുന്ന എല്ലാ പ്രവർത്തനങ്ങളെയും പ്രത്യേകിച്ച് തിരുബാല സഖ്യം വഴി നടപ്പിലാക്കുന്ന പ്രവർത്തനങ്ങളെ കാരുണ്യവാനായ ദൈവം അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവ്വം,

✠ **മാർ മാത്യു മൂലക്കാട്ട്**
കോട്ടയം അതിരൂപത മെത്രാപ്പോലീത്ത

NB: ഈ സർക്കുലർ 2018 ഫെബ്രുവരി 11-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും വിശുദ്ധ കുർബ്ബാന മദ്ധ്യേ വായിച്ചറിയിക്കേണ്ടതും അന്നേദിവസത്തെ സ്തോത്രകാഴ്ച അതിരൂപതാ കേന്ദ്രത്തിലേക്ക് തിരുബാല സഖ്യ ഞായർ കളക്ഷനായുള്ള സൗത്ത് ഇന്ത്യൻ ബാങ്കിലെ A124A11HDC എന്ന Virtual അക്കൗണ്ട് നമ്പരിനോടുകൂടി അതത് ഇടവകകൾക്കായി നൽകിയിരിക്കുന്ന കോഡ് നമ്പർകൂടി ചേർത്ത് കഴിവതും വേഗം അയച്ചു തരേണ്ടതാണ്.

Circular No. 217
**Renewal of Parish Council**
**& Pastoral Council**

Catholic Metropolitan's House
P.B. No. 71, Kottayam
Kerala, India-686001

Date: 16-02-2018

പ്രിയ ബഹുമാനപ്പെട്ട അച്ചാ, പ്രിയ ദൈവജനമെ,

ക്രിസ്തുവിൽ വിളിച്ചുകൂട്ടപ്പെട്ടവരുടെ സമൂഹമാണ് സഭ. "നമ്മളെല്ലാവരും ഒരേ ആത്മാവിൽ ഏക ശരീരമാകുവാൻ ജ്ഞാനസ്നാനമേറ്റു"(1 കോറി 12:13). ഒരേ ശരീരത്തിൽ വ്യത്യസ്ത ധർമ്മങ്ങൾ നിർവ്വഹിക്കുന്നവരെങ്കിലും ഒരേ മഹത്വമുള്ളവരും വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നവരുമെന്ന നിലയിൽ മിശിഹായുടെ മൗതിക ശരീരമായ സഭ പടുത്തുയർത്തുന്നതിൽ വൈദികർക്കും സന്യസ്തർക്കും അൽമായ വിശ്വാസികൾക്കും തുല്യ പങ്കാളിത്തമാണുള്ളത് (L.G. 32). മെത്രാന്മാരുടെ അജപാലനത്തിന് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന രൂപതയിൽ രൂപതാദ്ധ്യക്ഷനോട് ചേർന്നുനിന്നുകൊണ്ട് തങ്ങളുടെ ജീവിതാവസ്ഥയ്ക്ക് അനുസൃതമായി ക്രിസ്തീയ ജീവിത ദൗത്യം നിർവ്വഹിക്കുന്നതിന് ഓരോ ക്രൈസ്തവ വിശ്വാസിക്കും കടമയുണ്ട്.

നമ്മുടെ അതിരൂപതയിലെ അജപാലന പ്രവർത്തനങ്ങളിൽ പ്രധാന പങ്കു വഹിക്കുന്ന സഭാ സംവിധാനങ്ങളാണല്ലോ അതിരൂപതാ തലത്തിൽ പാസ്റ്ററൽ കൗൺസിലും ഇടവക തലത്തിൽ പാരിഷ് കൗൺസിലും. അതിരൂപതയുടെയും ഇടവകയുടെയും നാനാവിധത്തിലുള്ള പുരോഗതിക്കുവേണ്ടി സമയവും ആരോഗ്യവും സമ്പത്തും വ്യയം ചെയ്ത് ആത്മാർത്ഥമായി സേവനം അർപ്പിച്ച് കഴിഞ്ഞ മൂന്ന് വർഷത്തെ തങ്ങളുടെ ശുശ്രൂഷ പൂർത്തിയാക്കുന്ന പാസ്റ്ററൽ കൗൺസിൽ, പാരിഷ് കൗൺസിൽ അംഗങ്ങൾക്ക് ഹൃദയപൂർവ്വം നന്ദി പറയുന്നു. 2018-2020 വർഷത്തേക്കുള്ള പുതിയ പാരിഷ് കൗൺസിൽ അംഗങ്ങളെയും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളെയും അതത് നടപടിക്രമം അനുസരിച്ച് തെരഞ്ഞെടുക്കണമെന്ന് അറിയിക്കുന്നു.

പാരിഷ് കൗൺസിൽ രൂപീകരണത്തിന് അതിരൂപതാ നിയമാവലിയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളും തുടർന്ന് നൽകിയിരിക്കുന്ന നിർദ്ദേശങ്ങളും പാലിക്കേണ്ടതാണ് (കോട്ടയം അതിരൂപതാ നിയമ സംഗ്രഹം: പ്രതിനിധിയോഗം Nos 9-12). നമ്മുടെ ഇടവകകളുടെ ഭരണസംവിധാനത്തിൽ ഏറെ പ്രാധാന്യമുള്ള പാരിഷ് കൗൺസിൽ അംഗങ്ങളിൽ ഭൂരിഭാഗവും കൂടാരയോഗങ്ങളിലൂടെ തെരഞ്ഞെടുക്കപ്പെടുന്നവരാണ്. സാധിക്കുന്നിടത്തോളം തെരഞ്ഞെടുപ്പുകൾ പൊതു സമ്മതപ്രകാരം ആയിരിക്കണം. അല്ലെങ്കിൽ സന്നിഹിതരായ അംഗങ്ങളുടെ ഭൂരിപക്ഷത്തിലായിരിക്കണം നടത്തുന്നത്. പ്രതിനിധികളുടെ തെരഞ്ഞെടുപ്പിൽ പാലിക്കേണ്ട ക്രമവും വ്യവസ്ഥകളും താഴെച്ചേർക്കുന്നു.

**1. ഔദ്യോഗികാധികാരം വഴിയുള്ള അംഗങ്ങൾ**

ഇടവക വികാരി, അസിസ്റ്റന്റ് വികാരി, തന്നാണ്ട് കൈക്കാരന്മാർ, ഇടവകയിൽ നിന്നുമുള്ള അതിരൂപതാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, അതിരൂപത അംഗീകരിച്ചിട്ടുള്ള സംഘടനകളുടെ പ്രസിഡന്റുമാർ, സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ.

**2. തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ**

താഴെപ്പറയുന്ന ക്രമപ്രകാരമായിരിക്കണം പ്രതിനിധിയോഗ അംഗങ്ങളുടെ തെരഞ്ഞെടുപ്പ് നടത്തേണ്ടത്.

- ♦ കൂടാരയോഗങ്ങൾ ഇടവകയിലെ കുടുംബങ്ങളുടെ എണ്ണത്തിന് ആനുപാതികമായി 10 ൽ കുറയാതെയും 30 ൽ കൂടാതെയും പ്രതിനിധികളെ തെരഞ്ഞെടുക്കുന്നു. ഓരോ കൂടാര യോഗത്തിന്റെയും പ്രസിഡന്റുമാർ, പാരിഷ് കൗൺസിൽ അംഗങ്ങൾ ആയിരിക്കുന്നത് അഭികാമ്യമാണ്.
- ♦ ഓരോ ഇടവകയിലെയും പ്രതിനിധി യോഗത്തിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിൽ 30 ശതമാനം വനിതകൾ ആയിരിക്കുന്നത് അഭികാമ്യമാണ്. എന്നാൽ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളിൽ സ്ത്രീകളുടെ എണ്ണം 10 ശതമാനത്തിൽ കുറയരുത്.
- ♦ ഇടവകയിലെ സമർപ്പിത സമൂഹത്തിന്റെ പ്രതിനിധി. ഇടവകയിൽ ഒന്നിൽ കൂടുതൽ സമർപ്പിത സമൂഹങ്ങൾ ഉണ്ടെങ്കിൽ അത്തരം സമൂഹങ്ങളുടെ പ്രതിനിധികളുടെ യോഗം ഇടവക വികാരി വിളിച്ചുകൂട്ടി ഒരാളെ തെരഞ്ഞെടുക്കണം.

- ഇടവകയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും ഇടവകാംഗമായ പ്രതിനിധിയെയും ഇടവകയ്ക്ക് മറ്റ് സ്ഥാപനങ്ങൾ ഉണ്ടെങ്കിൽ അവയിൽ നിന്നും ഇടവകാംഗമായ ഒരു പ്രതിനിധിയെയും വികാരി വിളിച്ചുകൂട്ടുന്ന ഒരു മീറ്റിംഗിൽ വച്ച് തെരഞ്ഞെടുക്കേണ്ടതാണ്.

**3. നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങൾ**

ഇടവകയുടെ പുരോഗതിക്ക് സഹായിക്കുന്ന വിവിധ തലങ്ങളിൽ നിന്നുള്ള വിദഗ്ദ്ധരെ ഇടവക വികാരിയുമായി ആലോചിച്ച് ആവശ്യമെങ്കിൽ അതിരൂപതാദ്ധ്യക്ഷൻ നിയമിക്കുന്നു.

കൂടാരയോഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളെയും ഇടവകയിലെ വിവിധ പ്രവർത്തനങ്ങളെ പ്രതിനിധീകരിക്കുന്നവരെയും ഉൾപ്പെടുത്തിയ ലിസ്റ്റ് 2018 മെയ് 15 ന് മുമ്പായി അതിരൂപതാ കൂരിയായിൽ സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്. പുതിയ പാരിഷ് കൗൺസിൽ അംഗങ്ങളുടെ സത്യപ്രതിജ്ഞ 2018 മെയ് 27-ാം തീയതി ഞായറാഴ്ച നടത്തേണ്ടതാണ്. അതിരൂപതയിലെ അജപാലന കമ്മീഷനുകളുടെ പ്രവർത്തനങ്ങൾ ഇടവകതലത്തിൽ ഫലപ്രദമായി പ്രയോജനപ്പെടുത്തുവാൻ ഓരോ പാരിഷ് കൗൺസിൽ അംഗത്തിനും ഓരോ കമ്മീഷന്റെ ചുമതല നൽകണമെന്നും അറിയിക്കുന്നു.

അതിരൂപതയിലെ അജപാലന പ്രവർത്തനങ്ങളെ സംബന്ധിച്ച കാര്യങ്ങളെക്കുറിച്ച് പഠിക്കുന്നതിനും പരിഹരിക്കുന്നതിനും പ്രായോഗിക നിഗമനങ്ങൾ സമർപ്പിക്കുന്നതിനുള്ള ആലോചനാ സമിതിയാണ് (Consultative Body) പാസ്റ്ററൽ കൗൺസിൽ (CCEO cc. 272-275).

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ നിർദ്ദേശങ്ങളും സഭയുടെ പാരമ്പര്യങ്ങളും അടിസ്ഥാനമാക്കി അതിരൂപതയിലെ വൈദികർ, സന്യസ്തർ, അൽമായർ എന്നിവരുടെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെയും സാമൂഹിക സേവന സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സമുദായ സംഘടനകൾ, ഭക്ത സംഘടനകൾ എന്നിവയുടെയും ഇതര സേവന രംഗങ്ങളിലെ പ്രവർത്തകരുടെയും പ്രതിനിധികളെ ഉൾപ്പെടുത്തി സംഘടിപ്പിച്ചിരിക്കുന്ന ഒരു സമിതിയാണ് നമ്മുടെ അതിരൂപതാ പാസ്റ്ററൽ കൗൺസിൽ.

പാസ്റ്ററൽ കൗൺസിലിലേക്ക് ഓരോ ഫൊറോനയിൽ നിന്നും നാല് പ്രതിനിധികളെയാണ് തെരഞ്ഞെടുക്കേണ്ടത്. ഇതിൽ രണ്ടും പേർ പുരുഷന്മാരും രണ്ടുപേർ സ്ത്രീകളുമായിരിക്കണം. അതിനായി ഓരോ ഇടവകയിൽ നിന്നും ഇരുപതോ അതിൽ താഴെയോ അംഗങ്ങളുള്ള പാരിഷ് കൗൺസിലിൽ നിന്നും രണ്ട് പേരെയും ഇരുപതിൽ കൂടുതൽ അംഗങ്ങളുള്ള പാരിഷ് കൗൺസിലിൽ നിന്നും മൂന്ന് പേരെയും തെരഞ്ഞെടുക്കണം. ഓരോ ഇടവകയിൽ നിന്നുമുള്ള പ്രതിനിധികളിൽ ഒരു വനിതയെങ്കിലും ഉണ്ടായിരിക്കണം. ഇപ്രകാരം തെരഞ്ഞെടുക്കപ്പെട്ടവർ മെയ് മാസം 30-ാം തീയതിക്കു മുമ്പായി ഫൊറോന വികാരിയുടെ നേതൃത്വത്തിൽ സമ്മേളിച്ച് നാല് പേരെ പാസ്റ്ററൽ കൗൺസിലിലേക്ക് നാമനിർദ്ദേശം ചെയ്യേണ്ടതാണ്. ഫൊറോനയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്നവരുടെ പേരുകൾ ജൂൺ 10 ന് മുമ്പായി അതിരൂപതാ കൂരിയായിൽ ബഹു. ഫൊറോന വികാരി എത്തിക്കേണ്ടതുമാണ്. പുതുതായി രൂപവത്ക്കരിക്കപ്പെടുന്ന പാസ്റ്ററൽ കൗൺസിലിന്റെ പ്രഥമ യോഗം ജൂലൈ 14-ാം തീയതി ശനിയാഴ്ച രാവിലെ 10.30 ന് ചൈതന്യ പാസ്റ്ററൽ സെന്ററിൽ ചേരുന്നതുമാണ്.

പാരിഷ് കൗൺസിൽ അംഗങ്ങളെയും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളെയും തെരഞ്ഞെടുക്കുമ്പോൾ സഭയോടും സമുദായത്തോടും പ്രതിബദ്ധത ഉള്ളവരെയും ഉറച്ച ക്രൈസ്തവ ബോദ്ധ്യങ്ങളോടെ സഹോദരങ്ങളുടെ നന്മയ്ക്കായി ത്യാഗപൂർവ്വം പ്രവർത്തിക്കുവാൻ സന്നദ്ധതയുള്ളവരെയും തെരഞ്ഞെടുക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മാതൃകാപരമായ കത്തോലിക്കാ ജീവിതം നയിക്കുന്നവരും സഭയുടെ വിവിധ പ്രവർത്തനങ്ങളിൽ താൽപര്യം പ്രകടിപ്പിക്കുന്നവരും തങ്ങളുടെ അഭിപ്രായങ്ങൾ പക്വതയോടെയും വിവേകത്തോടെയും പ്രകടിപ്പിക്കുകയും മറ്റുള്ളവരുടെ അഭിപ്രായങ്ങൾ ആദരിക്കുകയും ചെയ്യുന്നതിന് കഴിവും സന്നദ്ധതയും ഉള്ളവരുമായ നേതാക്കളെ തെരഞ്ഞെടുക്കണം. വിഭാഗീയ ചിന്തകൾക്കോ കക്ഷിതാല്പര്യങ്ങൾക്കോ അവസരം നൽകാതെ പൊതുനന്മ ലക്ഷ്യമാക്കി പ്രവർത്തിക്കുവാൻ സന്നദ്ധതയുള്ളവരെയാണ് തിരഞ്ഞെടുക്കേണ്ടത്. കത്തോലിക്കാ സഭയുടെ വിശ്വാസവും ധാർമ്മിക പ്രബോധനങ്ങളും പാലിക്കുന്നവരും പഠി

പ്പിക്കുന്നവരുമായിരിക്കണം ഇപ്രകാരം തിരഞ്ഞെടുക്കപ്പെടുന്നവർ. നിരീശ്വര പ്രത്യയ ശാസ്ത്രങ്ങൾ വച്ചുപുലർത്തുന്നവരും, അവയോട് ബന്ധം പുലർത്തുന്നവരും, വിശ്വാസവിരുദ്ധ ഗ്രൂപ്പുകളിൽ പ്രവർത്തിക്കുന്നവരും, മദ്യാസക്തിക്ക് അടിമപ്പെട്ടിരിക്കുന്നവരും ഈ ആലോചനാസമിതിയിൽ ഉണ്ടാകാതിരിക്കാൻ പ്രത്യേക ജാഗ്രതയും വിവേകവും പുലർത്തേണ്ടതാണ് (കോട്ടയം അതിരൂപതാ നിയമസംഗ്രഹം: പ്രതിനിധിയോഗം No 6).

അടുത്ത മൂന്ന് വർഷത്തെ നമ്മുടെ ഇടവകകളുടെയും അതിരൂപതയുടെയും വളർച്ചയിൽ നിർണ്ണായകമായ പങ്കുവഹിക്കുവാൻ തെരഞ്ഞെടുക്കപ്പെടുന്ന ഇവരിലൂടെ നമ്മുടെ അതിരൂപതയിലെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ശക്തിയും ചൈതന്യവും ലഭിക്കുവാൻ ദൈവം അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

✠ **മാർ മാത്യു മൂലക്കാട്ട്**
കോട്ടയം അതിരൂപത മെത്രാപ്പോലീത്ത

---

NB: 1. ഈ സർക്കുലർ ഫെബ്രുവരി 25-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ഇടവക ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും വി. കുർബ്ബാന മദ്ധ്യേ വായിച്ചറിയിക്കേണ്ടതാണ്.

Prot. No. 0167/2018

# സർക്കുലർ

മിശിഹായിൽ പ്രിയമുള്ള ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,

ആരാധനക്രമവത്സരമനുസരിച്ച് ദനഹാക്കാലം കഴിഞ്ഞ് നോമ്പുകാലത്തിലേക്ക് നാം പ്രവേശിക്കുകയാണ്. വിദ്യാഭ്യാസം നടത്തുന്ന കുട്ടികളും യുവാക്കളും അവധിക്കാലത്തിലേക്ക് പ്രവേശിക്കുന്ന സമയവുമാണ്. ഈ സന്ദർഭത്തിൽ നമ്മുടെ സഭയുടെ ഒരു പ്രത്യേക ആവശ്യത്തെക്കുറിച്ച് നിങ്ങളോട് പറയാൻ ആഗ്രഹിക്കുന്നു. അത് മറ്റൊന്നുമല്ല, മിഷൻ രൂപതകളിലേക്കുള്ള വൈദികരുടേയും സമർപ്പിതരുടേയും ദൈവവിളിയെക്കുറിച്ചുതന്നെ.

“വിളവധികം വേലക്കാരോ ചുരുക്കം” (മത്താ. 9:37) എന്ന ദിവ്യനാഥന്റെ വാക്കുകൾ നമ്മുടെ സഭയെ സംബന്ധിച്ചും ഇപ്പോൾ കൂടുതൽ അന്വർത്ഥമാണ്. നമ്മുടെ പല മിഷൻ രൂപതകൾക്കും പ്രേഷിതപ്രവർത്തനത്തിന് നേതൃത്വം കൊടുക്കാൻ വേണ്ടത്ര വൈദികരെ ലഭിക്കുന്നില്ല. ഭാരതം മുഴുവനിലും നമുക്ക് അജപാലനപരവും പ്രേഷിതപ്രവർത്തനപരവുമായ സ്വാതന്ത്ര്യം നൽകിക്കൊണ്ട് പരിശുദ്ധ പിതാവ് ഷംഷാബാദ്, ഹൊസൂർ രൂപതകൾ സ്ഥാപിക്കുകയും തക്കല, രാമനാഥപുരം രൂപതകളുടെ അതിർത്തികൾ വിസ്തൃതമാക്കുകയും ചെയ്തിരിക്കുന്നു. ഈ സാഹചര്യത്തിൽ കൂടുതൽ വൈദികരുടേയും സമർപ്പിതരുടേയും ആവശ്യം വർദ്ധിച്ചിരിക്കുകയാണ്.

കേരളത്തിൽ നിന്നുള്ള വൈദികരെ മിഷൻ പ്രദേശങ്ങളിലേക്ക് കൊണ്ടുപോകാൻ പരിശ്രമിക്കുമ്പോൾ പല ബുദ്ധിമുട്ടുകളും നേരിടുന്നു. കേരളത്തിലെ വൈദികർക്ക് മിഷൻ പ്രവർത്തനത്തിനാവശ്യമായ പരിശീലനമില്ലാത്തതിനാൽ ആ മേഖലയിലേക്ക് പോകാൻ പലരും വിസമ്മതിക്കുന്നു. കേരളത്തിലെ അജപാലനശൈലി അപ്പാടെ മിഷൻ രൂപതകളിൽ നടപ്പിലാക്കുക സാധ്യമല്ല. അതാത് പ്രദേശങ്ങളിലെ ഭാഷ പഠിക്കേണ്ട ആവശ്യം വെല്ലുവിളികൾ വർദ്ധിപ്പിക്കുന്നു. അതിനാൽ, സഭയുടെ നേതൃത്വത്തിൽ തന്നെ അർത്ഥി

കളെ സ്വീകരിച്ച് മിഷൻ പരിശീലനം നൽകി വൈദികരായി അഭി ഷേകം ചെയ്യാനുള്ള സംരംഭത്തിന് ഇക്കഴിഞ്ഞ ജനുവരിയിൽ നടന്ന സഭയുടെ സിനഡ് തീരുമാനമെടുത്തു.

അതിൻപ്രകാരം, ഈ വർഷം തന്നെ സെമിനാരി വിദ്യാർത്ഥി കളെ സ്വീകരിച്ച് പരിശീലനം തുടങ്ങാൻ പരിശ്രമിക്കുകയാണ്. നമ്മുടെ രൂപതകളിൽ നിന്ന് മിഷനറി വൈദികരാകാൻ ആഗ്രഹി ക്കുന്ന 10-ാം ക്ലാസ്സോ ഉപരി വിദ്യാഭ്യാസ യോഗ്യതകളോ ഉള്ള കുട്ടികളും യുവാക്കളും മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയാ യിലെ വൊക്കേഷൻ കമ്മീഷനിൽ അപേക്ഷിക്കേണ്ടതാണ്. കമ്മീ ഷൻ സെക്രട്ടറിയോടോ മേജർ ആർച്ച് ബിഷപ്പിനോടോ നേരിട്ട് ബ ന്ധപ്പെടാവുന്നതുമാണ്. കമ്മീഷൻ സെക്രട്ടറിയുടെ അഡ്രസ്സും ഫോൺ നമ്പറും ഇമെയിലും താഴെ കൊടുക്കുന്നു. ബഹുമാനപ്പെട്ട വികാരിയച്ചന്മാരും സമർപ്പിതരും കുട്ടികളെ വേണ്ടത്ര പ്രോൽസാ ഹിപ്പിച്ച് നമ്മുടെ സഭയുടെ മിഷൻ പ്രവർത്തനങ്ങളെ പരിപോഷിപ്പി ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈ സദുദ്യമത്തിന് സഹകരിക്കുന്ന എല്ലാവരെയും വിളവിന്റെ നാഥൻ സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

ഈശോയിൽ സസ്നേഹം,

**കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്

Fr. Sebastian Muttamthottil, MCBS
Secretary, Commission for Vocation
Syro-Malabar Major Archiepiscopal Curia
Mount St. Thomas, Kakkanad, P.B. No. 3110,
Kochi - 682 030 - India
Mob: +91 9495772184
Email: smcvocationcommission@gmail.com

# അജപാലന കേന്ദ്ര പ്രോഗ്രാമുകൾ

# CHAITHANYA PROGRAMME

## March 2018

| Date | Programme |
|---|---|
| 01-03 | KSSS GVS Auditing |
| 02 | KSSS CBR Ophthalmology Camp |
| 03 | KART Mentors Meeting |
| 06 | KSSS Animators' Meeting |
| 08 | KSSS Women's Day |
| 09 | Legion of Mary - Meet |
| 09-15 | KSSS Tailoring Training |
| 10 | Vincent DePaul Retreat |
| 13 | Bi-monthly Recollection of Rev. Priests |
| 16-17 | KCWA Leadership Camp |
| 16 | AYUSH Meet |
| 17 | KSSS Coordinators' Meeting |
| 18 | 3rd Order Meeting |
| 21 | KSSS CBR CRC |
| 22 | KSSS World Water Day Observation |
| 24 | KSSS Coordinators' Meeting |
| 25 | KCYL - Sister Advisors, Directors Meet |

# അതിരൂപതാ പാസ്റ്ററൽ കമ്മീഷൻസ്

## ചൈതന്യ കമ്മീഷൻസ് പ്രോഗ്രാം കലണ്ടർ

| തീയതി | പ്രോഗ്രാം | സ്ഥലം |
|---|---|---|
| **ഫെബ്രുവരി** | | |
| മൊർച്ച് 9 | ലീജിയൻ ഓഫ് മേരി- മാർച്ച് സമ്മേളനം | ചൈതന്യ |
| മാർച്ച് 10 | വിൻസെൻ്റ് ഡി പോൾ ധ്യാനം | ചൈതന്യ |
| മാർച്ച് 13 | വൈദികരുടെ മാസധ്യാനം | ചൈതന്യ |
| മാർച്ച് 16 - 17 | കെ.സി.ഡബ്ല്യു.എ ലീഡർഷിപ്പ് ക്യാമ്പ് | ചൈതന്യ |
| മാർച്ച് 18 | ഫ്രാൻസിസ്കൻ 3rd ഓർഡർ മീറ്റിംഗ് | ചൈതന്യ |
| മാർച്ച് 26 - 28 | വിവാഹ ഒരുക്ക സെമിനാർ | തൂവാനീസ |
| **ഏപ്രിൽ** | | |
| ഏപ്രിൽ 2 - 28 | എഫ്ഫാത്ത | തൂവാനീസ |
| ഏപ്രിൽ 12 - 14 | വിവാഹ ഒരുക്ക സെമിനാർ | തൂവാനീസ |
| ഏപ്രിൽ 29 - മെയ് 8 | സീലോഹേ | തൂവാനീസ |
| ഏപ്രിൽ 16 - 18 | ദൈവവിളി ക്യാമ്പ് (പെൺകുട്ടികൾ) | ബറുമറിയം |
| ഏപ്രിൽ 16 - 18 | ദൈവവിളി ക്യാമ്പ് (ആൺകുട്ടികൾ) | ചൈതന്യ |
| ഏപ്രിൽ 19 - 21 | ദൈവവിളി ക്യാമ്പ് (പെൺകുട്ടികൾ) | ചൈതന്യ |
| ഏപ്രിൽ 9 - 21 | ദൈവവിളി ക്യാമ്പ് (ആൺകുട്ടികൾ) | ബറുമറിയം |

# വിശ്വാസ പരിശീലന കമ്മീഷൻ

## പേപ്പർ വാല്യുവേഷൻ

X, XII ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന മുഴുവൻ അദ്ധ്യാപകരെയും ഉൾപ്പെടുത്തി ഫെബ്രുവരി, 17, 18, 25, 26 തീയതികളിൽ പേപ്പർ വാല്യുവേഷൻ ക്യാമ്പ് സംഘടിപ്പിച്ചു.

## I മുതൽ IX വരെ ക്ലാസ്സുകൾക്ക് പരീക്ഷ

I മുതൽ IX വരെ ക്ലാസ്സുകൾക്ക് രണ്ടാം സെമസ്റ്റർ പരീക്ഷ **ഏപ്രിൽ 2-ാം തീയതി തിങ്കളാഴ്ച** രാവിലെ 10 മുതൽ 12 വരെ ആയിരിക്കും നടത്തപ്പെടുക. പരീക്ഷയ്ക്കുള്ള ചോദ്യക്കടലാസുകൾ **മാർച്ച് 26** ന് മുമ്പ് അതാത് ഫൊറോന സെന്ററുകളിൽ എത്തിക്കുന്നതാണ്. ഉത്തരം എഴുതുന്നതിനാവശ്യമായ പേപ്പറുകൾ കുട്ടികൾ കൊണ്ടുവരേണ്ടതാണ്.

## വിശ്വാസവിരുന്ന്

വിശ്വാസ വിരുന്ന് ഏപ്രിൽ 3 മുതൽ 7 വരെ തീയതികളിൽ നടത്തപ്പെടുന്നു.

ഓരോ ഫൊറോനായിലെയും പള്ളികൾ വിശ്വാസവിരുന്നിന്റെ പുസ്തകങ്ങൾ ഓഫീസിൽ നിന്നും വാങ്ങിക്കേണ്ടതിന്റെ തീയതി താഴെ കുറിക്കുന്നു. പുസ്തകവിതരണത്തിന്റെ സൗകര്യാർത്ഥം തന്നിരിക്കുന്ന തീയതികളിൽ മാത്രമേ പുസ്തകം വാങ്ങുന്നതിനായി ഓഫീസിൽ വരാവൂ എന്ന് സ്നേഹപൂർവ്വം അറിയിക്കുന്നു.

20-03-2018 - ചുങ്കം, ഉഴവൂർ, പടമുഖം
21-03-2018 - കടുത്തുരുത്തി, പിറവം, കൈപ്പുഴ
22-03-2018 - ഇടയ്ക്കാട്ട്, കിടങ്ങൂർ

വിശ്വാസ വിരുന്നിലെ കുട്ടികളുടെ ഭാഗഭാഗിത്വം പ്രൊമോഷന് നിർബന്ധിത മാനദണ്ഡമായിരിക്കും. വിശ്വാസ വിരുന്നിന് 40% മാർക്ക് കിട്ടിയവർക്കു മാത്രമേ മേൽ ക്ലാസ്സുകളിലേക്ക് പ്രവേശനത്തിന് അർഹതയുണ്ടായിരിക്കൂ. X-ാം ക്ലാസ്സിലെ കുട്ടികളുടെ വിശ്വാസ വിരുന്നിന്റെ മാർക്ക് **ഏപ്രിൽ 16-ാം തീയതി**ക്കു മുമ്പായി വിശ്വാസ

പരിശീലന ഓഫീസിൽ ലഭിച്ചാൽ മാത്രമേ റിസൾട്ട് പ്രസിദ്ധീകരിക്കുകയുള്ളൂ. വിശ്വാസ വിരുന്നിനുള്ള മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളും അദ്ധ്യാപക സഹായിയും പ്രയോജനപ്പെടുത്തുമല്ലോ. X, XII ക്ലാസ്സുകളിലെ പരീക്ഷയുടെ റിസൾട്ട് **ഏപ്രിൽ 30** ന് പ്രസിദ്ധീകരിക്കുന്നതാണ്.

ഏപ്രിൽ 3 മുതൽ 7 വരെയുള്ള ദിവസങ്ങളിലെ വിശ്വാസവിരുന്നിൽ പങ്കെടുക്കാത്ത ICSC, CBSE പരീക്ഷകൾ എഴുതുന്ന കുട്ടികൾക്ക് വിശ്വാസ വിരുന്നിന്റെ ബുക്ക് കൊടുത്ത് അവധിക്കാലത്ത് കുട്ടികൾ വർക്കുകൾ സ്വയം ചെയ്ത് അദ്ധ്യാപകർ പിന്നീട് പരിശോധിച്ച് അതിന്റെ അടിസ്ഥാനത്തിൽ വേണം പ്രൊമോഷൻ നടത്തേണ്ടത് എന്ന കാര്യം ഓർമ്മിപ്പിക്കുന്നു.

## XI , XII ക്ലാസ്സുകളിലെ സ്പെഷൽ കോഴ്സ്

XI , XII ക്ലാസ്സുകളിലെ സ്പെഷൽ കോഴ്സിൽ എല്ലാ കുട്ടികളും നിർബന്ധമായി പങ്കെടുക്കേണ്ടതാണ്. കോഴ്സിൽ പൂർണ്ണമായും സംബന്ധിക്കുന്നവർക്ക് മാത്രമേ HCC II സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളു. **സീലോഹേ** (XII -ാം ക്ലാസ്സ്) **കോഴ്സുകൾ** ഉച്ചകഴിഞ്ഞ് 3 മണിക്ക് ആരംഭിച്ച് അവസാന ദിവസം വൈകുന്നേരം 4 മണിക്ക് അവസാനിക്കും. കോഴ്സ് ഫീസ് **300/-** രൂപയായിരിക്കും. **എഫ്ഫാത്ത** (XI -ാം ക്ലാസ്സ്) **കോഴ്സുകൾ** ഉച്ചകഴിഞ്ഞ് 3 മണിക്ക് ആരംഭിച്ച് അവസാന ദിവസം രാവിലെ 10 മണിക്ക് അവസാനിക്കും. കോഴ്സ് ഫീസ് **500/-** രൂപയായിരിക്കും. കോഴ്സിൽ സംബന്ധിക്കുന്നവർ വികാരിയച്ചന്റെ കത്തുമായി കൃത്യസമയത്ത് കോതനല്ലൂരിലുള്ള തൂവാനിസ പ്രാർത്ഥനാലയത്തിൽ എത്തേണ്ടതാണ്. കോഴ്സിന്റെ ക്രമീകരണം താഴെ ക്കൊടുത്തിരിക്കുന്ന പ്രകാരമായിരിക്കും.

### *EPHATHA - XI*
### *SILOHEI - XII*

**BATCH 1 - EPHATHA April 2nd (3.00 Pm) - April 5th (10 am)**

**SILOHEI April 29th (3.00 Pm) - April 30th (4 pm)**

Neendoor, Kidangoor, Maridom, Areekara, Puthuvely, Ernakulam,

Chunkom, Eravimangalam, Muttom, Kumarakom, Samkranthi, East Nattassery, Caritas, Padamugham Forane

**BATCH 2 - EPHATHA April 6th (3.00 Pm) - April 10th (10am)**

**SILOHEI May 1st (3.00 Pm) - May 2nd (4pm)**

Ettumanoor, Chamakala, Mattakara, Cherpunkal, Amanakara, Edakoly, Piravom, Kuruppanthara, Kaduthuruthy, Mrala, Parambancherry, Varapetty, Cathedral, Olessa

**BATCH 3- EPHATHA April 17th (3.00 Pm) - April 20th (10 am)**

**SILOHEI May 3rd (3.00 Pm) - 4th May (4 pm)**

Kallara old, Palathuruthu, Koodalloor, Uzhavoor, Karipadam, Kallara New, Marika, Neericadu, Makudalayam, Malloossery, Vadakummury

**BATCH 4 - EPHATHA April 21st (3.00 Pm) - April 24th (10 am)**

**SILOHEI May 5th (3.00 Pm) - 6th May (4 pm)**

Kaipuzha, Punnathura, Veliyanoor, Chettukulam, Mankidappally, Velloor, Pazhuthuruthu, Poozhikol, Memmury, Arunootimangalam, Peroor, Pachira, Malankara Forane

**BATCH 5 - EPHATHA April 25th (3.00 Pm) - April 28th (10 am)**

**SILOHEI 7th May (3.00 Pm) - 8th May (4 pm)**

Kurumulloor, Mannanam, Cherukara, Kattachira, Monipally, Pius Mount, Ramamangalam, Njeezhoor, Kothanalloor, Thottara, Karimkunnam, Manakad, S.H Mount, Vakathanam. Kannamkara, Charamangalam, Veliyanadu

## ഇന്റൻസീവ് കോഴ്സ്

2017-2018 അദ്ധ്യയന വർഷത്തിൽ XI, XII ക്ലാസ്സുകളിൽ പഠിക്കാൻ ആഗ്രഹിക്കുകയും, എന്നാൽ തികച്ചും ന്യായമായ കാരണങ്ങളാൽ 70% ഹാജർ ഇല്ലാതെ ജനുവരി 28-ാം തീയതിയിലെ പരീക്ഷ എഴുതാൻ സാധിക്കാതെ വരികയും ചെയ്ത കുട്ടികൾക്കായുള്ള ഇന്റൻസീവ് കോഴ്സ് മെയ് മാസം 7, 8, 9, 10 തീയതികളിൽ ചൈതന്യ

പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നതാണ്. കോഴ്സ് 7-ാം തീയതി ഉച്ചകഴിഞ്ഞ് 4 മുതൽ 10-ാം തീയതി വൈകുന്നേരം 5 മണി വരെയായിരിക്കും. കോഴ്സ് ഫീസ് 1250 രൂപയാണ്. കോഴ്സിൽ പങ്കെടുക്കേണ്ടവർ മാർച്ച് 28 ന് മുമ്പായി വിശ്വാസ പരിശീലന ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യണം. കോഴ്സിൽ സംബന്ധിക്കുന്നവർ ബെഡ് ഷീറ്റ് കൊണ്ടുവരേണ്ടതാണ്. HCC II സർട്ടിഫിക്കറ്റ് ലഭിക്കാൻ, മറ്റ് കുട്ടികൾക്കും ബാധകമായ സ്പെഷൽ കോഴ്സ്, പ്രബന്ധം, തൂവാനീസായിൽ വച്ച് നടക്കുന്ന സ്പെഷൽ കോഴ്സ് എന്നിവ നിർബന്ധമാണ്. ബഹു. വികാരിയച്ചന്റെ കത്തുമായി വരുന്നവർക്കു മാത്രമേ കോഴ്സിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളു. പങ്കെടുക്കുന്നവർ തൂവാനീസായിലെ ഡയറക്ടറുമായി മാർച്ച് 25 ന് മുമ്പ് ബന്ധപ്പെട്ട് സീറ്റ് ഉറപ്പിക്കണം. ഇന്റൻസീവ് കോഴ്സിൽ പങ്കെടുക്കുന്നവർക്കായുള്ള പരീക്ഷയും X, XII ക്ലാസ്സുകാർക്കുള്ള Say പരീക്ഷയും ഏറ്റുമാനൂർ സൺഡേ സ്കൂളിൽ വച്ച് മെയ് 13-ാം തീയതി ഉച്ചകഴിഞ്ഞ് 1.30 മുതൽ 4.30 വരെയായിരിക്കും നടത്തപ്പെടുക.

**റവ. ഡോ. ജിജോ നെല്ലിക്കാകണ്ടത്തിൽ**
ചെയർമാൻ

# കരിസ്മാറ്റിക് കമ്മീഷൻ

## ജാഗരണ പ്രാർത്ഥന

എല്ലാ വെള്ളിയാഴ്ചകളിലും രാത്രി 7 മണിമുതൽ രാവിലെ 1 മണി വരെ തൂവാനീസായിൽ ജാഗരണ പ്രാർത്ഥന നടത്തപ്പെടുന്നു.

## മധ്യസ്ഥ പ്രാർത്ഥന

എല്ലാ ബുധനാഴ്ചകളിലും രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1 മണിവരെ തൂവാനീസായിൽ മധ്യസ്ഥ പ്രാർത്ഥന നടത്തി വരുന്നു.

**ഫാ. ജിബിൽ കുഴിവേലിൽ**
ചെയർമാൻ

# ഫാമിലി കമ്മീഷൻ

## വിവാഹ ഒരുക്ക സെമിനാർ

മാർച്ച് മാസത്തെ വിവാഹ ഒരുക്ക സെമിനാർ മാർച്ച് 26, 27, 28 തീയതികളിൽ കോതനെല്ലൂർ തൂവാനിസ പ്രാർത്ഥനാലയത്തിൽ നടത്തപ്പെടുന്നു.

## പ്രൊ – ലൈഫ് വാരാചരണം

പ്രൊ-ലൈഫ് വാരാചരണം മാർച്ച് 19 ന് ഇടവകതലത്തിൽ സംഘടിപ്പിക്കുന്നു.

## വിദ്യാർത്ഥികൾക്കായി സെമിനാർ

ഫാമിലി കമ്മീഷന്റെയും വിശ്വാസ പരിശീലന കമ്മീഷന്റെയും സംയുക്താഭിമുഖ്യത്തിൽ പ്ലസ് ടു വിദ്യാർത്ഥികൾക്കായി കൗമാര ലൈംഗിക വിദ്യാഭ്യാസത്തെക്കുറിച്ചുള്ള സെമിനാർ ഏപ്രിൽ 29 മുതൽ മെയ് 8 വരെ കോതനെല്ലൂർ തൂവാനിസ പ്രാർത്ഥനാലയത്തിൽ സംഘടിപ്പിക്കുന്നു.

**ഫാ. ബ്രസൻ ഒഴുങ്ങാലിൽ**
ചെയർമാൻ

# ലിറ്റർജി കമ്മീഷൻ

## ദൈവാലയ ശുശ്രൂഷികൾക്കായുള്ള ധ്യാനം

നമ്മുടെ അതിരൂപതയിലെ എല്ലാ ദൈവാലയ ശുശ്രൂഷികൾക്കായുള്ള (കപ്യാർ) ഏകദിന ധ്യാനം **മാർച്ച് 10-ാം തീയതി ശനിയാഴ്ച** കോതനെല്ലൂർ തൂവാനിസ ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തപ്പെടുന്നു. രാവിലെ 10 മണിക്ക് ആരംഭിച്ച് ഉച്ചകഴിഞ്ഞ് 3 മണിക്ക് ധ്യാനം അവസാനിക്കുന്നതാണ്.

**റവ. ഡോ. ജിജോ നെല്ലിക്കാകണ്ടത്തിൽ**
ചെയർമാൻ

# പയസ് അസോസിയേഷൻസ്

## ചെറുപുഷ്പ മിഷൻലീഗ്

### മിഷൻ ഞായർ

സീറോ മലബാർ മിഷൻ ഞായർ ആചരണം ജനുവരി 7 മുതൽ 13 വരെ നടത്തപ്പെട്ടു.

### ക്വിസ് മത്സരം

ഏപ്രിൽ 9-ാം തീയതി തിങ്കളാഴ്ച ഉഴവൂർ ശാഖയിൽ വച്ച് രാവിലെ 10 മണിക്ക് അഭിവന്ദ്യ മാർ കുര്യേക്കോസ് കുന്നശ്ശേരി പിതാവിന്റെ സ്മരണ നിലനിർത്തുവാനായി ക്വിസ് മത്സരവും റാലിയും സംഘടിപ്പിക്കുന്നു.

**ഫാ. ജോബി പുച്ചൂകണ്ടത്തിൽ**
ഡയറക്ടർ

## സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റി

### ഭാരവാഹികൾക്ക് ശില്പശാല

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി കോട്ടയം സെൻട്രൽ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ കോൺഫറൻസ് ഭാരവാഹികൾക്കായി ശില്പശാല 2018 ഫെബ്രുവരി 18-ാം തീയതി തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിലും 25-ാം തീയതി മാറിക സെന്റ് ആന്റണീസ് പള്ളിയിലും വെച്ച് സംഘടിപ്പിച്ചു. വിവിധ കോൺഫറൻസിലെ ഭാരവാഹികൾ ഈ ശില്പശാലയിൽ പങ്കെടുത്തു.

മലബാർ മേഖലയിലെ ഭാരവാഹികൾക്കായി 2018 മാർച്ച് 3-ാം തീയതി രാജപുരത്തും മാർച്ച് 4-ാം തീയതി പയ്യാവൂരും മാർച്ച് 5 -ാം തീയതി മാനന്തവാടി പാവന പാസ്റ്ററൽ സെന്ററിൽ വെച്ചും നടത്തുന്നതാണ്.

### വാർഷിക ധ്യാനം

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി അംഗങ്ങൾക്കായുള്ള വാർഷിക ധ്യാനം മാർച്ച് 10-ാം തീയതി തെള്ളകം ചൈതന്യ

പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. രാവിലെ 9 മണിക്ക് ജപ മാലയോടെയാണ് ധ്യാനം ആരംഭിക്കുന്നത്. ധ്യാനത്തോടനുബന്ധിച്ച് കുരിശിന്റെ വഴിയും ദിവ്യബലിയും ഉണ്ടായിരിക്കുന്നതാണ്.

**കെ. ജെ. ജോസ്**
പ്രസിഡന്റ്

# ലീജിയൻ ഓഫ് മേരി

## കമ്മീസിയം മീറ്റിംഗ് നടത്തപ്പെട്ടു

കോട്ടയം അതിരൂപതയിലെ ലീജിയൻ ഓഫ് മേരി സംഘടന യുടെ ആഭിമുഖ്യത്തിൽ എല്ലാ മാസവും നടത്തിവരാറുള്ള കമ്മീ സിയം മീറ്റിംഗ് ജനുവരി 9-ാം തീയതി ചൊവ്വാഴ്ച ചൈതന്യ പാസ്റ്റ റൽ സെന്ററിൽ സംഘടിപ്പിച്ചു.

## മാർച്ച് സമ്മേളനം

എല്ലാവർഷവും മാർച്ച് 25 ന് മുമ്പായി നടത്തിവരാറുള്ള ലീജി യൻ ഓഫ് മേരി സംഘടനയുടെ അതിരൂപതാതല വാർഷിക പൊതു സമ്മേളനവും സൈനിക പ്രതിഷ്ഠാ ചടങ്ങും 2018 മാർച്ച് 9-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ 3.30 വരെ ചൈതന്യ പാസ്റ്റ റൽ സെന്ററിൽ സംഘടിപ്പിക്കുന്നു.

**ഫാ. ജോസ് കുറുപ്പന്തറയിൽ**
സ്പിരിച്ചൽ ഡയറക്ടർ

# തിരുബാല സഖ്യം

## തിരുബാലസഖ്യം കോട്ടയം അതിരൂപത വാർഷികം സംഘടിപ്പിച്ചു

തിരുബാലസഖ്യം സംഘടനയുടെ കോട്ടയം അതിരൂപത വാർഷിക സമ്മേളനം ഉഴവൂർ ഇടക്കോലി സെന്റ് ആൻസ് ദൈവാ ലയത്തിൽ സംഘടിപ്പിച്ചു. പൊതുസമ്മേളനത്തിന്റെ ഉദ്ഘാടനം കോട്ടയം അതിരൂപത വികാരി ജനറാൾ ഫാ. മൈക്കിൾ വെട്ടിക്കാട്ട് നിർവ്വഹിച്ചു. തിരുബാലസഖ്യം ഡയറക്ടർ ഫാ. ജിജോ നെല്ലിക്കാ

കണ്ടത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഉഴവൂർ ഫൊറോന വികാരി ഫാ. തോമസ് പ്രാലേൽ അനുഗ്രഹപ്രഭാഷണം നടത്തി. ഫാ. ജോസ് തേക്കുനിൽക്കുന്നതിൽ, മത്തച്ചൻ കവുങ്ങുംപാറയിൽ, ഡൈഗോ, സി. സമീന എസ്.ജെ.സി എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തിൽ അതിരൂപതയിലെ മികച്ച തിരുബാലസഖ്യം യൂണിറ്റുകളായി തിരഞ്ഞെടുക്കപ്പെട്ട ഇടക്കോലി, പിറവം, കരിങ്കുന്നം ഇടവകകൾക്കുള്ള സമ്മാനദാനം കോട്ടയം അതിരൂപത വികാരി ജനറാൾ ഫാ. മൈക്കിൾ വെട്ടിക്കാട്ട് നിർവ്വഹിച്ചു.

**ഫാ. ജിജോ നെല്ലിക്കാകണ്ടത്തിൽ**
ഡയറക്ടർ

# കെ.സി.എസ്.എൽ

## കെ.സി.എസ്.എൽ കോട്ടയം അതിരൂപത വാർഷികം സംഘടിപ്പിച്ചു

കോട്ടയം അതിരൂപത കെ.സി.എസ്.എൽ സംഘടനയുടെ 2017-18 വർഷത്തെ വാർഷിക സമ്മേളനം കിടങ്ങൂർ സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ നടത്തപ്പെട്ടു. വാർഷിക സമ്മേളനത്തിന്റെ ഉദ്ഘാടനം ഏറ്റുമാനൂർ മുനിസിപ്പൽ ചെയർമാൻ ജോയി മന്നാമല നിർവ്വഹിച്ചു. സമ്മേളനത്തിൽ കിടങ്ങൂർ സെന്റ് മേരീസ് ചർച്ച് ഫൊറോന വികാരി ഫാ. എൻ. ഐ മൈക്കിൾ അദ്ധ്യക്ഷത വഹിച്ചു. കിടങ്ങൂർ സെന്റ് മേരീസ് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ബാബു പറമ്പടത്തുമലയിൽ ആശംസ അർപ്പിച്ചു. കെ.സി.എസ്.എൽ കോട്ടയം അതിരൂപത ഡയറക്ടർ ഫാ.ജിജോ നെല്ലിക്കാകണ്ടത്തിൽ, സി. വിമൽ എസ്.ജെ.സി, ജോസ് ഇടശ്ശേരിൽ എന്നിവർ പ്രസംഗിച്ചു.

സമ്മേളനത്തോടനുബന്ധിച്ച് കെ.സി.എസ്.എൽ സംഘടനയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച വിവിധ കലാ സാഹിത്യ മത്സരങ്ങളിൽ വിജയികളായവർക്കുള്ള സമ്മാന വിതരണം കെ.സി.എസ്.എൽ അതിരൂപത ഡയറക്ടർ ഫാ. ജിജോ നെല്ലിക്കാകണ്ടത്തിൽ നിർവ്വഹിച്ചു. ഹൈസ്കൂൾ വിഭാഗത്തിൽ കിടങ്ങൂർ സെന്റ് മേരീസ് ഹയർ സെക്കൻഡി സ്കൂളും യു. പി വിഭാഗത്തിൽ കിടങ്ങൂർ സെന്റ് മേരീസ് ഹയർ സെക്കൻഡി സ്കൂളും ഓവർ ഓൾ കിരീടം കരസ്ഥ

മാക്കി. കോട്ടയം അതിരൂപതയിലെ ഹൈസ്കൂൾ വിഭാഗത്തിൽ മികച്ച യൂണിറ്റായി കിടങ്ങൂർ സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളും യു. പി വിഭാഗത്തിൽ കുറുമുള്ളൂർ സെന്റ് തോമസ് യു. പി സ്കൂളും തെരഞ്ഞെടുക്കപ്പെട്ടു.

**ഫാ. ജിജോ നെല്ലിക്കാകണ്ടത്തിൽ**
ഡയറക്ടർ

# കെ. സി. വൈ.എൽ.

## അത്മായസംഘടന നേതൃസംഗമവും ഏകദിന പഠനശിബിരവും

അതിരൂപത അത്മായ സംഘടനകളായ കെ.സി.വൈ.എൽ, കെ.സി.സി, കെ.സി.ഡബ്ല്യു.എ എന്നിവയുടെ നേതൃസംഗമം 2018 ഫെബ്രുവരി 13 -ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണി മുതൽ വൈകുന്നേരം 4 മണി വരെ ചൈതന്യയിൽ സംഘടിപ്പിച്ചു.

**റ്റിജിൻ ചേന്നാത്ത്**
സെക്രട്ടറി

# വൊക്കേഷൻ കമ്മീഷൻ

## ദൈവവിളി ക്യാമ്പ്

കോട്ടയം അതിരൂപത വൊക്കേഷൻ കമ്മീഷന്റെ നേതൃത്വത്തിൽ ദൈവവിളി ക്യാമ്പ് സംഘടിപ്പിക്കുന്നു. ഏപ്രിൽ 16 മുതൽ 18 വരെ പെൺകുട്ടികൾക്കായി കണ്ണൂർ ബറുമറിയം പാസ്റ്ററൽ സെന്ററിലും ആൺകുട്ടികൾക്കായി തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിലും ഏപ്രിൽ 19 മുതൽ 21 വരെ പെൺകുട്ടികൾക്കായി തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിലും ആൺകുട്ടികൾക്കായി കണ്ണൂർ ബറുമറിയം പാസ്റ്ററൽ സെന്ററിലും ക്യാമ്പുകൾ സംഘടിപ്പിക്കുന്നു.

**ഫാ. ബിബി തറയിൽ**
ചെയർമാൻ

# സോഷ്യൽ ആക്ഷൻ കമ്മീഷൻ

## കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി (KSSS)

## വികസന പാതയിൽ വരുംദിനങ്ങളിൽ

### വനിതാദിനാഘോഷം - ഒരുക്കങ്ങൾ പൂർത്തിയായി

അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മാർച്ച് 8 വ്യാഴാഴ്ച തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ വിപുലമായ പരിപാടികളോടെ സംഘടിപ്പിക്കുന്ന വനിതാ ദിനാഘോഷങ്ങളുടെ ഒരുക്കങ്ങൾ പൂർത്തിയായി. ദിനാഘോഷത്തോടനുബന്ധിച്ച് പുതുമയാർന്ന മത്സരങ്ങൾ, സ്ത്രീശാക്തീകരണ സെമിനാർ, മത-സാമൂഹ്യ-രാഷ്ട്രീയ-സാംസ്ക്കാരിക രംഗത്തെ പ്രമുഖർ പങ്കെടുക്കുന്ന പൊതുസമ്മേളനം മാതൃകാ വനിതാ പ്രവർത്തകരെ ആദരിക്കൽ എന്നിവയാണ് ക്രമീകരിച്ചിരിക്കുന്നത്. വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 1.15 ന് ചൈതന്യയിലാണ് ദിനാഘോഷങ്ങൾക്ക് തുടക്കമാവുക.

### ചാക്കിലോട്ട മത്സരം വനിതാദിനത്തിൽ

കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ മാർച്ച് 8 ന് തെള്ളകം ചൈതന്യയിൽ സംഘടിപ്പിക്കുന്ന വനിതാദിനാഘോഷങ്ങളോടനുബന്ധിച്ച് സ്വാശ്രയസംഘ വനിതകൾക്കായി ചാക്കിലോട്ട മത്സരം സംഘടിപ്പിക്കുന്നു. മേഖലയിൽ നിന്നും ഒരു വനിതയാണ് മത്സരത്തിൽ പങ്കെടുക്കേണ്ടത്. സി.ബി.ആർ വിഭാഗത്തിനും പങ്കാളിത്ത അവസരം ഉണ്ടായിരിക്കുന്നതാണ്. വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 1.30നായിരിക്കും മത്സരം നടത്തപ്പെടുക.

### വനിതാദിനത്തിൽ സോളാർ റാന്തൽ വിളക്കുകളുടെ വിതരണവും സർവ്വീസിംഗും

അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന വനിതാദിനാഘോഷങ്ങളുടെ ഭാഗമായി സോളാർ റാന്തൽ വിളക്കുകളുടെ വിതരണവും സർവ്വീസിംഗും ക്രമീകരിച്ചിട്ടുണ്ട്. സി.എഫ്.എൽ സോളാർ വിളക്കുകളാണ്

ലഭ്യമാക്കുന്നത്. സ്വാശ്രയസംഘാംഗങ്ങൾക്ക് 2800 രൂപയ്ക്കാണ് സി.എഫ്.എൽ സോളാർ റാന്തൽ വിളക്കുകൾ ലഭ്യമാക്കുക. സി. എഫ്.എൽ സോളാർ വിളക്കുകൾ വാങ്ങാൻ ആഗ്രഹിക്കുന്നവർ അനിമേറ്ററുടെ പക്കൽ മുഴുവൻ തുകയും അടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പേര് രജിസ്റ്റർ ചെയ്യുന്നവർക്ക് വനിതാദിനത്തിൽ സോളാർ റാന്തൽ വിളക്കുകൾ ലഭ്യമാക്കുന്നതാണ്. കൂടാതെ അന്നേ ദിവസം സോളാർ സർവ്വീസിംഗും ഉണ്ടായിരിക്കുന്നതാണ്.

## ജല – വനവത്ക്കരണ ദിനാചരണങ്ങൾ ചൈതന്യയിൽ

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ഇടയ്ക്കാട് മേഖലയുടെ നേതൃത്വത്തിൽ ജലദിനാചരണവും വനവത്ക്കരണ ദിനാചരണവും സംക്തമായി മാർച്ച് 22 വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ചൈതന്യയിൽ സംഘടിപ്പിക്കുന്നു. ശുദ്ധവായു, ശുദ്ധജലം എന്നിവ പ്രദാനം ചെയ്യുകയും കാലാവസ്ഥ വ്യതിയാനത്തിൽ നിർണ്ണായക പങ്കുവഹിക്കുകയും ചെയ്യുന്ന ഹരിതവൃഷങ്ങളുടെ വ്യാപനവും ജീവന്റെ നിലനില്പിന് ആധാരമായ ജലത്തിന്റെ സംരക്ഷണവും മിതഉപയോഗവും സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായാണ് ദിനാചരണം സംഘടിപ്പിച്ചിരിക്കുന്നത്. ദിനാചരണത്തോടനുബന്ധിച്ച് നടത്തപ്പെടുന്ന പൊതുസമ്മേളനത്തിൽ മത, സാമൂഹ്യ, സാംസ്ക്കാരിക, രാഷ്ട്രീയ രംഗങ്ങളിലെ പ്രമുഖർ പങ്കെടുക്കും. കൂടാതെ സെമിനാറും നടത്തപ്പെടും.

## ശാസ്ത്രീയ തയ്യൽ തൊഴിൽ പ്രോത്സാഹന പദ്ധതിയുമായി കെ. എസ്. എസ്. എസ്

തയ്യൽ തൊഴിൽ പ്രോത്സാഹനത്തിലൂടെ വരുമാന സാധ്യതകളും സ്വയം തൊഴിൽ പ്രോത്സാഹനവും സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി ഉഷ ഇന്റർനാഷണൽ ലിമിറ്റഡുമായി സഹകരിച്ച് തയ്യൽ തൊഴിൽ പ്രോത്സാഹന പദ്ധതി നടപ്പിലാക്കുന്നു. കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ കടുത്തുരുത്തി, ഉഴവൂർ, ചുങ്കം മേഖലകളിൽ നിന്നുള്ള വനിതാ സ്വാശ്രയസംഘാംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന തിരഞ്ഞെ

ടുക്കപ്പെട്ട 15 വനിതകൾക്കാണ് പദ്ധതിയുടെ ഭാഗമായി സൗജന്യ തയ്യൽ പരിശീലനവും തയ്യൽ മെഷീനും ലഭ്യമാക്കുന്നത്. മാർച്ച് 9 മുതൽ 15 വരെ ചൈതന്യയിലാണ് പരിശീലനം ക്രമീകരിച്ചിരിക്കുന്നത്. മെഷീൻ റിപ്പയറിംഗ്, തുണിസഞ്ചി, തുണികൊണ്ടുള്ള കരകൗശലവസ്തുക്കൾ എന്നിവയോടൊപ്പം ചുരിദാർ, ഫ്രോക്ക്, പൈജാമ, ബ്ലൗസ്, കുർത്ത, പാന്റ്സ്, ഷർട്ട്, മിഡി, ടോപ്പ് തുടങ്ങിയവയിലാണ് പരിശീലനം ലഭ്യമാക്കുന്നത്. ഏഴു ദിവസത്തെ പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ഉഷ ഇന്റർനാഷണൽ ലിമിറ്റഡിന്റെ അംഗീകൃത സർട്ടിഫിക്കറ്റും ലഭ്യമാക്കും.

### 'അമ്മ അറിയാൻ' – ബോധവൽക്കരണ പരിപാടി കടുത്തുരുത്തി മേഖലയിൽ

ആധുനിക കാലഘട്ടത്തിൽ കുട്ടികളും മാതാക്കളും അറിഞ്ഞും കരുതിയും ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്യാമ്പയിനുമായി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി. അമ്മ അറിയാൻ എന്ന പേരിൽ സംഘടിപ്പിക്കുന്ന പരിപാടിയുടെ ഭാഗമായി സ്കൂൾ കുട്ടികളെയും അവരുടെ മാതാക്കളെയും കെ.എസ്.എസ്.എസ് സ്വാശ്രയസംഘാംഗങ്ങളായ മാതാക്കളെയും സംഘടിപ്പിച്ചു കൊണ്ടാണ് ക്യാമ്പയിൻ നടത്തപ്പെടുക. ബോധവൽക്കരണ ക്യാമ്പയിന്റെ ഭാഗമായി കടുത്തുരുത്തി മേഖലയിലെ അറുനൂറ്റിമംഗലം ഗ്രാമത്തിൽ മാർച്ച് 21 ബുധനാഴ്ച രാവിലെ 11 മണിക്ക് അവബോധ ക്ലാസ് നടത്തപ്പെടും. വിദഗ്ദ്ധർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകും.

### ഭക്ഷ്യസുരക്ഷയ്ക്കായി മുട്ടക്കോഴിയും ഹൈടെക് കൂടുമായി കെ. എസ്. എസ്. എസ്

ഭക്ഷ്യസുരക്ഷ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുക എന്ന ലക്ഷ്യത്തോടെ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രവർത്തന ഗ്രാമങ്ങളിലെ സ്വാശ്രയസംഘാംഗങ്ങൾക്കായി മുട്ടക്കോഴിയും ഹൈടെക് കൂടും ലഭ്യമാക്കുന്നു. പദ്ധതിയുടെ ഭാഗമായി ബിവി 380 ഇനത്തിൽപ്പെട്ട അമ്പത് ദിവസം പ്രായമുള്ള 25 കോഴികളും അമ്പത് കിലോഗ്രാം കോഴിത്തീറ്റയും മരുന്നും ഹൈടെക് കൂടുമാണ് ലഭ്യമാക്കുന്നത്. പതിനയ്യായിരം രൂപ മുതൽ മുടക്ക് വരുന്ന പദ്ധതി

യിൽ അംഗങ്ങളാകുന്ന കെ.എസ്.എസ്.എസ് സ്വാശ്രയസംഘാംഗങ്ങൾക്ക് 1000 രൂപ സബ്സിഡി നൽകുന്നതാണ്. കൂടാതെ മേൽക്കൂരയും ഡ്രേയും അടങ്ങുന്ന കൂട് ഉൾപ്പെടുന്ന 19000 രൂപ വരുന്ന പാക്കേജ് 1000 രൂപ സബ്സിഡിയോടുകൂടി 18000 രൂപയ്ക്ക് ലഭ്യമാക്കുന്നതാണ്.

## സംഘശാക്തീകരണവും ഗ്രൂപ്പ് ഭാരവാഹി സംഗമവും ചുങ്കം മേഖലയിൽ

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ 5 ജില്ലകളിലായി രൂപം നൽകിയിരിക്കുന്ന വിവിധ വിഭാഗങ്ങൾക്കായുള്ള സ്വാശ്രയസംഘങ്ങളുടെ ശാക്തീകരണം മുൻനിർത്തി മേഖലാ അടിസ്ഥാനത്തിൽ ഭാരവാഹി സംഗമങ്ങൾ സംഘടിപ്പിക്കുന്നു. ഗ്രൂപ്പ് പ്രവർത്തനങ്ങളുടെ ചലനാത്മകതയും സജീവതയും ഉറപ്പുവരുത്തുന്നതോടൊപ്പം കൂടുതൽ കർമ്മ നിരതമായ പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് നടപ്പിലാക്കുന്നതിനുമായാണ് ഭാരവാഹി സംഗമം സംഘടിപ്പിച്ചിരിക്കുന്നത്. ചുങ്കം മേഖല ഭാരവാഹി സംഗമം മാർച്ച് 20-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.30 ന് ചുങ്കം സെന്റ് മേരീസ് ചർച്ച് ഹാളിൽ നടത്തപ്പെടും. മേഖലയിലെ ഗ്രാമങ്ങളിലെ ഓരോ ഗ്രൂപ്പുകളിൽ നിന്നും രണ്ട് പ്രതിനിധികൾ (പ്രസിഡന്റ്/ സെക്രട്ടറി) വീതം പങ്കെടുക്കേണ്ടതാണ്.

## സ്വയം തൊഴിൽ സംരംഭങ്ങൾക്ക് അവസരം ഒരുക്കി വരുമാന സംരംഭകത്വ ലോൺമേള

സ്വാശ്രയസംഘ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാനും സുസ്ഥിരമായ വരുമാനപദ്ധതികൾക്ക് വഴിയൊരുക്കുന്നതിനുമായി കെ.എസ്.എസ്.എസ് കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ സഹകരണത്തോടെ വരുമാന സംരംഭകത്വ ലോൺ മേള സംഘടിപ്പിക്കുന്നു. പദ്ധതിയുടെ ഭാഗമായി കെ.എസ്.എസ്.എസ് പ്രവർത്തന ഗ്രാമങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട സ്വാശ്രയസംഘാംഗങ്ങൾക്ക് വരുമാന പദ്ധതികൾ തുടങ്ങുന്നതിനായി കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ ലഭ്യമാക്കും. കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ നിബന്ധനകളനുസരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

## സ്വയം തൊഴിൽ സാധ്യതകളുമായി നബാർഡ് വരുമാന സംരംഭകത്വ പരിശീലനം

സ്വയം തൊഴിൽ സംരംഭക സാധ്യതകൾ സാധാരണക്കാരായ ആളുകൾക്ക് തുറന്ന് കൊടുക്കുക എന്ന ലക്ഷ്യത്തോടെ ദേശീയ ഗ്രാമീണ വികസന ബാങ്കായ നബാർഡുമായി സഹകരിച്ച് കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി ചെറുകിട വരുമാന സംരംഭകത്വ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. കൂൺ കൃഷിയിലാണ് പരിശീലനം സംഘടിപ്പിക്കുന്നത്. കെ.എസ്.എസ്.എസ് പ്രവർത്തന ഗ്രാമങ്ങളിൽ നിന്നായി തെരഞ്ഞെടുക്കപ്പെടുന്ന 30 പേർക്കാണ് പദ്ധതിയുടെ ഭാഗമായി ശാസ്ത്രീയ കൂൺ കൃഷി പരിശീലനം ലഭ്യമാക്കുന്നത്.

## നേത്ര പരിശോധന ക്യാമ്പ്

അന്ധബധിര വൈകല്യമുള്ളവരുടെ സമഗ്ര ഉന്നമനം ലക്ഷ്യമാക്കി കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ സെൻസ് ഇന്റർനാഷണൽ ഇൻഡ്യയുടെയും അസിം പ്രേംജി ഫിലാൻത്രോപിക് ഇനിഷിയേറ്റീവ്സിന്റെയും സഹകരണത്തോടെ നടപ്പിലാക്കിവരുന്ന അന്ധബധിര പുനരധിവാസ പദ്ധതിയുടെ ഭാഗമായി അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയുമായി സഹകരിച്ച് നേത്രപരിശോധന ക്യാമ്പ് സംഘടിപ്പിക്കുന്നു. മാർച്ച് 2-ാം തീയതി വെള്ളിയാഴ്ച രാവിലെ 9 മുതൽ ചൈതന്യയിലാണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്.

## സിബിആർ മുഖാമുഖം പരിപാടി

ഭിന്നശേഷിയുള്ളവരുടെ അവകാശങ്ങളും ആനുകൂല്യങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കി കടുത്തുരുത്തി മേഖലയിലെ കെ.എസ്.എസ്.എസ് സിബിആർ ഗ്രൂപ്പ് അംഗങ്ങളെ സംഘടിപ്പിച്ചുകൊണ്ട് ത്രിതല പഞ്ചായത്ത് അംഗങ്ങളുമായി മുഖാമുഖം പരിപാടി സംഘടിപ്പിക്കുന്നു. മാർച്ച് 20-ാം തീയതി ചൊവ്വാഴ്ച രാവിലെ 11 മണിക്ക് കടുത്തുരുത്തി സെന്റ് മേരീസ് ചർച്ച് പാരീഷ് ഹാളിലാണ് മുഖാമുഖം പരിപാടി സംഘടിപ്പിക്കുന്നത്.

## കുടിവെള്ള ക്ഷാമത്തിന് പരിഹാരമാകുന്നതിന് കെ. എസ്. എസ്. എസ് വാട്ടർ ടാങ്ക് പദ്ധതി

ജലദൗർലഭ്യത രൂക്ഷമായിക്കൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ ജലസംഭരണത്തിന് അവസരമൊരുക്കുന്നതിനായി സ്വാശ്രയസംഘാം

ഗങ്ങൾക്കായി കെ.എസ്.എസ്.എസ് വാട്ടർടാങ്ക് പദ്ധതി നടപ്പിലാക്കുന്നു. സിന്റക്സ് കമ്പനിയുടെ 1000, 500 ലിറ്ററുകളുടെ റിനോ ടഫ് മോഡൽ വാട്ടർ ടാങ്കുകളും 1500, 2000 ലിറ്ററിന്റെ റിനോ മോഡൽ ടാങ്കുകളുമാണ് പദ്ധതിയുടെ ഭാഗമായി ലഭ്യമാക്കുന്നത്.

## കെ.എസ്.എസ്.എസ് പോയവാരങ്ങളിൽ

### സ്മാർട്ട് പ്രതിഭാ സംഗമം സംഘടിപ്പിച്ചു

കുരുന്നു പ്രതിഭകളുടെ കൂട്ടായ്മയ്ക്ക് വഴിയൊരുക്കി കോട്ടയം അതികോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സ്മാർട്ട് പ്രതിഭാസംഗമം സംഘടിപ്പിച്ചു. സ്നേഹോത്സവം 2018 എന്ന പേരിൽ തെള്ളകം ചൈതന്യയിൽ സംഘടിപ്പിച്ച സംഗമത്തിന്റെ ഉദ്ഘാടനം തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ നിർവ്വഹിച്ചു. ദേശീയ മൈനോരിറ്റി കമ്മീഷൻ വൈസ് ചെയർമാൻ ജോർജ്ജ് കുര്യൻ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കേരള സോഷ്യൽ സർവ്വീസ് ഫോറം എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ, കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ, അസി. സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത്, ജിജി ജോയി, ജിന്റോ ജോൺ എന്നിവർ പ്രസംഗിച്ചു. അഞ്ച്, ആറ്, ഏഴ് ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ സമഗ്ര വളർച്ച ലക്ഷ്യമാക്കി കെ.എസ്.എസ്.എസ് കോട്ടയം, ഇടുക്കി, ആലപ്പുഴ, പത്തനംതിട്ട, എറണാകുളം, ജില്ലകളിലായി രൂപം നൽകിയിരിക്കുന്ന സ്മാർട്ട് ഗ്രൂപ്പിലെ പ്രതിഭകളാണ് സ്മാർട്ട് സ്നേഹോത്സവത്തിൽ പങ്കെടുത്തത്. സംഗമത്തോടനുബന്ധിച്ച് നടത്തിയ സെമിനാറിന് സിസ്റ്റർ ബെനറ്റ് എഫ്.സി.സി നേതൃത്വം നൽകി. കൂടാതെ കുട്ടികൾക്കായി മത്സരങ്ങളും സമ്മാനദാനവും നടത്തപ്പെട്ടു. നാനൂറോളം കുട്ടികൾ പങ്കെടുത്തു.

### ഊർജ്ജ സംരക്ഷണ സെമിനാർ സംഘടിപ്പിച്ചു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെയും എനർജി മാനേജ്മെന്റ് സെന്റർ കേരളായുടെയും അനേർട്ടിന്റെയും സംയുക്താഭിമുഖ്യത്തിൽ ഊർജ്ജ സംരക്ഷണ സെമിനാർ സംഘടിപ്പിച്ചു. ചേർപ്പുങ്കൽ സമരിറ്റൻ റിസോഴ്സ് സെന്ററിൽ സംഘടിപ്പിച്ച സെമിനാറിന്റെ ഉദ്ഘാടനം അഡ്വ. മോൻസ് ജോസഫ് എം.

എൽ.എ നിർവ്വഹിച്ചു. കിടങ്ങൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലിസ്സി എബ്രഹാം ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.എസ്.എസ് അസി. സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത്, കിടങ്ങൂർ ഗ്രാമപഞ്ചായത്ത് 6-ാം വാർഡ് മെമ്പർ സെബാസ്റ്റ്യൻ കോയിക്കൽ, വനിതാ സ്വാശ്രയസംഘ ഫെഡറേഷൻ പ്രസിഡന്റ് മേരി പുന്നൂസ്, കോർഡിനേറ്റർ ജാൻസി ജോയി എന്നിവർ പ്രസംഗിച്ചു. ഊർജ്ജ കാര്യശേഷിയും സംരക്ഷണവും എന്ന വിഷയത്തിൽ നടത്തപ്പെട്ട സെമിനാറിന് റിസോഴ്സ് പേഴ്സൺ മേഴ്സി സ്റ്റീഫൻ, അനേർട്ട് പ്രോഗ്രാം ഓഫീസർ കണ്ണൻ പി. എന്നിവർ നേതൃത്വം നൽകി. കെ.എസ്.എസ്.എസ് കിടങ്ങൂർ മേഖലയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച സെമിനാറിൽ നൂറോളം പേർ പങ്കെടുത്തു.

## കാൻസർ ബോധവത്ക്കരണ ഫ്ളാഷ് മോബുമായി കെ.എസ്.എസ്.എസ് സ്മാർട്ട് വിദ്യാർത്ഥികൾ

സമൂഹത്തെ കാർന്ന് തിന്നുകൊണ്ടിരിക്കുന്ന മാരക വിപത്തായ കാൻസറിനെതിരെ അവബോധം വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഫ്ളാഷ് മോബ് സംഘടിപ്പിച്ചു. കടുത്തുരുത്തി മേഖലയിലെ കെ.എസ്.എസ്.എസ് സ്മാർട്ട് ഗ്രൂപ്പ് അംഗങ്ങളുടെ നേതൃത്വത്തിൽ കുറുപ്പന്തറ സെന്റ് തോമസ് ചർച്ചിലാണ് ഫ്ളാഷ് മോബ് സംഘടിപ്പിച്ചത്. ഭാരത കത്തോലിക്ക മെത്രാൻ സമിതിയുടെ സാമൂഹ്യ സേവന വിഭാഗമായ കാരിത്താസ് ഇൻഡ്യ കേരളത്തിലെ രൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റികളുടെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന ആശാകിരണം പദ്ധതിയുടെ ഭാഗമായിട്ടാണ് ക്യാൻസർ ബോധവൽക്കരണ ഫ്ളാഷ് മോബ് സംഘടിപ്പിച്ചത്. സെന്റ് തോമസ് ചർച്ച് വികാരി ഫാ. സിറിയക് മാന്തുരുത്തിയിൽ, കോർഡിനേറ്റർ മേഴ്സി സ്റ്റീഫൻ, ഓഫീസ് സ്റ്റാഫ് ഹണിമോൾ സെബാസ്റ്റ്യൻ, അനിമേറ്റേഴ്സ് എന്നിവർ പരിപാടിയ്ക്ക് നേതൃത്വം നൽകി.

## കെ.എസ്.എസ്.എസ് വോളണ്ടിയേഴ്സ് സംഗമം സംഘടിപ്പിച്ചു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ വോളണ്ടിയേഴ്സ് സംഗമം സംഘടിപ്പിച്ചു. ചൈത

ന്യയിൽ സംഘടിപ്പിച്ച സംഗമത്തിന്റെ ഉദ്ഘാടനം കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ നിർവ്വഹിച്ചു. കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ നവംബർ 22 മുതൽ 26 വരെ തീയതികളിൽ നടത്തപ്പെട്ട 20-ാമത് ചൈതന്യ കാർഷികമേളയുടെയും സ്വാശ്രയസംഘ മഹോത്സവത്തിന്റെയും വിജയകരമായ നടത്തിപ്പിന് സഹകാരികളായ വോളണ്ടിയേഴ്സിന്റെ സംഗമമാണ് നടത്തപ്പെട്ടത്. സംഗമത്തോടനുബന്ധിച്ച് കാർഷികമേള വിലയിരുത്തലും തുടർ കർമ്മ പദ്ധതികളുടെ കർമ്മരേഖാ രൂപീകരണവും നടത്തപ്പെട്ടു. കോട്ടയം, ഇടുക്കി, ആലപ്പുഴ, പത്തനംതിട്ട, എറണാകുളം ജില്ലകളിൽ നിന്നായി 30തോളം വോളണ്ടിയേഴ്സ് സംഗമത്തിൽ പങ്കെടുത്തു. കെ.എസ്.എസ്.എസ് അസി. സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത്, കോർഡിനേറ്റേഴ്സ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## നേത്ര പരിശോധന ക്യാമ്പ് സംഘടിപ്പിച്ചു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയുമായി സഹകരിച്ച് നേത്ര പരിശോധന ക്യാമ്പ് സംഘടിപ്പിച്ചു. കെ.എസ്.എസ്.എസ് കിടങ്ങൂർ മേഖലയിലെ കട്ടച്ചിറ ഗ്രാമത്തിൽ സംഘടിപ്പിച്ച ക്യാമ്പിന്റെ ഉദ്ഘാടനം കട്ടച്ചിറ സെന്റ് മേരീസ് ചർച്ച് വികാരി ഫാ. മാത്യു ഏറ്റിയേപ്പള്ളി നിർവ്വഹിച്ചു. കെ.സി.സി. കട്ടച്ചിറ യൂണിറ്റിന്റെ സഹകരണത്തോടെ സംഘടിപ്പിച്ച ക്യാമ്പിൽ 155 പേർ പങ്കെടുത്തു. അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിലെ ഡോക്ടർമാർ ക്യാമ്പിന് നേതൃത്വം നൽകി. 35 പേർക്ക് തിമിര നിർണ്ണയം നടത്തി. കെ.എസ്.എസ്.എസ്, കെ.സി.സി ഭാരവാഹികൾ ക്യാമ്പിന് നേതൃത്വം നൽകി.

## പഴം പച്ചക്കറി സംസ്ക്കാരണ പരിശീലനം സംഘടിപ്പിച്ചു

മൂല്യവർദ്ധിത ഉല്പ്പന്നങ്ങളുടെ വ്യാപനത്തിന് അവസരം ഒരുക്കുക എന്ന ലക്ഷ്യത്തോടെ കെ.എസ്.എസ്.എസ് ചുങ്കം മേഖലയുടെ നേതൃത്വത്തിൽ പഴം പച്ചക്കറി സംസ്ക്കരണ പരിശീലന പരിപാടി സംഘടിപ്പിച്ചു. കരിങ്കുന്നം കൃഷി ഭവനിൽ വച്ച് നടത്തപ്പെട്ട പരിശീലന പരിപാടിയിൽ മ്രാല, വടക്കുംമുറി, കരിങ്കുന്നം എന്നീ ഗ്രാമങ്ങളിൽ നിന്നായി 30 അംഗങ്ങൾ പങ്കെടുത്തു. ആൻസി മാത്യു ക്ലാസ്

നയിച്ചു. കൃഷി ഓഫീസർ ഐവി, കോഡിനേറ്റർ ലിസി ചാക്കോ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## അമ്മ അറിയാൻ ബോധവൽക്കരണ ക്യാമ്പയിൻ ചുങ്കം മേഖലയിൽ

ആധുനിക കാലഘട്ടത്തിൽ കുട്ടികളും മാതാക്കളും അറിഞ്ഞും കരുതിയും ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് അമ്മ അറിയാൻ എന്ന പേരിൽ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ വിഭാവനം ചെയ്തിരിക്കുന്ന ബോധവൽക്കരണ ക്യാമ്പയിന്റെ ഭാഗമായി കെ.എസ്.എസ്.എസ് ചുങ്കം മേഖലയുടെ നേതൃത്വത്തിൽ അവബോധ സെമിനാർ സംഘടിപ്പിച്ചു. ചുങ്കം സ്കൂളിൽ വച്ച് മാതാപിതാക്കളെയും കുട്ടികളെയും ഉൾപ്പെടുത്തി സംഘടിപ്പിച്ച സെമിനാറിന് ഷൈല തോമസ് നേതൃത്വം നൽകി. സ്കൂൾ ഹെഡ്മിസ്ട്രസ് ജിനി റ്റി. ഫിലിപ്പ്, കോർഡിനേറ്റർ ലിസി ചാക്കോ, അനിമേറ്റേഴ്സ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## കെ. എസ്. എസ്. എസ് സ്വാശ്രയസംഘാംഗങ്ങളുടെ നേതൃത്വത്തിൽ ഭക്ഷണ വിതരണം നടത്തി

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ഉഴവൂർ മേഖലയിലെ സ്വാശ്രയ സംഘാംഗങ്ങളുടെ നേതൃത്വത്തിൽ സൗജന്യ ഭക്ഷണ വിതരണം നടത്തി. കോട്ടയം മെഡിക്കൽ കോളേജിലെ ക്യാൻസർ വാർഡിലെ രോഗികൾക്കായാണ് ഭക്ഷണം വിതരണം നടത്തിയത്. കെ.എസ്.എസ്.എസ് അസി. സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത്, കോർഡിനേറ്റർമാരായ മേരി ഫിലിപ്പ്, ജിജി ജോയി, ഉഴവൂർ മേഖല അനിമേറ്റേഴ്സ്, സ്വാശ്രയസംഘാംഗങ്ങൾ എന്നിവർ പരിപാടിയ്ക്ക് നേതൃത്വം നൽകി.

## ജവാൻമാരെ ആദരിച്ച് കെ. എസ്. എസ്. എസ് കാരിത്താസ് ഗ്രാമവികസന സമിതി

റിപ്പബ്ളിക് ദിനത്തോടനുബന്ധിച്ച് രാജ്യത്തിനായി സേവനം അനുഷ്ഠിച്ച ധീര ജവാൻമാരെ ആദരിച്ച്  കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന കാരിത്താസ് ഗ്രാമവികസന സമിതി. ഗ്രാമവികസന സമിതി പ്രസിഡന്റ് ഫാ. ഷാജി ചേറോലിക്കലാണ് ജവാൻമാരെ ആദരിച്ചത്. കാരി

ത്താസ് ഗ്രാമത്തിലെ പത്തോളം ജവാന്മാർക്കാണ് ആദരവ് നൽകിയത്. അനിമേറ്റർ റെജി ബാറ്റൺ, ലോക്കൽ കെ.എസ്.എസ്.എസ് അംഗങ്ങൾ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## നവചൈതന്യ വികലാംഗ ഫെഡറേഷൻ മീറ്റിംഗ്

ഭിന്നശേഷിയുള്ളവരുടെ സമഗ്ര ഉന്നമനം ലക്ഷ്യമാക്കി കെ. എസ്.എസ്.എസ് രൂപം നൽകിയിരിക്കുന്ന നവചൈതന്യ വികലാംഗ ഫെഡറേഷന്റെ ജനറൽ ബോഡി മൊൊൊൊീറ്റിംഗ് ചൈതന്യയിൽ സംഘടിപ്പിച്ചു. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ മീറ്റിംഗിൽ ആമുഖ സന്ദേശം നൽകി. സിബിആർ ഫോറം സ്റ്റേറ്റ് കോർഡിനേറ്റർ ചാക്കോച്ചൻ അമ്പാട്ട് ക്ലാസ് നയിക്കുകുയും ഫെഡറേഷൻ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. 22 പേർ പങ്കെടുത്തു. മീറ്റിംഗിൽ സ്റ്റേറ്റ് ഫെഡറേഷൻ പ്രസിഡന്റായി നിയോഗിക്കപ്പെട്ട കെ.എസ്.എസ്.എസ് നവചൈതന്യ പ്രസിഡന്റ് തോമസ് കറ്റോടത്തിനെ അഭിനന്ദിച്ചു.

## സ്വയം തൊഴിൽ വരുമാന സംരംഭകത്വ പരിശീലനം സംഘടപ്പിച്ചു

സ്വയം തൊഴിൽ സംരംഭക സാധ്യതകൾ സാധാരണക്കാരായ ആളുകൾക്ക് തുറന്ന് കൊടുക്കുക എന്ന ലക്ഷ്യത്തോടെ ദേശീയ ഗ്രാമീണ വികസന ബാങ്കായ നബാർഡുമായി സഹകരിച്ച് കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി ചെറുകിട വരുമാന സംരംഭകത്വ പരിശീലന പരിപാടി സംഘടിപ്പിച്ചു. പരിശീലന പരിപാടിയുടെ ഭാഗമായി ഫെബ്രുവരി മാസത്തിൽ തയ്യൽ പരിശീലനമാണ് സംഘടിപ്പിച്ചത്. പരിശീലനത്തോടനുബന്ധിച്ച് നബാർഡ് ഡിസ്ട്രിക്റ്റ് ഡെവലപ്പ്മെന്റ് മാനേജർ ദിവ്യ എസ്. പരിശീലനാർത്ഥികളുമായി സംവദിച്ചു. പദ്ധതിയുടെ ഭാഗമായി 30 പേർക്കാണ് തയ്യൽ പരിശീലനം ലഭ്യമാക്കിയത്.

## ഇശക്തി ആരംഭിച്ചു

കെ.എസ്.എസ്.എസ് സ്വാശ്രയസംഘ ഗ്രൂപ്പുകളുടെ ഡിജിറ്റലൈസേഷന്റെ ഭാഗമായി ദേശീയ ഗ്രാമീണ വികസന ബാങ്കായ നബാർഡുമായി സഹകരിച്ച് ഇശക്തി പദ്ധതി ആരംഭിച്ചു. പദ്ധതിയുടെ ഭാഗമായി നബാർഡ് വിഭാവനം ചെയ്തിരിക്കുന്ന ഇശക്തി പോർട്ടലിൽ കെ.എസ്.എസ്.എസ് സ്വാശ്രയ സംഘാംഗങ്ങളുടെ വിവര

ങ്ങളാണ് ചേർക്കുന്നത്. ഗ്രൂപ്പ് പ്രവർത്തനങ്ങളുടെ കാര്യക്ഷമതയും സുതാര്യതയും കൂടുതൽ സജീവമാക്കുന്നതോടൊപ്പം ഗ്രൂപ്പ് വിവരങ്ങൾ വിരൽത്തുമ്പിൽ എളുപ്പത്തിൽ ലഭ്യമാകുന്നതിനും വേണ്ടിയാണ് ഇശക്തി പോർട്ടൽ ആരംഭിച്ചിരിക്കുന്നത്. പദ്ധതിയുടെ ഭാഗമായി കോട്ടയം ജില്ലയിലെ ഗ്രൂപ്പുകളുടെ വിശദാംശങ്ങളാണ് ഇശക്തി പോർട്ടലിൽ ചേർത്തുകൊണ്ടിരിക്കുന്നത്.

## ശാസ്ത്ര ദിനാചരണം സംഘടിപ്പിച്ചു

ദേശീയ ശാസ്ത്രദിനത്തോടനുബന്ധിച്ച് കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ശാസ്ത്രദിനാചരണം സംഘടിപ്പിച്ചു. കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ടെക്നോളജി & എൻവയോൺമെന്റിന്റെയും ഡിപ്പാർട്ട്മെന്റ് ഓഫ് സയൻസ് & ടെക്നോളജിയുടെയും സംയുക്താഭിമുഖ്യത്തിൽ ഉഴവൂർ അരീക്കര സെന്റ് റോക്കീസ് ചർച്ച് പാരീഷ് ഹാളിൽ സംഘടിപ്പിച്ച ദിനാചരണത്തിന്റെ ഉദ്ഘാടനം ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ലില്ലിക്കുട്ടി മാത്യു നിർവ്വഹിച്ചു. അരീക്കര ഗ്രാമവികസന സമിതി പ്രസിഡന്റ് ഫാ. ജോസ് നെടുങ്ങാട്ട് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ, വെളിയന്നൂർ ഗ്രാമപഞ്ചായത്ത് മെമ്പർ സണ്ണി പുതിയിടം, കോർഡിനേറ്റർ ജിജി ജോയി എന്നിവർ പ്രസംഗിച്ചു. ദിനാചരണത്തോടനുബന്ധിച്ച് ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസം കാർഷിക മേഖലയിൽ എന്ന വിഷയത്തെ ആസ്പദമാക്കി സംഘടിപ്പിച്ച സെമിനാറിന് കല്ലറ അഗ്രികൾച്ചർ ഓഫീസർ ജോസഫ് റഫീൻ ജെഫ്രി നേതൃത്വം നൽകി. കെ.എസ്.എസ്.എസ് ഉഴവൂർ മേഖലയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ദിനാചരണത്തിൽ നൂറ്റി എൺപതോളം പേർ പങ്കെടുത്തു.

**ഫാ. സുനിൽ പെരുമാനൂർ**
സെക്രട്ടറി, കെ.എസ്.എസ്.എസ്.

# മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി

## തേനിച്ചവളർത്തൽ പരിശീലനം

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ദേശീയ കാർഷിക ഗ്രാമവികസന ബാങ്കിന്റെ ധനസഹായത്തോടെ പയ്യാവൂർ യൂണിറ്റിൽ പ്രവർത്തിക്കുന്ന വനിതകൾക്കായി ഒരാഴ്ച നീണ്ടുനിൽക്കുന്ന തേനീച്ചവളർത്തൽ പരിശീലനം സംഘടിപ്പിച്ചു. പരിശീലനത്തിന്റെ ഭാഗമായി ശാസ്ത്രീയമായ തേനീച്ചവളർത്തൽ, ശുശ്രൂഷ തേൻ എടുക്കൽ സംസ്കരണം തുടങ്ങിയ വിഷയങ്ങൾ പഠിതാക്കൾക്ക് മനസ്സിലാക്കിക്കൊടുത്തു. 30 വനിതകൾ പരിശീലന പരിപാടിയിൽ സംബന്ധിച്ചു. പ്രസ്തുത പരിപാടിയുടെ ഉദ്ഘാടനം വാർഡ് മെമ്പർ ശ്രീമതി സുഷ ബെന്നി നിർവ്വഹിച്ചു. പയ്യാവൂർ കമ്യൂണിറ്റി ഡെവലപ്മെന്റ് പ്രോഗ്രാം ഡയറക്ടർ സി. സോണിയാ തോമസ് അദ്ധ്യക്ഷത വഹിച്ചു. ജോസഫ് കെ. യു ആശംസാ പ്രസംഗം നടത്തി. മാസ്സ് മടമ്പം മേഖലാ കോ-ഓർഡിനേറ്റർ റെനി സിബി സ്വാഗതവും പയ്യാവൂർ യൂണിറ്റ് ആൻസി ജോസ് നന്ദിയും പറഞ്ഞു. പരിശീലനത്തിന്റെ ഭാഗമായി കണ്ണൂർ ജ്ഞാനജ്യോതി കൗൺസിലർ ധനഞ്ജൻ സി.വി ബാങ്കിംഗ് സംവിധാനങ്ങളെക്കുറിച്ചും അബ്രാഹം ഉള്ളാടപ്പുള്ളിൽ സംരംഭം എന്ന വിഷയത്തെക്കുറിച്ചും ക്ലാസ്സുകൾ നയിച്ചു. തേനീച്ചവളർത്തൽ പരിശീലന പരിപാടിക്ക് ജോസഫ് കെ. യു ക്ലാസ്സ് നയിച്ചു.

## കുടിവെള്ള സ്രോതസ് ശുചീകരണ യജ്ഞം നടത്തി

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ ധനസഹായത്തോടെ എരുവേശി ഗ്രാമപഞ്ചായത്തിലെ വലിയ അരീക്കമലയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സമഗ്ര ആദിവാസി വികസന പദ്ധതി ഗുണഭോക്താക്കളുടെ സഹകരണത്തോടെ അരീക്കമല കോളനിയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പൊതുകിണർ വൃത്തിയാക്കിക്കൊണ്ട് കുടിവെള്ള ശ്രോതസ് ശുചീകരണ യജ്ഞം നടത്തി. പരിസരവാസികളായ ആളുകൾക്ക് കുടിവെള്ളം ലഭ്യമാക്കുവാനുള്ള ക്രമീകരണങ്ങൾ നടത്തി. കോളനിയിലെ പുരുഷന്മാരും സ്ത്രീകളും കുട്ടികളും ഇതിന്റെ വിജയത്തിനായി

പ്രവർത്തിച്ചു. അതിരൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന എട്ടോളം കുടുംബങ്ങൾക്ക് ഇതുമൂലം കുടിവെള്ളക്ഷാമം പരിഹരിക്കാൻ സാധിച്ചു. വരും നാളുകളിൽ ഈ ജലസ്രോതസ്സിൽ നിന്ന് മോട്ടോർ ഉപയോഗിച്ച് വെള്ളം ടാങ്കിൽ ശേഖരിച്ച് പ്രസ്തുത കുടുംബങ്ങൾക്ക് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതിയും മാസ്സ് നടപ്പിൽ വരുത്തുന്നതാണ്. പരിപാടികൾക്ക് അബ്രാഹം ഉള്ളാടപ്പുള്ളിൽ, മനോജ് എസ്, റെനി സിബി, സീമാ രാജേഷ് എന്നിവർ നേതൃത്വം നൽകി.

## മുട്ടക്കോഴി വളർത്തൽ പദ്ധതി

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ദേശീയ കാർഷിക ഗ്രാമവികസനബോർഡിന്റെ ധനസഹായത്തോടെ പെരിക്കല്ലൂർ പ്രവർത്തിക്കുന്ന ഭൂമിക ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ഗുണഭോക്താക്കളായ 66 കുടുംബങ്ങളിൽ ഉത്പാദനശേഷി കൂടിയ BV380 കോഴികളെ വിതരണം ചെയ്തു. ഉയർന്ന നിലവാരമുള്ള ഹൈടെക് കൂടുകളിൽ പ്രത്യേക പരിരക്ഷയോടെ വളർത്തുന്ന മുട്ടക്കോഴികൾ വർഷത്തിൽ കുറഞ്ഞത് 300 മുട്ട നൽകുന്നു എന്നത് കൃഷിക്കാരെ സംബന്ധിച്ചിടത്തോളം വളരെ ആദായകരമായ ഒരു വരുമാനമാർഗ്ഗമായി മാറിക്കൊണ്ടിരിക്കുകയാണ്. കമ്പനിയുടെ നേതൃത്വത്തിൽ മുട്ട കളക്റ്റ് ചെയ്ത് പൊതുവിപണിയിൽ വിൽക്കുന്നതുമൂലം കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിന് സാധിക്കുന്നു. കോഴിത്തീറ്റയും കൃഷിക്കാർക്ക് കുറഞ്ഞവിലയിൽ നൽകുവാനുള്ള ക്രമീകരണവും കമ്പനി ലഭ്യമാക്കിയിട്ടുണ്ട്. മാസ്സ് പ്രോഗ്രാം മാനേജർ അബ്രാഹം ഉള്ളാടപ്പുള്ളിൽ, കമ്പനി ഡയറക്ടർമാർ, കമ്പനി സി.ഇ.ഒ രമ്യാ തങ്കപ്പൻ എന്നിവർ നേതൃത്വം നൽകി.

## പേപ്പർ ബാഗ് നിർമ്മാണം

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ ധനസഹായത്തോടെ അലക്സ്നഗറിൽ പേപ്പർ ബാഗ് നിർമ്മാണ പരിശീലനം സംഘടിപ്പിച്ചു. പരിശീലന പരിപാടിയുടെ ഉദ്ഘാടനം അലക്സ് നഗർ സെന്റ് ജോസഫ്സ് പാരീഷ്ഹാളിൽ ശ്രീകണ്ഠാപുരം മുൻസിപ്പാലിറ്റി കൗൺസിലർ ഷിന്റോ ലൂക്കാ നിർവ്വഹിച്ചു. അലക്സ് നഗർ പള്ളി വികാരി ഫാ. ഷെൽട്ടൻ അപ്പോഴിപ്പറമ്പിൽ

അദ്ധ്യക്ഷത വഹിച്ചു. മാസ്സ് പ്രോജക്റ്റ് ഓഫീസർ ജോബി ജോൺ ആശംസപ്രസംഗം നടത്തി. മാസ്സ് പ്രോഗ്രാം മാനേജർ അബ്രാഹം ഉള്ളാടപ്പുള്ളിൽ സ്വാഗതപ്രസംഗം നടത്തി. കോ-ഓർഡിനേറ്റർ റെനി സിബി നന്ദി പറഞ്ഞു. നാലു ദിവസം നീണ്ടുനിൽക്കുന്ന പരിശീലന പരിപാടിക്ക് സി. സ്നേഹ എസ്.ജെ.സി നേതൃത്വം നൽകി. പരിശീലന പരിപാടിയിൽ 30 സ്ത്രീകൾ പങ്കെടുത്തു. പരിശീലനത്തിന്റെ ഭാഗമായി ഒരു സംരംഭം തുടങ്ങുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും ഒരു സംരംഭം എങ്ങനെ വിജയിപ്പിക്കാം എന്നതിനെക്കുറിച്ചും അബ്രാഹം ഉള്ളാടപ്പുള്ളിൽ ക്ലാസ്സെടുത്തു. കണ്ണൂർ ജ്ഞാന ജ്യോതി കൗൺസിലർ ധനഞ്ജയൻ വി. ഡിജിറ്റൽ ബാങ്കിംഗിനെക്കുറിച്ചും സംരംഭങ്ങൾക്ക് വായ്പ അനുവദിക്കുന്ന ധനകാര്യ സ്ഥാപനങ്ങളെക്കുറിച്ചും വ്യക്തമാക്കി. പരിശീലന പരിപാടിക്ക് ശ്രീമതി റെനി സിബി നേതൃത്വം നൽകി.

## പ്രോജക്റ്റ് മോണിറ്ററിംഗ് കമ്മറ്റി

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ വയനാട്ടിലെ പെരിക്കല്ലൂർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഭൂമിക ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനിയുടെ പ്രോജക്റ്റ് മോണിറ്ററിംഗ് കമ്മറ്റി പെരിക്കല്ലൂർ ഭൂമിക പ്രൊഡ്യൂസേഴ്സ് കമ്പനി ഓഫീസിൽ നടന്നു. പ്രോഗ്രാമിൽ കമ്പനി ഡയറക്ടർ അബ്രാഹം കുന്നത്ത് സ്വാഗതപ്രസംഗം നടത്തി. മാസ്സ് അസി.ഡയറക്ടർ ഫാ. മാത്യൂസ് വലിയ പുത്തൻപുരയിൽ അദ്ധ്യക്ഷത വഹിച്ചു. മാസ്സ് പ്രോഗ്രാം മാനേജർ അബ്രാഹം ഉള്ളാടപ്പുള്ളിൽ ചർച്ചകൾക്ക് നേതൃത്വം നൽകി. 2018 മാർച്ച് മാസത്തിനുള്ളിൽ കമ്പനിയിലേയ്ക്ക് കുടുതൽ ആളുകളെ ഷെയർ എടുപ്പിക്കാനും കൂടുതൽ വീടുകളിലേയ്ക്ക് കോഴിവളർത്തൽ പദ്ധതി വ്യാപിപ്പിക്കുവാനും കൃഷിക്കാർക്ക് ഉദ്പാദനശേഷിയുള്ള ഫലവൃക്ഷതൈകൾ വിതരണം നടത്താനും തീരുമാനമായി. പരിപാടിക്ക് കമ്പനി ഡയറക്ടർ ലൂക്കോസ് പള്ളിക്കര നന്ദി പറഞ്ഞു. കമ്പനിയുടെ എല്ലാ ഡയറക്ടർ ബോർഡ് അംഗങ്ങളും പങ്കെടുത്തു.

## അക്ഷയ ഊർജ്ജകിരൺ ബോധവത്ക്കരണ പരിപാടി സംഘടിപ്പിച്ചു

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി എനർജി മാനേജ്മെന്റ് സെന്റർ കേരള അനേർട്ടിന്റെ സഹകരണത്തോടെ വനിത

കൾക്കായി പയ്യാവൂർ സെന്റ് സെബാസ്റ്റ്യൻസ് വലിയപള്ളി പാരീഷ്ഹാളിൽ വച്ച് ബോധവത്ക്കരണ പരിപാടി സംഘടിപ്പിച്ചു. പ്രോഗ്രാമിന്റെ ഉദ്ഘാടനം പയ്യാവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഡെയ്സി ചിറ്റൂപ്പറമ്പിൽ നിർവ്വഹിച്ചു. മാസ്സ് അസി. ഡയറക്ടർ ഫാ. മത്യൂസ് വലിയപുത്തൻപുരയിൽ അദ്ധ്യക്ഷതവഹിച്ചു. പയ്യാവൂർ സെന്റ് സെബാസ്റ്റ്യൻസ് പള്ളി വികാരി ഫാ. സജി പുത്തൻപുരയിൽ മുഖ്യ പ്രഭാഷണം നടത്തി. വാർഡ് മെമ്പർ സുഷ ബെന്നി ആശംസാപ്രസംഗം നടത്തി. മാസ്സ് പ്രോഗ്രാം മാനേജർ അബ്രാഹം ഉള്ളാടപ്പുള്ളിൽ സ്വാഗതവും കോ-ഓർഡിനേറ്റർ റെനി സിബി നന്ദിയും പറഞ്ഞു. തുടർന്ന് നടന്ന ബോധവത്ക്കരണപരിപാടിക്ക് കണ്ണൂർ ജില്ലാ അനേർട്ട് എഞ്ചിനീയർ വി.കെ മിനീഷ് ബാബു ക്ലാസ്സെടുത്തു. പാരമ്പര്യേതര ഉർജ്ജ ഉദ്പാദനവും ഊർജ്ജ സംരക്ഷണത്തെക്കുറിച്ചും ക്ലാസ്സിൽ പരാമർശിച്ചു. മനുഷ്യജീവിതത്തിന് ഒഴിച്ചുകൂടാനാകാത്ത പ്രധാന ഘടകമായ ഊർജ്ജ രൂപങ്ങളുടെ ഉപയോഗത്തെക്കുറിച്ചും അവയുടെ ശ്രദ്ധയോടെയുള്ള ഉപയോഗത്തെക്കുറിച്ചും ക്ലാസ്സെടുത്തു. വൈദ്യൂതിയുടെ ഉപഭോഗം വളരെ കുറച്ച് സൗരോർജ്ജം കൂടുതൽ ഉപയോഗപ്പെടുത്താൻ പറ്റുന്ന മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതിന്റെ പ്രാധാന്യം ക്ലാസ്സിൽ പരാമർശിച്ചു. പ്രോഗ്രാമിൽ 110 വനിതകൾ പങ്കെടുത്തു. പ്രോഗ്രാമിന് ആനിമേറ്റർ ആലീസ് ജയിംസ്, മനോജ് എന്നിവർ നേതൃത്വം നൽകി. പ്രോഗ്രാമിന്റെ ഭാഗമായി ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യം വിളിച്ചോതുന്ന റാലിയും സംഘടിപ്പിച്ചു.

## തേനീച്ചകൃഷി വിളവെടുപ്പ്

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ ധനസഹായത്തോടെ പയ്യാവൂർ ഗ്രാമപഞ്ചായത്തിലെ വിവിധ കോളനികളിൽ നടപ്പിലാക്കുന്ന സമഗ്ര ഗോത്രവർഗ്ഗവികസനപദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ തേനീച്ചവളർത്തൽ പദ്ധതിയുടെ വിളവെടുപ്പ് വാതിൽമട കോളനിയിൽ പയ്യാവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഡെയ്സി ചിറ്റൂപ്പറമ്പിൽ നിർവ്വഹിച്ചു. മാസ്സ് അസി. ഡയറക്ടർ ഫാ. മാത്യൂസ് വലിയപുത്തൻപുരയിൽ വാർഡ് മെമ്പർ ജയൻ മല്ലിശ്ശേരി, മാസ്സ് സ്റ്റാഫ് അംഗങ്ങളായ ജോബി ജോൺ, അബ്രാഹം ഉള്ളാടപ്പു

ള്ളിൽ, റെനി സിബി എന്നിവർ പങ്കെടുത്തു. പദ്ധതി പ്രകാരം 11 കോള നികളിൽ 344 യൂണിറ്റ് തേനിച്ചപ്പെട്ടികൾ വിതരണം ചെയ്തു. ഒരു സീസ ണിൽ ഒരു പെട്ടിയിൽ നിന്ന് ഏകദേശം 10 കിലോഗ്രാം ഗുണമേന്മ യുള്ള തേൻ ഉദ്പാദിപ്പിക്കാൻ സാധിക്കുന്നു. ഇത് ഗോത്രവർഗ്ഗക്കാർക്ക് നല്ല ഒരു വരുമാനമാർഗ്ഗമാണ്. പ്രവർത്തനങ്ങൾക്ക് ഫീൽഡ് ഗൈഡ് ശ്രീമതി ജിഷ നേതൃത്വം നൽകി.

## ബ്യൂട്ടീഷൻ കോഴ്സ്

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സഹ കരണത്തോടെ MEDP പദ്ധതിയുടെ ഭാഗമായി വനിതകൾക്കായി 12 ദിവസം നീണ്ടുനിൽക്കുന്ന ബ്യൂട്ടീഷൻ പരിശീലന പരിപാടി കണ്ട കശ്ശേരി സെന്റ് സെബാസ്റ്റ്യൻസ് പാരീഷ്ഹാളിൽ വച്ച് സംഘടിപ്പി ച്ചു. പ്രസ്തുത പ്രോഗ്രാമിന്റെ ഉദ്ഘാടനം വാർഡ് മെമ്പർ ശ്രീമതി സുഷ ബെന്നി നിർവ്വഹിച്ചു. കേരളാ ഗ്രാമീണ ബാങ്ക് റിട്ടേ. മാനേ ജർ പ്രേംരാജ് മുഖ്യപ്രഭാഷണം നടത്തി. സിന്ധു സിറിൾ ആശംസാ പ്രസംഗം നടത്തി. മാസ്സ് പ്രോഗ്രാം മാനേജർ അബ്രാഹം ഉള്ളാടപ്പു ള്ളിൽ സ്വാഗതവും റെനി സിബി നന്ദിയും പറഞ്ഞു. 12 ദിവസത്തെ പരിശീലന പരിപാടിയിൽ ത്രെസിംഗ്, ബ്ലീച്ചിംഗ്, മാനിക്കാപൊടി കെയർ തുടങ്ങിയവയിൽ സ്ത്രീകൾക്ക് പരിശീലനം ലഭിക്കുകയു ണ്ടായി. 30 സ്ത്രീകളാണ് പരിശീലനത്തിൽ പങ്കെടുത്തത്. സിന്ധു സിറിൾ പരിശീലനപരിപാടിയിൽ ക്ലാസ്സുകൾ നയിച്ചു. കോഴ്സിന്റെ ഭാഗമായി ഡിജിറ്റൽ ബാങ്കിംഗ്, വിവിധ ധനകാര്യ സ്ഥാപനങ്ങൾ സംരംഭകർക്ക് നൽകുന്ന വായ്പാ എന്നിവയെക്കുറിച്ച് വി.കെ പ്രേംരാജ് ക്ലാസ്സെടുത്തു. ഒരു സംരംഭം തുടങ്ങുമ്പോൾ ശ്രദ്ധി ക്കേണ്ട കാര്യങ്ങളെക്കുറിച്ച് അബ്രാഹം ഉള്ളാടപ്പുള്ളിൽ ക്ലാസ്സെടു ത്തു. പ്രോഗ്രാമിന് കോ-ഓർഡിനേറ്റർ റെനി സിബി, ആനിമേറ്റർ ആലീസ് ജെയിംസ് എന്നിവർ നേതൃത്വം നൽകി.

## വനിതകൾക്ക് അതിക്രമങ്ങളിൽ നിന്നും സ്വയം രക്ഷ

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി പയ്യാവൂർ ജന കീയ പോലീസിന്റെ സഹകരണത്തോടെ സമഗ്ര ആദിവാസി വിക സന പദ്ധതിയുടെ ഭാഗമായി വാതിൽമട കമ്യൂണിറ്റി ഹാളിൽ വച്ച് സ്ത്രീകൾക്ക് അതിക്രമങ്ങളിൽ നിന്നും സ്വയം രക്ഷയ്ക്കായുള്ള

പരിശീലനപരിപാടി സംഘടിപ്പിച്ചു. പ്രോഗ്രാമിന്റെ ഉദ്ഘാടനംപയ്യാവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഡെയ്സി ചിറ്റൂപ്പറമ്പിൽ നിർവ്വഹിച്ചു. മാസ്സ് അസി. ഡയറക്ടർ ഫാ. മാത്യൂസ് വലിയപുത്തൻപുരയിൽ അദ്ധ്യക്ഷത വഹിച്ച് സംസാരിച്ചു. പയ്യാവൂർ പോലീസ് പ്രിൻസിപ്പൽ സബ് ഇൻസ്പെക്ടർ ഉഷാ ദേവി മുഖ്യപ്രഭാഷണം നടത്തി. വാർഡ് മെമ്പർ ജയൻ മല്ലിശ്ശേരി ആശംസാപ്രസംഗം നടത്തി. മാസ്സ് പ്രോഗ്രാം മാനേജർ അബ്രാഹം ഉള്ളാടപ്പുള്ളിൽ സ്വാഗതവും കോളനി ഊരുമൂപ്പൻ ഇ.കെ രമേശൻ നന്ദിയും പറഞ്ഞു. തുടർന്ന് സ്ത്രീകൾക്കായി നടത്തിയ പരിശീലനപരിപാടിയിൽ വനിതാ സിവിൽ പോലീസ് ഓഫീസർമാരായ പുഷ്പ, പ്രിയ, അനിത എന്നിവർ ക്ലാസ്സെടുത്തു. ക്ലാസ്സിൽ സ്ത്രീകൾക്ക് പൊതുസ്ഥലങ്ങളിലും വീട്ടിലും യാത്രാ അവസരങ്ങളിലും നേരിടേണ്ടിവരുന്ന പലതരത്തിലുള്ള അതിക്രമങ്ങളിൽ നിന്ന് രക്ഷപെടാനുള്ള പ്രതിരോധമാർഗ്ഗങ്ങൾ എപ്രകാരം ഫലപ്രദമായി ചെറുക്കാം എന്ന് പഠിപ്പിച്ചു. പ്രോഗ്രാമിന് മാസ്സ് പ്രോജക്റ്റ് ഓഫീസർ ജോബി ജോൺ, കോ-ഓർഡിനേറ്റർ റെനി സിബി, മനോജ് എന്നവർ നേതൃത്വം നൽകി.

**ഫാ. മാത്യൂസ് വലിയപുത്തൻപുരയിൽ**
അസിസ്റ്റന്റ് /സെക്രട്ടറി മാസ്സ്

# ക്നാനായ കാത്തലിക് വിമൻസ് അസോസിയേഷൻ

## ക്നാനായ സമുദായ പൈതൃകം പരിപാലിക്കുന്നതിൽ മാതാക്കളുടെ പങ്ക് നിസ്തുലം: മാർ മാത്യു മൂലക്കാട്ട്

ക്നാനായ സമുദായ പൈതൃകം പരിപാലിക്കുന്നതിൽ അമ്മമാരുടെ പങ്ക് നിസ്തുലമാണെന്ന് കോട്ടയം അതിരൂപത മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട്. കോട്ടയം അതിരൂപതാംഗങ്ങളായ വനിതകളുടെ സമഗ്ര ക്ഷേമത്തിനും കൂട്ടായ്മക്കും വേദിയാകുക എന്ന ലക്ഷ്യത്തോടെ അതിരൂപതയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ക്നാനായ കാത്തലിക് വിമൻസ് അസോസിയേഷന്റെ പുതിയ ഭരണസമിതി പ്രവർത്തനോദ്ഘാടനം തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

സമുദായത്തിന്റെ ശ്രേഷ്ഠതയും ധന്യതയും തനതായ പൈതൃകങ്ങളും വരുതലമുറയ്ക്ക് പകർന്നു നൽകുക എന്ന ദൗത്യനിർവ്വഹണം കാര്യക്ഷമമായി നിർവ്വഹിക്കുവാൻ ഓരോ മാതാക്കളും ശ്രദ്ധിക്കണമെന്നും അദ്ദേഹം കൂട്ടിചേർത്തു. ക്നാനായ കാത്തലിക് വിമൻസ് അസോസിയേഷൻ പ്രസിഡന്റ് പ്രൊഫ. മേഴ്സി ജോൺ അദ്ധ്യക്ഷത വഹിച്ചു. കെ.സി.സി പ്രസിഡന്റ് സ്റ്റീഫൻ ജോർജ്ജ്, ചൈതന്യ കമ്മീഷൻസ് കോർഡിനേറ്റർ ഫാ. ജിജോ നെല്ലിക്കാകണ്ടത്തിൽ, കെ.സി.വൈ.എൽ പ്രസിഡന്റ് ബിബീഷ് ഓലിക്കമുറിയിൽ, സിൻസി പാറേൽ എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തോടനുബന്ധിച്ച് 'സ്ത്രീ- സ്വത്വവും സാധ്യതകളും' എന്ന വിഷയത്തിൽ കുട്ടിക്കാനം മരിയൻ കോളേജിലെ റിട്ടയേർഡ് പ്രൊഫസർ ഡോ. റൂബിൾ രാജ് സെമിനാർ നയിച്ചു. പരിപാടികളോടനുബന്ധിച്ച് വിവിധ മത്സരങ്ങളും നടത്തപ്പെട്ടു.

## ഇടയ്ക്കാട് മേഖല നേതൃസംഗമവും പ്രവർത്തനോദ്ഘാടനവും സംഘടിപ്പിച്ചു

തലമുറകളായി കൈമാറിവന്ന മഹത്തായ പാരമ്പര്യങ്ങളും പൈതൃകങ്ങളും സംരക്ഷിക്കുന്നതിലും പരിപാലിക്കുന്നതിലും അമ്മമാരുടെ പങ്ക് സുപ്രധാനമാണെന്ന് കോട്ടയം അതിരൂപതാ വികാരി ജനറാൾ ഫാ. മൈക്കിൾ വെട്ടിക്കാട്ട്. കോട്ടയം അതിരൂപതയുടെ അൽമായ വനിതാ സംഘടനയായ ക്നാനായ കാത്തലിക് വിമൻസ് അസോസിയേഷന്റെ ഇടയ്ക്കാട് മേഖലാ നേതൃസംഗമവും മൂന്ന് വർഷത്തെ പ്രവർത്തനോദ്ഘാടനവും നിർവ്വഹിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ക്നാനായ സമുദായത്തിന്റെ പൈതൃകങ്ങളും ആചാരങ്ങളും പരിപാലിക്കുന്നതിൽ കഴിഞ്ഞ തലമുറയിലെ വനിതകൾ ചെയ്ത മഹത്തായ ദൗത്യനിർവ്വഹണത്തെ മാതൃകയാക്കി കാലാനുസൃതമായി ഉണർന്ന് പ്രവർത്തിക്കുവാൻ കഴിയണമെന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു. കെ.സി.ഡബ്ല്യു.എ ഫൊറോന ചാപ്ലെയിൻ ഫാ. തോമസ് കീന്തനാനിക്കൽ ആമുഖസന്ദേശം നൽകി. സംഗമത്തോടനുബന്ധിച്ച് സഭയും സമുദായവും എന്ന വിഷയത്തെക്കുറിച്ച് അതിരൂപതാ അഡീഷണൽ ചാൻസിലർ ഫാ. ജോൺ ചേന്നാ

ക്കുഴി ക്ലാസ്സ് നയിച്ചു. കെ.സി.ഡബ്ല്യു.എ ഇടയ്ക്കാട് ഫൊറോന പ്രസിഡന്റ് സിൻസി പാറേൽ അദ്ധ്യക്ഷത വഹിച്ചു. ഫാ. സ്റ്റാനി ഇടത്തിപ്പറമ്പിൽ, സൂസൻ എബ്രാഹം, ഫൊറോന ഭാരവാഹികളായ ആനിയമ്മ ജോസഫ്, ബെസ്സി അലക്സ്, ലിറ്റി ജിബു, മേഴ്സി ജോൺ എന്നിവർ പ്രസംഗിച്ചു.

**സിൻസി പാറേൽ**
സെക്രട്ടറി

# അഭി. മൂലക്കാട്ട് പിതാവിന്റെ ഡയറിയിൽ നിന്ന്

**ഫെബ്രുവരി 2018**

2-9 പൗരസ്ത്യ തിരുസംഘവുമായി ക്നാനായ സമുദായ വിഷയം ചർച്ചചെയ്യുന്നതിന് റോം സന്ദർശിച്ചു.

10 ചിങ്ങവനം സ്കൂളിന്റെ നവതി ആഘോഷത്തിൽ പങ്കെടുത്തു.

11 ആലപ്പുഴ നിയുക്ത സഹായമെത്രാൻ മോൺ. ജെയിംസ് ആനാപറമ്പിലിന്റെ അർത്തുങ്കലിൽ നടന്ന മെത്രാഭിഷേകത്തിൽ പങ്കെടുത്തു.

12 വിഭൂതി തിരുനാളിൽ കോട്ടയം ക്രിസ്തുരാജ കത്തീഡ്രലിൽ വി. ബലി അർപ്പിച്ചു.

– അതിരൂപതാ മെത്രാസന മന്ദിരത്തിൽ കൂടിയ കെ.സി.സി എക്സിക്യൂട്ടീവ് മീറ്റിംഗിൽ സംബന്ധിച്ചു.

13 ചൈതന്യയിൽ കൂടിയ കെ.സി.സി, കെ.സി.ഡബ്ല്യു.എ, കെ.സി.വൈ.എൽ ഭാരവാഹികളുടെ സംയുക്ത മീറ്റിംഗിൽ പങ്കെടുത്തു.

– കിടങ്ങൂർ ലിറ്റിൽ ലൂർദ് ഹോസ്പിറ്റലിൽ നടന്ന ബി.എസ്.സി. നഴ്സിംഗ് ഗ്രാജ്വേഷൻ സെറിമണിയിൽ പങ്കെടുത്തു.

14 മലബാർ കുടിയേറ്റ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് കണ്ണൂർ ബറുമറിയം പാസ്റ്ററൽ സെന്ററിൽ കൂടിയ വൈദികരുടെ മീറ്റിംഗിൽ പങ്കെടുത്തു.

15 കള്ളാർ തിരുഹൃദയദാസ ആശ്രമത്തിൽ വി. ബലി അർപ്പിച്ചു.

17 മുട്ടം ഇടവകാംഗം നിര്യാതയായ ഇഞ്ചനാട്ടിൽ ഏലിക്കുട്ടി എസ്തപ്പാന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ദേവാലയത്തിൽ കാർമ്മികത്വം വഹിച്ചു.

– അതിരൂപതാ മെത്രാസന മന്ദിരത്തിൽ കൂടിയ കാർട്ടിന്റെ എക്സിക്യൂട്ടീവ് മീറ്റിംഗിൽ പങ്കെടുത്തു.

– ഏറ്റുമാനൂർ ടൗൺ യു.പി. സ്കൂളിന്റെ ശതാബ്ദി സമാപന ആഘോഷത്തിൽ പങ്കെടുത്തു.

18 മറ്റക്കര ഇടവകയിൽ ഇടയ സന്ദർശനം നടത്തി.

– മറ്റക്കര ഇടവകാംഗം നിര്യാതനായ ചിറപ്പുറത്ത് ബാബുവിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ദേവാലയത്തിൽ കാർമ്മികത്വം വഹിച്ചു.

19 ചൈതന്യയിൽ കൂടിയ അതിരൂപതയിലെ സന്യാസിനിമാരുടെ മീറ്റിംഗിൽ പങ്കെടുത്തു.

– അതിരൂപതാ മെത്രാസന മന്ദിരത്തിൽകൂടിയ മൈനർ സെമിനാരി റെക്ടർമാരുടെ മീറ്റിംഗിൽ പങ്കെടുത്തു.

20 ചൈതന്യയിൽ കൂടിയ ചൈതന്യാ കമ്മീഷൻ മീറ്റിംഗിൽ സംബന്ധിച്ചു.

22 തിരുമൂലപുരത്ത് നടന്ന തോമസ് മാർ ദിയോസ്കോറസ് തിരുമേനിയുടെ ചരമത്തിന്റെ പ്ലാറ്റിനം ജൂബിലി അനുസ്മരണത്തിൽ സന്ദേശം നൽകി.

23 ചൈതന്യയിൽ കെ.സി.ഡബ്ല്യു.എ അതിരൂപതാ പ്രവർത്തന വർഷം ഉദ്ഘാടനം ചെയ്തു.

24 ഉഴവൂരിൽ നടന്ന നാല്പത് മണി ആരാധനയുടെ സമാപന കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

25 തടിയമ്പാട് ഇടവകയിൽ ഇടയസന്ദർശനം നടത്തി.

26 പയ്യാവൂർ പള്ളി ഇടവകാംഗം നിര്യാതനായ മൂലക്കാട്ട് ജോയിയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ദേവാലയത്തിൽ കാർമ്മികത്വം വഹിച്ചു.

28 അതിരൂപതാ മെത്രാസന മന്ദിരത്തിൽ കൂടിയ റാന്നി ഇടവക യിലെ പാരീഷ് കൗൺസിൽ മീറ്റിംഗിൽ സംബന്ധിച്ചു.

**മാർച്ച്**

3 ചൈതന്യയിൽ കൂടിയ കാർട്ടിന്റെ മെന്റേഴ്സ് മീറ്റിംഗിൽ സംബ ന്ധിച്ചു.

4 പത്മഭൂഷൺ അവാർഡ് നേടിയ മാർ ക്രിസോസ്റ്റം തിരുമേ നിക്ക് കോട്ടയം പൗരാവലി നൽകിയ സ്വീകരണത്തിൽ പങ്കെ ടുത്തു.

# ENGAGEMENTS

## Mar Mathew Moolakkatt

### March 2018

8 Women's day Celebrations at Chaithanya.

9 Meeting of Legion of Mary at Chaithanya.

10 Conclusion of 40 hours Adoration at S.H. Mount.

- Blessing and Anniversary of St. Joane's U.P. School Uzhavoor.

11 Pastroal Visit at Cherukara.

13 Bi-Monthly of Priests at Chaithanya.

15 POC Secretaries Meet at POC.

18 Pastoral Visit at Karimkunnam.

19 Holy Qurbana at Chullikkara.

- Holy Qurbana and Conclusion of Platinum Jubile celebrations of Holy Family Knanaya Catholic Church, Rajapuram.

20 Presbyteral Council at Chaithanya.

20-21 Ongiong formation of priests at Mariyamala Ashram, Pazhuthuruth.

24 Conculsion of 40 hours Adoration at Kidangoor.

25 Palm Sunday at Cathedral.

29 Maundy Thursday at Cathedral.

30 Good Friday at Cathedral.

\- Good Friday at Sanjo Mount Vadakkummury.

**April**

01 Holy Qurbana on Easter day at Cathedral.

05 Episcopal Ordination of Msgr. John Nellikunnel at Idukki.

## അഭി. പണ്ടാരശ്ശേരിൽ പിതാവിന്റെ ഡയറിയിൽ നിന്ന്

**ഫെബ്രുവരി 2018**

2-9 പൗരസ്ത്യ തിരുസംഘവുമായി ക്നാനായ സമുദായ വിഷയം ചർച്ച ചെയ്യുന്നതിനുള്ള റോമായാത്ര.

11 കെ.സി.വൈ.എൽ യുവജനവർഷാചരണം മുട്ടത്തുവച്ച് ഉദ്ഘാടനം ചെയ്തു.

12 മള്ളൂശ്ശേരി പള്ളിയിലെ വിഭൂതി തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

13 ചൈതന്യയിൽ വച്ച് നടത്തിയ സമുദായ സംഘടനാ ഭാരവാഹികളുടെ മീറ്റിംഗിൽ സമുദായ വിഷയങ്ങൾ അവതരിപ്പിച്ചു.

14 കുടിയേറ്റ പ്ലാറ്റിനം ജൂബിലിയുടെ ഭാഗമായി കണ്ണൂർ ബറുമറിയം പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച അതിരൂപതാ വൈദിക കൂട്ടായ്മയിൽ സംബന്ധിച്ചു.

15 കള്ളാർ ഒ.എസ്.എച്ച്. ധ്യാനമന്ദിരത്തിൽ സംഘടിപ്പിക്കപ്പെട്ട കുടിയേറ്റകാലത്തെ ആദ്യകാല ഒ.എസ്.എച്ച്. വൈദികരെ

അനുസ്മരിച്ച് നടത്തപ്പെട്ട വി. കുർബാനയിൽ സഹകാർമ്മികത്വം വഹിക്കുകയും പൊതുമീറ്റിംഗിൽ അനുഗ്രഹ പ്രഭാഷണം നടത്തുകയും ചെയ്തു.

17-18 പെരിക്കല്ലൂർ ഫൊറോന പള്ളിയിൽ ഇടയ സന്ദർശനം നടത്തി.

18 കുടിയേറ്റ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് തേറ്റമല പള്ളിയിൽ 75 നു മേൽ പ്രായമുള്ളവരുടെ ഫൊറോനാതല കൂട്ടായ്മയിൽ വി. കുർബാന അർപ്പിക്കുകയും അവരെ ആദരിക്കുകയും ചെയ്തു.

19 ചൈതന്യയിൽ വച്ച് നടത്തിയ അതിരൂപതാ സമർപ്പിത പ്രതിനിധികളുടെ മീറ്റിംഗിൽ സമുദായ വിഷയങ്ങൾ വിശദീകരിച്ചു.

23 ശ്രീപുരം സ്കൂളിലെ അദ്ധ്യാപികയായ ലീനാ മാണിക്കോത്തിന്റെ കവിതാ സമാഹാരമായ 'ഓർമ്മച്ചെപ്പിന്റെ' പുസ്തക പ്രകാശനം നടത്തി.

24 കുടിയേറ്റ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് അലക്സ് നഗർ പള്ളിയിൽ 75 നു മേൽ പ്രായമുള്ളവരുടെ ഫൊറോനാതല കൂട്ടായ്മ ഉദ്ഘാടനം ചെയ്യുകയും അവരെ ആദരിക്കുകയും ചെയ്തു.

28 കണ്ണൂർ ബറുമറിയം പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തിയ മലബാർ റീജിയൺ സമർപ്പിത പ്രതിനിധികളുടെ മീറ്റിംഗിൽ സമുദായ വിഷയങ്ങൾ വിശദീകരിച്ചു.

**മാർച്ച്**

1 കള്ളാർ ഇടവക പരേതനായ സിറിയക് ഈഴാറാത്തിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ദേവാലയത്തിൽ കാർമ്മികത്വം വഹിച്ചു.

3 കുടിയേറ്റ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് മാലക്കല്ല് പള്ളിയിൽ 75 ന് മേൽ പ്രായമുള്ളവരുടെ ഫൊറോനാതല കൂട്ടായ്മയിൽ വി. കുർബാനയർപ്പിക്കുകയും അവരെ ആദരിക്കുകയും ചെയ്തു.

4 പയ്യാവൂർ ടൗൺ പള്ളിയിൽ വച്ചു നടത്തിയ മടമ്പം ഫൊറോന പാരീഷ് കൗൺസിൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ച് പയ്യാവൂർ മേഴ്സി ഹോസ്പിറ്റലിന്റെ ഭാവി നടത്തിപ്പുകൾ വിശദീകരിച്ചു.

# ENGAGEMENTS

## Mar Joseph Pandarasseril

### March 2018

7 CBCI Youth council meeting at Bangalore.

10 KCC, KCWA, KCYL unit leaders meet at Payyavoor Town.

- Peace meet at Kannur.

15 Holy Qurbana and Laying the Foundation Stone of the church at Malakkallu.

16 KCWA Leadership Camp at Chaithanya.

17, 18 Pastoral visit at Mangaldam and Kandalam.

20 Presbytoral council at Chaithanya.

20, 21 Ongoing Formation of Priests at Mariamala Ashramam, Pazhuthuruth.

21,22 North Malabar Bishop's Recollection at Bishop's House, Thamarassery.

23 Holy Qurbana and Way of the Cross at Sanjo Mount, Vadakkummury.

24 Prof. Kandoth Memorial Lecture at PKM College Madampam.

25 Palm Sunday at Madampam.

29 Maundy Thursday at Sreepuram.

30 Good Friday at Sreepuram.
- Way of the Cross to Townsquare, Kannur.

### April

1 Easter at Sreepuram.

2 Holy Qurbana and Golden Jubilee Celebration of Sr. Libiya SVM at SVM Regional House, Kannur.

3. Holy Qurbana and Golden Jubilee Celebration of Caritas Secular Institute hostel at Kannur.
4. Holy Qurbana and talk for the youth retreat at Muringoor organised Bethlehem Ministry.

# പൗരോഹിത്യ ആദ്ധ്യാത്മികത: സുവിശേഷവിചിന്തനങ്ങൾ
## മല്പാൻ മോൺ. മാത്യു വെള്ളാനിക്കൽ

## പുരോഹിതൻ: സഭയുടെ മനുഷ്യൻ

**(തിരുവചനഭാഗം: ശ്ലീഹ 1, 1-26)**

സുവിശേഷങ്ങൾ ഈശോയുടെ ഇഹലോകജീവിതവും പ്രബോധനങ്ങളും പ്രവർത്തനങ്ങളും അവതരിപ്പിക്കുന്നെങ്കിൽ ശ്ലീഹന്മാരുടെ നടപടിപുസ്തകം ഈശോയുടെ സഭാത്മകജീവിതവും പ്രവർത്തനങ്ങളുമാണ് അവതരിപ്പിക്കുന്നത്. ഉത്ഥിതനായ മിശിഹാതന്നെയാണ് സഭയിലൂടെ തന്റെ രക്ഷാകരപ്രവർത്തനം തുടരുന്നത്. സഭയെ 'മിശിഹായുടെ ശരീര'മായി വി. പൗലോസ്ശ്ലീഹാ വിശേഷിപ്പിക്കുന്നത് (1 കൊറി 12) സഭയിലുള്ള മിശിഹായുടെ സാന്നിദ്ധ്യവും പ്രവർത്തനവും തിരിച്ചറിഞ്ഞതുകൊണ്ടാണല്ലോ (ശ്ലീഹ 9,1-9). മർക്കോസിന്റെ സുവിശേഷത്തിന്റെ ചില കയ്യെഴുത്തു പ്രതികളിൽ, 16-ാം അദ്ധ്യായം 8-ാം വാക്യത്തിനുശേഷം ഇപ്രകാരം പറയുന്നു: "അതിനുശേഷം ഈശോ തന്നെ നിത്യരക്ഷയുടെ പരിശുദ്ധവും അനശ്വരവുമായ പ്രഖ്യാപനം അവർ (ശ്ലീഹന്മാർ) മുഖേന കിഴക്കുമുതൽ പടിഞ്ഞാറുവരെ എത്തിച്ചു". അതുകൊണ്ട് ഈശോയുടെ സുവിശേഷത്തിന്റെ രണ്ടാം ഭാഗമായി ശ്ലീഹന്മാരുടെ നടപടിയെ നാം മനസ്സിലാക്കണം. സഭയിൽ ജീവിക്കുന്ന ഈശോയുടെ പ്രവർത്തനങ്ങൾ ധ്യാനവിഷയമാക്കി സഭയുടെ മനുഷ്യനായി വർത്തിക്കുവാൻ പുരോഹിതനു കഴിയണം.

ശ്ലീഹന്മാരുടെ നടപടിഗ്രന്ഥത്തിലെ ഒന്നാം അദ്ധ്യായത്തെ അഞ്ചു ഭാഗങ്ങളായി തിരിക്കാം. 1. പരിശുദ്ധാത്മാവിന്റെ വാഗ്ദാനം (1,1-5); 2. ഈശോയുടെ സ്വർഗാരോഹണം (1,6-11); 3. സെനക്കിളിൽ പ്രാർത്ഥനയിൽ മുഴുകിയിരിക്കുന്ന സഭ (1,12-14); 4. യൂദാസ് സ്കറിയോത്തായുടെ വീഴ്ച (1,15-19); 5. മത്തിയാസിന്റെ തിരഞ്ഞെടുപ്പ് (1,20-26).

**1. പുരോഹിതൻ: പരിശുദ്ധാരൂപിയാൽ അഭിഷിക്തൻ**

*"അവൻ അവരോടൊത്തു ഭക്ഷണത്തിനിരിക്കുമ്പോൾ കല്പിച്ചു: നിങ്ങൾ ജറുസലേംവിട്ടു പോകരുത്. എന്നിൽനിന്നു നിങ്ങൾ കേട്ട പിതാവിന്റെ വാഗ്ദാനം കാത്തിരിക്കുവിൻ. എന്തെന്നാൽ, യോഹന്നാൻ വെള്ളംകൊണ്ടു സ്നാനം നല്കി; നിങ്ങളാകട്ടെ ഏറെത്താമസിയാതെ പരിശുദ്ധാത്മാവിനാൽ സ്നാനം ഏല്ക്കും"* (1,4-5).

ഉത്ഥിതനായ മിശിഹാ ശ്ലീഹന്മാർക്കു പ്രത്യക്ഷപ്പെട്ട് അവരെ ദൈവരാജ്യത്തെക്കുറിച്ചു പഠിപ്പിക്കുകയും പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്യുകയും ചെയ്യുന്ന ഭാഗമാണ് ഇത്. "നാല്പതു ദിവസത്തേയ്ക്ക് ഈശോ അവരുടെയിടയിൽ പ്രത്യക്ഷനായി ദൈവരാജ്യത്തെക്കുറിച്ചു പഠിപ്പിച്ചു" (1,3). ഉത്ഥാനത്തിനുശേഷം നാല്പതുദിവസം കഴിഞ്ഞാണ് സ്വർഗ്ഗാരോഹണം നടന്നത്. നാല്പതിന്റെ പ്രാധാന്യം ശ്രദ്ധേയമാണ്. പരസ്യശുശ്രൂഷയുടെ ആരംഭത്തിൽ ഈശോ നാല്പതുദിവസം വിജനസ്ഥലത്ത് ഉപവാസം അനുഷ്ഠിച്ചു (ലൂക്കാ 4,2). മോശ ദൈവത്തിൽനിന്ന് നിയമം ആലേഖനം ചെയ്ത കല്പലകകൾ ഏറ്റുവാങ്ങുവാൻ ഉപവാസപൂർവം നാല്പതു ദിവസങ്ങൾ സീനായ് പർവതത്തിൽ കഴിഞ്ഞു (പുറ 34,28). ഏലിയാ പ്രവാചകനും നാല്പതുദിവസത്തെ നോമ്പാചരിച്ചു (1 രാജാ 19,8). വാഗ്ദാനനാട് കൈവശമാക്കുന്നതിനുമുമ്പ് ഇസ്രായേൽക്കാർ നാല്പതുവർഷം മരുഭൂമിയിൽ കഴിഞ്ഞു (ശ്ലീഹ 13,18). ഈശോ ഉയിർത്തെഴുന്നേറ്റു മഹത്ത്വീകൃതനായി എന്ന സത്യം ശ്ലീഹന്മാർക്ക് അനുഭവവേദ്യമാക്കുകയും, അവിടുത്തെ സുവിശേഷം ലോകത്തിൽ ഉദ്ഘോഷിക്കുവാൻ അവരെ പരിശുദ്ധാത്മാവുവഴി ഒരുക്കുകയും ചെയ്യുന്ന ഘട്ടമായിരുന്നു ഈ നാല്പതുദിവസം. മിശിഹായുടെ ഉത്ഥാനാനുഭവവും പരിശുദ്ധാത്മാഭിഷേകവുമാണ് ശ്ലീഹന്മാർക്ക് സുവിശേഷപ്രഘോഷണത്തിനുള്ള ആധികാരികത നല്കുന്നത്.

ഉത്ഥിതനായ ഈശോ പ്രത്യക്ഷപ്പെടുക മാത്രമല്ല, ദൈവരാജ്യത്തെക്കുറിച്ചു പഠിപ്പിക്കുകയും ചെയ്തു. ഈശോയുടെ ദൗത്യം ദൈവരാജ്യത്തിന്റെ സുവിശേഷപ്രഘോഷണമായിരുന്നല്ലോ (മർക്കോ 1,14-15). അതുതന്നെയാണ് ശ്ലീഹന്മാരുടെയും സഭയുടെയും ദൗത്യം. അതിനുള്ള ഒരുക്കമായിരുന്നു ഈ നാല്പതുദിവസം നടന്നത്. ഈ പ്രബോധനം അരൂപിയിലുള്ള പ്രബോധനമായിട്ടാണ് നാം മനസ്സിലാക്കേണ്ടത്. 'അരൂപിയിലൂടെ കല്പന നല്കി' എന്നാണല്ലോ പറയുന്നത് (1,1). മിശിഹാ ഉത്ഥാനത്തിലൂടെ ജീവദാ

താവായ ആത്മാവായിത്തീർന്നു (1 കൊറി 15,45). പരിശുദ്ധാത്മാവ് ‘പാറക്ക്ലേത്താ’ എന്ന നിലയിൽ മിശിഹായുടെ ആത്മാവാണ്. ‘സത്യാത്മാവ്’ എന്നാണ് യോഹന്നാൻ പരിശുദ്ധാത്മാവിനെ വിശേഷിപ്പിക്കുന്നത് (യോഹ 14,17). സത്യം മിശിഹായുമാണ് (യോഹ 14,6). അവൻ എല്ലാ കാര്യങ്ങളും നിങ്ങളെ പഠിപ്പിക്കുകയും ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ളതെല്ലാം നിങ്ങളെ അനുസ്മരിപ്പിക്കുകയും ചെയ്യും” (യോഹ 14,26) എന്ന വാഗ്ദാനം ഈശോ ശിഷ്യർക്കു നല്കിയിട്ടുണ്ട്. ഇപ്രകാരം അരൂപിയിലുള്ള മിശിഹായുടെ പ്രബോധനമായിട്ടാണ് ഈ പ്രബോധനത്തെ നാം മനസ്സിലാക്കേണ്ടത്. പുരോഹിതൻ അരൂപിയാൽ അഭിഷിക്തനായിവേണം തന്റെ സുവിശേഷ പ്രഘോഷണദൗത്യം നിർവഹിക്കുവാൻ. അത് ശരിയായവിധം നിർവഹിക്കണമെങ്കിൽ മിശിഹായുടെ അരൂപിയുടെ പ്രബോധനം സ്വീകരിക്കണം. അരൂപിയോടുള്ള തുറവിയോടുകൂടി വിശുദ്ധഗ്രന്ഥത്തിലൂടെയും പാരമ്പര്യത്തിലൂടെയും സഭയുടെ ഔദ്യോഗികപ്രബോധനങ്ങളിലൂടെയും ലഭിക്കുന്ന വചനം പഠിക്കുകയും ധ്യാനിക്കുകയും ചെയ്യണം. അപ്രകാരം അരൂപിയാൽ അഭിഷിക്തനായി, സുവിശേഷപ്രഘോഷണത്തിനായി, പുരോഹിതൻ ഒരുങ്ങണം.

**2. പുരോഹിതൻ: മിശിഹായ്ക്കു സാക്ഷ്യംവഹിക്കുന്നവൻ**

“*അവൻ പറഞ്ഞു: പിതാവ് സ്വന്തം അധികാരത്താൽ നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള സമയമോ കാലമോ നിങ്ങൾ അറിയേണ്ട കാര്യമില്ല. എന്നാൽ, പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വന്നുകഴിയുമ്പോൾ നിങ്ങൾ ശക്തി പ്രാപിക്കും. ജറുസലേമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾവരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുകയും ചെയ്യും*” (1,7-8).

ഈശോ ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ട നാല്പതു ദിവസകാലയളവിൽ, അവർ തങ്ങളുടെ ഒരു സംശയം തീർക്കുവാൻ ശ്രമിക്കുന്നു.“ അങ്ങ് മഹത്ത്വീകരണം പ്രഖ്യാപിച്ചുവല്ലോ. അതിനോടു ചേർന്ന് ഇസ്രായേലിനു ലഭ്യമാകേണ്ട രാജ്യം ഇനി എന്നായിരിക്കും സാക്ഷാത്കൃതമാകുക?” അതിന് ഈശോ കൊടുക്കുന്ന മറുപടി ശ്രദ്ധേയമാണ്: “പിതാവ് തന്റെ സ്വന്ത അധികാരത്തിൽ മാത്രം സൂക്ഷിക്കുന്ന സത്യം ആസ്പദമാക്കിയുള്ളതാണ് നിങ്ങളുടെ ചോദ്യം. അത് അറിയാൻ ശ്രമിക്കാതെ നിങ്ങൾ ചെയ്യുവാനുള്ളതു ചെയ്യുവിൻ” (1,6-8). ലോകാവസാനത്തെക്കുറിച്ചുള്ള ജിജ്ഞാസ എപ്പോഴും എല്ലാവർക്കും സ്വാഭാവികമായി ഉള്ളതാണ്. ആദിമസഭയിൽ പൊതുവേ

മിശിഹായുടെ രണ്ടാം ആഗമനത്തെക്കുറിച്ചുള്ള ആകാംക്ഷ വളരെ ശക്തമായിട്ടുണ്ടായിരുന്നു (മർക്കോ 9,1; ലൂക്കാ 21,23; 1 തെസ 4,15). അത് ദൈവപിതാവിന്റെ രഹസ്യമാണെന്നും അതേപ്പറ്റി ആകുലപ്പെടാതെ സഭയുടെ കാലഘട്ടത്തെപ്പറ്റി ചിന്തിക്കണമെന്നും ഈശോ അവരെ ഓർമ്മിപ്പിക്കുകയാണ്. സഭയുടെ കാലഘട്ടം സാർവത്രികമായ സുവിശേഷപ്രഘോഷണത്തിന്റെ കാലഘട്ടമായിട്ടാണ് ഇവിടെ അവതരിപ്പിക്കുക. "ജറുസലേമിലും യൂദയാ മുഴുവനിലും സമറിയായിലും ഭൂമിയുടെ അതിർത്തികൾവരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുകയും ചെയ്യും" (1,8). സഭയുടെ സാർവത്രിക സുവിശേഷപ്രഘോഷണദൗത്യം നടപടിഗ്രന്ഥത്തിൽ പടിപടിയായി യാഥാർത്ഥ്യമാകുന്നതിനെ ഇതു സൂചിപ്പിക്കുന്നുണ്ട്. നടപടിഗ്രന്ഥത്തിന്റെ ആദ്യഭാഗത്ത്, ജറുസലേമിലും യൂദയായിലുമാണ് സഭ രൂപംകൊള്ളുന്നതെങ്കിൽ (1,1-5,42), പിന്നീട് സഭ ജറുസലേമിൽനിന്നും അന്ത്യോക്യായിലേക്കും മറ്റു നഗരങ്ങളിലേക്കും വ്യാപിക്കുന്നുണ്ട് (6,1-12,25).

സഭയുടെ കാലഘട്ടം സുവിശേഷപ്രഘോഷണത്തിന്റെ കാലഘട്ടമായിട്ടാണ് ഈശോ ഇവിടെ അവതരിപ്പിക്കുന്നത്. സുവിശേഷപ്രഘോഷണവും സഭയും തമ്മിലുള്ള ബന്ധം അഭേദ്യമാണ്. സുവിശേഷപ്രഘോഷണത്തിലൂടെയാണ് സഭ രൂപംകൊള്ളുന്നത്. നടപടിഗ്രന്ഥത്തിൽ ആദിമക്രൈസ്തവസമൂഹം രൂപംകൊള്ളുന്നത് മറ്റു പതിനൊന്നു പേരോടുമൊപ്പമുള്ള പത്രോസിന്റെ സുവിശേഷപ്രഘോഷണത്തിന്റെ ഫലമായിട്ടാണ് (2,14-42). സഭയുടെ പ്രഥമവും പ്രധാനവുമായ ദൗത്യവും സുവിശേഷപ്രഘോഷണമാണ്. സഭയുടെ വളർച്ച സുവിശേഷപ്രഘോഷണത്തിന്റെ വളർച്ചയാണ്: "ദൈവവചനം പ്രചരിക്കുകയും ജറുസലേമിൽ ശിഷ്യരുടെ എണ്ണം വർദ്ധിക്കുകയും ചെയ്തു" (6,7). സുവിശേഷപ്രഘോഷണത്തിന്റെ നിയതരൂപം മിശിഹായ്ക്ക് സാക്ഷ്യം വഹിക്കലാണെന്നും ഇവിടെ സൂചിപ്പിക്കുന്നുണ്ട്. ഈശോയുടെ പ്രബോധനങ്ങളും കല്പനകളും പഠിക്കുകയും പഠിപ്പിക്കുകയുംമാത്രം ചെയ്താൽ പോരാ. ഈശോതന്നെയാവണം സുവിശേഷപ്രഘോഷണവിഷയം. ഈശോയുടെ ജീവിതം, പ്രവർത്തനങ്ങൾ, പീഡാനുഭവം, മരണം, ഉത്ഥാനം, മഹത്ത്വീകരണം എന്നിവയെല്ലാമാണ് സുവിശേഷപ്രഘോഷണവിഷയം. മറ്റു വാക്കുകളിൽ, ഈശോയുടെ പെസഹാനുഭവത്തിൽ പങ്കുചേർന്നുകൊണ്ടുള്ള ജീവിതം നയിച്ച് ഈശോയ്ക്ക് സാക്ഷ്യം വഹി

ക്കുന്ന ഒരു സുവിശേഷപ്രഘോഷണമാണ് സഭ നിർവഹിക്കേണ്ട ത്. അതുകൊണ്ട് സഭാശുശ്രൂഷ നിർവഹിക്കുന്ന പുരോഹിതന്റെയും പ്രഥമദൗത്യം മിശിഹായോടൊപ്പം പെസഹാനുഭവം ജീവിച്ച് മിശി ഹായ്ക്കു സാക്ഷ്യം വഹിക്കുക എന്നതാണ്.

**3. പുരോഹിതൻ: സഭാത്മക പ്രാർത്ഥനയുടെ മനുഷ്യൻ**

"*അവർ പട്ടണത്തിലെത്തി, തങ്ങൾ താമസിച്ചിരുന്ന വീടിന്റെ മുക ളിലത്തെ നിലയിലുള്ള മുറിയിൽ ചെന്നു. അവർ, പത്രോസ്, യോഹ ന്നാൻ, യാക്കോബ്, അന്ത്രയോസ്, പീലിപ്പോസ്, തോമസ്, ബർത്ത ലോമിയോ, മത്തായി, ഹൽപൈയുടെ പുത്രനായ യാക്കോബ്, തീവ്ര വാദിയായ ശിമയോൻ, യാക്കോബിന്റെ പുത്രനായ യൂദാസ് എന്നി വരായിരുന്നു. ഇവർ ഏകമനസ്സോടെ ഈശോയുടെ അമ്മയായ മറി യത്തോടും മറ്റു സ്ത്രീകളോടും അവന്റെ സഹോദരരോടുമൊപ്പം പ്രാർത്ഥനയിൽ മുഴുകിയിരുന്നു*" (1,13-14).

ജറുസലേമിനു കിഴക്ക് സാബത്തിൽ ഒരു യഹൂദന് യാത്ര ചെയ്യു വാൻ അനുവാദമുണ്ടായിരുന്ന ദൂരത്തിൽ സ്ഥിതി ചെയ്തിരുന്ന ഒരു ചെറിയ കുന്നാണ് ഒലിവുമല. അവിടെനിന്നുമായിരുന്നു ഈശോ സ്വർഗ്ഗാരോഹണം ചെയ്തത്. പെസഹാഭക്ഷണം കഴിഞ്ഞ് സ്തോത്ര ഗാനങ്ങൾ പാടിയശേഷം ഈശോ ശിഷ്യരുമായി പോയതും അവി ടേയ്ക്കാണ്. സ്വർഗ്ഗാരോഹണശേഷം ശിഷ്യന്മാരും കൂടെയുള്ള വരും ജറുസലേമിലേക്കു നടന്നു. അവിടെ അവർക്ക് ഒരുമിച്ചുകൂടു വാൻ ഒരു ഭവനമുണ്ടായിരുന്നു. അവർ അവിടെ എത്തി. അതിന്റെ രണ്ടാം നിലയിൽ സജ്ജീകൃതമായിരുന്ന ശാലയിൽ പ്രവേശിച്ചു. അവിടെവച്ചായിരുന്നു ഈശോ ശിഷ്യന്മാരോടൊന്നിച്ച് പെസഹാ ഭക്ഷിച്ചതും പരിശുദ്ധ കുർബാന സ്ഥാപിച്ചതും (മത്താ 26,17-19). അത് ആദ്യ സഭയുടെ സമ്മേളനസ്ഥലവും ആരാധനാകേന്ദ്രവുമാ യിത്തീർന്നു. ദുഃഖവെള്ളിയാഴ്ച ശിഷ്യന്മാരെ താല്ക്കാലികമായി നിരാശയിലാഴ്ത്തിയെങ്കിലും, ഉയിർത്തെഴുന്നേല്പിനെക്കുറിച്ചുള്ള ബോദ്ധ്യം അവർക്കു ധൈര്യം പകർന്നു. അവരെ അത് ഒരുമിച്ചുകൂ ട്ടി. അവർ കൂടി വന്നത് ഈശോയോടൊന്നിച്ച് അത്താഴം കഴിച്ച അതേ സ്ഥലത്തുതന്നെയായിരുന്നു. മർക്കോസിന്റെ അമ്മയുടെ ഭവ നവും അതിന്റെ മാളികയും ആദിമസഭാസമ്മേളനവേദിയായിരുന്നു (ശ്ലീഹ 12, 12.25). യൂദാസ് സ്കറിയോത്ത ഒഴികെയുള്ള പതിനൊന്നു ശ്ലീഹന്മാരും ഈശോയുടെ അമ്മയായ മറിയമുൾപ്പെടെ ശിഷ്യക

ളായ സ്ത്രീകളും ശിഷ്യന്മാരായ പുരുഷന്മാരുംചേർന്ന് നൂറ്റിയിരുപതോളം പേർ സഭാസമൂഹമായി സെനക്കിളിൽ ഒരുമിച്ചുകൂടി.

ആദിമസഭാസമൂഹം മുഴുവൻ ഏകമനസ്സോടെ പ്രാർത്ഥനയിൽ മുഴുകിയിരുന്നു എന്നാണ് ഇവിടെ എടുത്തുപറയുന്നത് (1,14). പരിശുദ്ധാത്മാവിനാൽ സ്നാനമേല്ക്കുമെന്നും (1,5) ഉന്നതത്തിൽനിന്നും ശക്തി ധരിക്കുമെന്നും (ലൂക്കാ 24,49) ഉള്ള ഈശോയുടെ വാക്കുകൾ അനുസ്മരിച്ചുകൊണ്ടായിരിക്കണം അവർ സെനക്കിളിൽ വന്ന് പ്രാർത്ഥനയിൽ മുഴുകിയിരുന്നത്. അരൂപിയോടുള്ള തുറവിയാണ് പ്രാർത്ഥനയുടെ അടിസ്ഥാനപരമായ വ്യവസ്ഥ. റോമാക്കാർക്കെഴുതിയ ലേഖനത്തിൽ വി. പൗലോസ്ശ്ലീഹാ ഇപ്രകാരം പറയുന്നു: "നമ്മുടെ ബലഹീനതയിൽ ആത്മാവു നമ്മെ സഹായിക്കുന്നു. വേണ്ടവിധം പ്രാർത്ഥിക്കേണ്ടതെങ്ങനെയെന്നു നമുക്കറിഞ്ഞുകൂടാ. എന്നാൽ, അവാച്യമായ നെടുവീർപ്പുകളാൽ ആത്മാവുതന്നെ നമുക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുന്നു" (റോമാ 8,26). അതുകൊണ്ട് നന്നായി പ്രാർത്ഥിക്കുവാൻ പരിശുദ്ധാരൂപിയോടു തുറവിവേണം. അതുപോലെ സഭാസമൂഹം ഏകമനസ്സോടെ ഒന്നുചേർന്നാണ് പ്രാർത്ഥനയിൽ മുഴുകിയിരുന്നത്. തന്റെ നാമത്തിൽ പ്രാർത്ഥിക്കണമെന്ന് ഈശോ ശിഷ്യരെ ഉത്ബോധിപ്പിക്കുന്നുണ്ട് (യോഹ 14,13; 16,23-24). 'ഈശോയുടെ നാമത്തിൽ' എന്നു പറഞ്ഞാൽ 'ഈശോയുമായുള്ള ഐക്യത്തിൽ' എന്നാണർത്ഥം. ക്രിസ്തീയമായ പ്രാർത്ഥന അവശ്യം സഭാത്മകമാണ്. കാരണം, സഭയാണ് മിശിഹായുടെ ശരീരം. അതുകൊണ്ട് പുരോഹിതൻ സഭാത്മകമായി പ്രാർത്ഥിക്കുന്നവനും, അപ്രകാരം പ്രാർത്ഥിക്കുവാൻ സഭാംഗങ്ങളെ പരിശീലിപ്പിക്കുന്നവനുമായിരിക്കണം.

**4. പുരോഹിതൻ: വിളിയോടു വിശ്വസ്തത പുലർത്തുന്നവൻ**

"*സഹോദരരേ, ഈശോയെ പിടിക്കാൻ വന്നവർക്കു നേതൃത്വം നല്കിയ യൂദാസിനെക്കുറിച്ചു ദാവീദുവഴി പരിശുദ്ധാത്മാവ് അരുളിച്ചെയ്ത വചനം പൂർത്തിയാകേണ്ടിയിരുന്നു. അവൻ നമ്മിലൊരുവനായി എണ്ണപ്പെടുകയും ഈ ശുശ്രൂഷയിൽ അവനു ഭാഗഭാഗിത്വം ലഭിക്കുകയും ചെയ്തിരുന്നു. എന്നാൽ, അവൻ തന്റെ ദുഷ്കർമ്മത്തിന്റെ പ്രതിഫലംകൊണ്ട് ഒരു പറമ്പു വാങ്ങി. അവൻ തലകുത്തി വീണു; ഉദരം പിളർന്ന് അവന്റെ കുടലെല്ലാം പുറത്തുചാടി*" (1,16-18).

പത്രോസ് എഴുന്നേറ്റുനിന്ന് സഭാസമൂഹത്തോടു സംസാരിച്ചു.

ശ്ലീഹന്മാരുടെയിടയിലും സഭാസമൂഹത്തിലും പത്രോസ്ശ്ലീഹായ്ക്കുള്ള നേതൃസ്ഥാനമാണ് ഇത് പ്രകാശിപ്പിക്കുന്നത്. പത്രോസിന്റെ പ്രസംഗവിഷയം യൂദാസ് സ്കറിയോത്തായുടെ തിരഞ്ഞെടുപ്പും വീഴ്ചയുമാണ്. "ഈശോയെ പിടിക്കാൻ വന്നവർക്കു നേതൃത്വം നല്കിയ യൂദാസ്" എന്നാണ് പത്രോസ് യൂദാസിനെ വിശേഷിപ്പിക്കുന്നത്. സുവിശേഷങ്ങളെല്ലാം ഒറ്റിക്കൊടുക്കൽ രംഗം രേഖപ്പെടുത്തുന്നുണ്ട് (മർക്കോ 14,43-46; ലൂക്കാ 23,47-53; മത്താ 26,47-56). യൂദാസിന്റെ ശ്ലൈഹികവിളിയുടെ ശ്രേഷ്ഠതയും, അത് നഷ്ടപ്പെടാനിടയായ സംഭവവും ആദിമസഭയിൽ ശ്രദ്ധിക്കപ്പെട്ട വസ്തുതകളായിരുന്നുവെന്ന് ഇതു സൂചിപ്പിക്കുന്നു. 'പന്ത്രണ്ടു ശ്ലീഹന്മാരിലൊരുവനായി എണ്ണപ്പെടുക', 'ശ്ലൈഹികശുശ്രൂഷയിൽ ഭാഗഭാഗിത്വം ലഭിക്കുക' എന്നത് ഏറ്റം ശ്രേഷ്ഠമായ ദൈവവിളിയാണ്. ഈ വിളിയാണ് യൂദാസ് സ്കറിയോത്തായ്ക്ക് ലഭിച്ചത്. ശുശ്രൂഷാപൗരോഹിത്യം ശ്ലൈഹികശുശ്രൂഷയിലേക്കുള്ള വിളിയും ശ്ലൈഹികശുശ്രൂഷയിലുള്ള ഭാഗഭാഗിത്വവുമാണ്. പൗരോഹിത്യത്തിലേക്കുള്ള നമ്മുടെ ദൈവവിളിയുടെ ശ്രേഷ്ഠതയും, ആ വിളിയോട് വിശ്വസ്തത പുലർത്തേണ്ടതിന്റെ ആവശ്യകതയും ഇത് നമ്മെ അനുസ്മരിപ്പിക്കുന്നു.

യൂദാസ് സ്കറിയോത്തായുടെ വീഴ്ചയെ വിശദീകരിക്കുമ്പോൾ അതിന് അടിസ്ഥാനമായി പറയുന്നത്, "ദാവീദുവഴി പരിശുദ്ധാത്മാവ് അരുളിച്ചെയ്ത വചനം പൂർത്തിയാകേണ്ടിയിരുന്നു" എന്നാണ് (1,16). ദൈവത്തിന്റെ പദ്ധതി ഈശോയുടെ പീഡാനുഭവത്തെയും മരണത്തെയും ഉത്ഥാനത്തെയും പൊതുവായി ഉദ്ദേശിച്ചിട്ടുള്ളതാണ്. യൂദാസിന്റെ വീഴ്ച അതിന്റെ ഭാഗമായി സംഭവിച്ചതാണ്. അതുകൊണ്ട് യൂദാസിന്റെ ഒറ്റിക്കൊടുക്കൽ കുറ്റകരമല്ലായിരുന്നെന്നോ, യൂദാസിന് അതിൽ ഉത്തരവാദിത്വമില്ലായിരുന്നെന്നോ അർത്ഥമാക്കേണ്ടതില്ല. യൂദാസിന്റെ വീഴ്ച ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ ഭാഗമായിരുന്നു എന്നു മാത്രമാണ് അതു സൂചിപ്പിക്കുന്നത്. യൂദാസിന്റെ വീഴ്ചയ്ക്കു കാരണമായത് അയാളുടെ ഉത്തരവാദിത്വമില്ലായ്മതന്നെയാണ്. ഇത് ഈശോതന്നെ സൂചിപ്പിച്ചിട്ടുണ്ട്. ജീവന്റെ അപ്പത്തെക്കുറിച്ചുള്ള പ്രഭാഷണത്തെത്തുടർന്ന് ശിഷ്യന്മാർ പിറുപിറുത്തപ്പോൾ ഈശോ പറഞ്ഞു: "എന്നാൽ, വിശ്വസിക്കാത്തവരായി നിങ്ങളിൽ ചിലരുണ്ട്. അവർ ആരെന്നും തന്നെ ഒറ്റിക്കൊടുക്കാനിരിക്കുന്നവൻ ആരെന്നും ആദ്യം മുതലേ അവൻ അറിഞ്ഞിരുന്നു" (യോഹ 6,64). യൂദാസ് തന്റെ

വിളിയുടെ പിന്നിലുള്ള ദൈവത്തിന്റെ സ്നേഹത്തിലും തിരഞ്ഞെടുപ്പിലും വിശ്വസിക്കാതെ കൂടെനടന്നയാളാണ്. പിന്നീട് "നിങ്ങളിലൊരുവൻ പിശാചാണ്" എന്നുവരെ ഈശോ യൂദാസിനെപ്പറ്റി പറയുകയുണ്ടായി (യോഹ 6,70-71). തൈലാഭിഷേകസന്ദർഭത്തിൽ യൂദാസ് പണക്കൊതിയനും കള്ളനുമായിരുന്നെന്ന് യോഹന്നാൻ പറയുന്നുണ്ട് (യോഹ 12,6). യൂദാസിനെപ്പോലെ ഉത്തരവാദിത്വബോധമില്ലാത്തവനായി മാറാതെ, തന്റെ വിളിയുടെ ശ്രേഷ്ഠത മനസ്സിലാക്കി, അതിന്റെ പിന്നിലുള്ള ദൈവത്തിന്റെ സ്നേഹത്തിൽ വിശ്വസിച്ച് അതിന് പ്രത്യുത്തരിച്ചുകൊണ്ട് ജീവിക്കുവാൻ പുരോഹിതനു കഴിയണം.

**5. പുരോഹിതൻ: മിശിഹാനുഭവമുള്ളവൻ**

"*അതിനാൽ, കർത്താവായ ഈശോയുടെ പുനരുത്ഥാനത്തിന് ഒരാൾ ഞങ്ങളോടൊപ്പം സാക്ഷിയായിരിക്കണം. യോഹന്നാന്റെ സ്നാനം മുതൽ നമ്മിൽനിന്ന് ഉന്നതങ്ങളിലേക്ക് സംവഹിക്കപ്പെട്ട നാൾവരെ, ഈശോ നമ്മോടൊപ്പം സഞ്ചരിച്ചിരുന്ന കാലം മുഴുവനും, നമ്മുടെ കൂടെയുണ്ടായിരുന്നവരിൽ ഒരുവനായിരിക്കണം അവൻ*" (1,21-22).

യൂദാസ് സ്കറിയോത്തായുടെ സ്ഥാനത്ത് മറ്റൊരാളെ ശ്ലീഹന്മാരുടെ ഗണത്തിലേയ്ക്ക് എടുക്കുവാനുള്ള തീരുമാനമുണ്ടായതും ദൈവവചനപൂർത്തീകരണത്തിന്റെ ഭാഗമായിട്ടാണ്: "അവന്റെ ഭവനം ശൂന്യമായിത്തീരട്ടെ. ആരും അതിൽ വസിക്കാതിരിക്കട്ടെ എന്നും അവന്റെ ശുശ്രൂഷയുടെ സ്ഥാനം മറ്റൊരുവൻ ഏറ്റെടുക്കട്ടെ എന്നും സങ്കീർത്തനപ്പുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്നു'' (1,20). സങ്കീർത്തനം 69,25 ഉം 109, 8 ഉം ആണ് ഇവിടെ പത്രോസ്ശ്ലീഹാ ഉദ്ധരിക്കുന്നത്. പഴയനിയമസങ്കീർത്തനങ്ങളിൽ നേരിട്ടു പരാമർശിക്കുന്നത് ഇക്കാര്യമല്ലെങ്കിലും പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട് പഴയനിയമത്തെ ഇപ്രകാരം വ്യാഖ്യാനിക്കുവാനുള്ള അധികാരം സഭയ്ക്കുണ്ട്. വി. പൗലോസ്ശ്ലീഹാ ഇപ്രകാരം പറയുന്നു: "മുമ്പ് എഴുതപ്പെട്ടവയെല്ലാം നമ്മുടെ പ്രബോധനത്തിനുവേണ്ടിയാണ് - സ്ഥൈര്യത്താലും വിശുദ്ധ ലിഖിതങ്ങളിൽനിന്നു ലഭിക്കുന്ന സമാശ്വാസത്താലും നമുക്കു പ്രത്യാശയുളവാക്കുവാൻവേണ്ടി" (റോമാ 15,4). പഴയനിയമം വായിക്കുമ്പോൾ മനസ്സിൽ കിടക്കുന്ന മൂടുപടം കർത്താവിലേക്കു തിരിയുമ്പോൾ നീക്കപ്പെടുന്നുവെന്നും ശ്ലീഹാ പറയുന്നുണ്ട് (2 കൊറി 3,13-16). അതുകൊണ്ട് ഈ പഴയനിയമസങ്കീർത്തനങ്ങളുടെ അടിസ്ഥാനത്തിൽ, യൂദാസ് സ്കറിയോത്താ

നഷ്ടപ്പെടുത്തിയ ശ്ലൈഹികസ്ഥാനം മറ്റൊരാൾ ഏറ്റെടുക്കണമെന്ന്, പത്രോസ്ശ്ലീഹാ തീരുമാനിക്കുകയാണ്.

ശ്ലീഹന്മാരുടെ ഗണത്തിൽ എണ്ണപ്പെടുവാനുള്ള വ്യക്തിയുടെ സവിശേഷത എന്തായിരിക്കണമെന്ന് പത്രോസ്ശ്ലീഹാ വ്യക്തമാക്കുന്നുണ്ട്. ഈശോയുടെ പരസ്യജീവിത പ്രവേശനംമുതൽ സ്വർഗ്ഗാരോഹണംവരെ ശ്ലീഹന്മാരോടൊപ്പം ഉണ്ടായിരുന്ന ഒരുവനായിരിക്കണം അയാൾ (1,22). ശ്ലീഹന്മാരുടെ മിശിഹാനുഭവമാണ് അവർക്ക് മിശിഹായുടെ സാക്ഷികളാകുവാനുള്ള ആധികാരികത നല്കുന്നത്. യോഹന്നാൻശ്ലീഹാ തന്റെ ഒന്നാം ലേഖനത്തിൽ ആമുഖമായി പറയുന്ന വാക്കുകൾ ഇതു സൂചിപ്പിക്കുന്നതാണ്. ശ്ലൈഹികകൂട്ടായ്മയിലുള്ള തന്റെ മിശിഹാനുഭവത്തിൽ അധിഷ്ഠിതമായിട്ടാണ് താൻ ഈ ലേഖനം എഴുതുന്നതെന്ന് യോഹന്നാൻ വ്യക്തമാക്കുന്നു (1 യോഹ 1,1-3). തിരഞ്ഞെടുപ്പ് ദൈവത്തിന്റേതാണെന്ന് അവരുടെ പ്രാർത്ഥന വ്യക്തമാക്കുന്നുണ്ട്: "ശ്ലൈഹികസ്ഥാനവും ശുശ്രൂഷാപദവിയും സ്വീകരിക്കുവാൻ ഈ ഇരുവരിൽ ആരെയാണ് അങ്ങ് തിരഞ്ഞെടുത്തിരിക്കുന്നതെന്ന് വ്യക്തമാക്കണമേ" (1,25). ദൈവത്തിന്റെ പ്രത്യേക തിരഞ്ഞെടുപ്പാൽ പുരോഹിതശുശ്രൂഷയിലേക്ക് എടുക്കപ്പെട്ട പുരോഹിതന് ആ ശുശ്രൂഷ അർഹമായവിധം നിർവഹിക്കാൻ കഴിയണമെങ്കിൽ സഭാകൂട്ടായ്മയിൽ മിശിഹായോടൊപ്പം ജീവിച്ച് മിശിഹാനുഭവത്തിൽ വളരേണ്ടിയിരിക്കുന്നു.

**ജീവിതസൂചിക**

1. അരൂപിയോടുള്ള തുറവിയിൽ തിരുവചനം പഠിച്ചും ധ്യാനിച്ചും പരിശുദ്ധാത്മാഭിഷേകത്തോടെയാണോ ഞാൻ സഭാശുശ്രൂഷ നിർവഹിക്കുന്നത്?
2. മിശിഹായോടൊപ്പം പെസഹാനുഭവം ജീവിച്ച് മിശിഹായ്ക്കു സാക്ഷ്യം വഹിക്കുന്ന ഒരു ജീവിതമാണോ ഞാൻ നയിക്കുന്നത്?
3. സഭയുടെ പ്രാർത്ഥനയിൽ പരിശീലിപ്പിക്കപ്പെടുന്ന ഒരു പ്രാർത്ഥനാജീവിതമാണോ ഞൻ നയിക്കുന്നത്?
4. പൗരോഹിത്യത്തിലേക്കുള്ള ദൈവവിളിയോട് വിശ്വസ്തത പുലർത്തുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
5. സഭാകൂട്ടായ്മയിൽ മിശിഹായോടൊപ്പം ജീവിച്ച് മിശിഹാനുഭവത്തിൽ വളരാൻ എനിക്കു കഴിയുന്നുണ്ടോ?

# വാർത്തകൾ

## ബധിരർക്കും മൂകർക്കും വിവാഹ ഒരുക്ക കോഴ്സ്

കൊച്ചി : കേരള കത്തോലിക്കാസഭയിൽ ബധിരർക്കും മൂകർക്കും വേണ്ടിയുള്ള വിവാഹ ഒരുക്ക കോഴ്സ് കെ.സി.ബി.സി തലത്തിൽ സഭാ ആസ്ഥാനമായ പാലാരിവട്ടം പി.ഒ.സി യിൽ ആരംഭിക്കുന്നു. കേരളസഭയിൽ ആദ്യമായിട്ടാണ് സഭാതലത്തിൽ ഇത്തരത്തിലുള്ള ഒരു സംരംഭം കെ.സി.ബി.സി. ഫാമിലി കമ്മീഷനായിരിക്കും ഇതിന് നേതൃത്വം കൊടുക്കുക. ബധിരരും മൂകരും ആയിട്ടുള്ള അകത്തോലിക്കരായ യുവതീയുവാക്കൾക്കും വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുന്നതിനു മുമ്പ് ഈ കോഴ്സിൽ പങ്കെടുക്കാൻ സാധിക്കുന്ന തരത്തിലാണ് പാഠ്യപദ്ധതികൾ ക്രമീകരിച്ചിട്ടുള്ളത്.

ഇനി മുതൽ ഇടവകയിൽ ബധിരരും മൂകരും ആയിട്ടുള്ള യുവതീയുവാക്കൾ വിവാഹിതരാകുന്നതിനു മുമ്പ് ഈ കോഴ്സിൽ പങ്കെടുക്കുവാൻ ഓർമ്മിപ്പിക്കണം. രണ്ടു വിവാഹ ഒരുക്ക കോഴ്സുകളാണ് ഒരുക്കിയിരിക്കുന്നത്. 1) ഏപ്രിൽ 13, 14, 15. 2) നവംബർ 9, 10, 11.

ബന്ധപ്പെടേണ്ട വിലാസം: സെക്രട്ടറി, കെ.സി.ബി.സി ഫാമിലി കമ്മീഷൻ പി.ഒ.സി, പാലാരിവട്ടം, കൊച്ചി - 682 025, ഫോൺ: 9995028229, 9495812190. Email: kcbcfamilycommission@gmail.com, Website: www.kcbcfamilycommission.org.

## ശ്രീപുരം ബിഷപ് ഹൗസിന് പുതിയ ഇമെയിൽ വിലാസം

കണ്ണൂർ: ശ്രീപുരം ബിഷപ്പ് ഹൗസിന് പുതിയ ഇമെയിൽ വിലാസം നിലവിൽ വന്നു. bphsreepuram@gmail.com എന്നതാണ് പുതിയ മെയിൽ ഐ.ഡി.

## മാധ്യമ പരിശീലനങ്ങൾക്ക് ഡിപ്ലോമ കോഴ്സ് 2018 ഏപ്രിൽ 15 മുതൽ 28 വരെ ചങ്ങനാശ്ശേരി മീഡിയാ വില്ലേജ് കാമ്പസ്സിൽ

ചങ്ങനാശ്ശേരി അതിരൂപതയുടെ മീഡിയാ കോളജ് - സെന്റ് ജോസഫ് കോളജ് ഓഫ് കമ്മ്യൂണിക്കേഷൻസ് - ആരംഭിച്ചിട്ട് 13 വർഷങ്ങൾ പിന്നിടുകയാണ്. മൂല്യബോധമുള്ള മാധ്യമ പ്രവർത്തകരെ പരി

ശീലിപ്പിക്കുവാൻ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ അഫിലിയേഷനോടു കൂടി ബിരുദ ബിരുദാനന്തര മീഡിയാ കോഴ്സുകൾക്ക് തുടക്കമിട്ട ഭാരതത്തിലെ തന്നെ ആദ്യത്തെ മീഡിയാ കോളജാണിത്.

ആധുനിക സാങ്കേതിക വിദ്യകൾ ഉൾപ്പെടെ എല്ലാവിധ അടിസ്ഥാനസൗകര്യങ്ങളും അനുഭവസമ്പന്നരായ അദ്ധ്യാപകരും ഈ കാമ്പസിൽ സജ്ജമാണ്. ഈ സൗകര്യങ്ങൾ എല്ലാം പ്രയോജനപ്പെടുത്തി സഭാരംഗത്ത് മാധ്യമപ്രവർത്തകരെ പരിശീലിപ്പിക്കുവാനും ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലൂടെ വിശ്വാസപരിശീലനരംഗം കൂടുതൽ മികവുള്ളതാക്കുവാനും ഏപ്രിൽ 15 മുതൽ 28 വരെ രണ്ടാഴ്ചത്തെ Academic Extension Media Certificate Course സംഘടിപ്പിക്കുകയാണ്. ആധുനിക ലോകത്തിൽ മാധ്യമങ്ങളെ ഒഴിവാക്കിയുള്ള അജപാലന പ്രവർത്തനം അസാധ്യമാണല്ലോ. ശരിയായ രീതിയിൽ ഉപയോഗപ്പെടുത്തിയാൽ വിശ്വാസപരിശീലനവും മൂല്യബോധനവും കൂടുതൽ ഫലപ്രദമാക്കുന്നതിന് സാമൂഹ്യ സമ്പർക്കമാധ്യമങ്ങൾപോലെ മറ്റൊരു ഉപാധിയില്ല.

രൂപതകളിലും സന്യാസസമൂഹങ്ങളിലും നിലവിൽ മാധ്യമ വകുപ്പ് കൈകാര്യം ചെയ്യുന്നവർക്കും, സൺഡേസ്കൂൾ ടീച്ചേഴ്സിനും മാധ്യമരംഗത്തോട് അഭിരുചിയുള്ളവർക്കും ഈ കോഴ്സിൽ പങ്കെടുക്കാം. ഫോട്ടോഗ്രാഫി, വീഡിയോഗ്രാഫി, എഡിറ്റിംഗ് തുടങ്ങിയ പ്രാക്ടിക്കൽ വിഷയങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കോഴ്സിന്റെ ഭാഗമായി ഓഡിയോ വിഷ്വൽ നിർമ്മാണത്തിനാവശ്യമായ സോഫ്റ്റ് വെയർ പരിശീലനവും ലഭ്യമാക്കും. രൂപതകളിലെയും സന്യാസ-ഭവനങ്ങളിലേയും പ്രധാന പരിപാടികൾ ക്യാമറയിൽ പകർത്തി എഡിറ്റ് ചെയ്ത് ഡോക്യുമെന്റേഷൻ ചെയ്യുവാനുള്ള പ്രത്യേക പരിശീലനവും കോഴ്സിന്റെ ഭാഗമായി നൽകുന്നതാണ്. കോഴ്സിൽ പങ്കെടുക്കുന്നവർ ഹാർഡ് ഡിസ്ക് ഹാജരാക്കിയാൽ ഓഡിയോ വിഷ്വൽ ക്ലാസ്സുകൾക്കാവശ്യമായ മീഡിയാ കിറ്റ് കോപ്പി ചെയ്തു നൽകുന്നതായിരിക്കും.

ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 പേർക്ക് മാത്രമേ ഈ കോഴ്സിൽ പ്രവേശനം ലഭിക്കുകയുള്ളൂ.

# നിൽക്കുക, കാണുക, മടങ്ങുക

## നോമ്പുജീവിതത്തിന്റെ ഉത്തമരീതികളെക്കുറിച്ച് വിഭൂതി ബുധനാഴ്ചത്തെ പ്രഭാഷണത്തിൽ ഫ്രാൻസീസ് മാർപാപ്പ

നമ്മുടെ ക്രൈസ്തവജീവിതത്തിലെ പൊട്ടിയ ഇഴകൾ വീണ്ടും ചേർത്തെടുക്കാനും, നിത്യനൂതനവും ആനന്ദകരവും പ്രത്യാശാനിർഭരവും ആയ പെസഹായെ വരവേൽക്കാനും ഉതകുന്ന കാലമാണ് ഈ നോമ്പ്. വിശ്വാസികളായ നമ്മുടെ ഹൃദയത്തെ മ്ലാനമാക്കുകയും ക്ഷയിപ്പിക്കുകയും ചെയ്യുന്ന എന്തിനെയും തിരിച്ചറിയാൻ തിരുസഭാമാതാവ് നമ്മെ ക്ഷണിക്കുന്നു.

അസംഖ്യം പ്രലോഭനങ്ങൾക്കു വിധേയരാണ് നാം. ഓരോരുത്തർക്കും അറിയാം, നാം ഓരോരുത്തരും നേരിടേണ്ടതായ പ്രതിബന്ധങ്ങൾ, നമ്മുടെ ദൈനംദിനജീവിതത്തിന്റെ വിഭിന്നങ്ങളായ സാഹചര്യങ്ങളെ അഭിമുഖീകരിക്കുന്നതിനിടെ, നമ്മുടെ വേദനയും അനിശ്ചിതത്വവും മുതലെടുക്കുന്ന ശക്തികൾ ഉണ്ട് എന്ന് കാണുന്നത് ദുഃഖകരമാണ്. അവിശ്വാസം വിതയ്ക്കുക എന്ന ഒരൊറ്റ ലക്ഷ്യമേ അവർക്ക് ഉള്ളൂ. മദർ തെരേസ പതിവായി പറഞ്ഞിരുന്നതുപോലെ വിശ്വാസത്തിന്റെ ഫലം പരസ്നേഹമാണെങ്കിൽ, അവിശ്വാസത്തിന്റെ ഫലം നിർവ്വികാരതയും നിരാശയും ആകുന്നു. അവിശ്വാസവും നിർവ്വികാരതയും നിരാശയും വിശ്വാസീസമൂഹത്തിന്റെ ചൈതന്യത്തെ തളർത്തുകയും മൃതമാക്കുകയും ചെയ്യുന്ന പൈശാചികശക്തികളാണ്.

ഇവയെയും ഇതരപ്രലോഭനങ്ങളെയും മുഖംമൂടിനീക്കി കാണാനുള്ള ധന്യവേളയാണ് നോമ്പ്; യേശുവിന്റെ സജീവഹൃദയത്തോടു ചേർത്തുവച്ച് നമ്മുടെ ഹൃദയത്തെ ഇനിയും മിടിക്കാൻ അനുവദിക്കേണ്ട കാലം. ഈ ബോധമാണ് നോമ്പിൽ ഉടനീളം ഉണ്ടാകേണ്ടത്. അതിന് സഹായിക്കുന്ന മൂന്ന് വാക്കുകളാണ്, നിൽക്കുക, കാണുക, മടങ്ങുക.

ഒന്നു നിൽക്കുക. ഉത്ക്കണ്ഠകളെ പിന്നിൽ ഉപേക്ഷിക്കുക; ആത്മാവിൽ നിറയുന്ന തിക്താനുഭവങ്ങളുടെ കോലാഹലങ്ങളെയും അവ എവിടെയും നമ്മെ എത്തിക്കുന്നില്ലല്ലോ. കുടുംബത്തോടും സ്നേഹിതരോടും മക്കളോടും മുത്തശ്ശീമുത്തച്ഛന്മാരോടും ഒത്ത് ചെലവഴിക്കാനുള്ള സമയം; ദൈവികദാനമായ സമയം; ദൈവത്തോടൊത്ത്

കഴിയാനുള്ള സമയം. ഇതിനെയെല്ലാം ശിഥിലമാക്കുന്ന ജീവിതവേഗത്തിന്റെ നിബന്ധനകളിൽനിന്ന് മാറി നിൽക്കാം.

ഒന്നു നിൽക്കുക. ശ്രദ്ധാകേന്ദ്രമായി അരങ്ങ് വാഴാനുള്ള മോഹത്തിന് അവധികൊടുക്കാം; ദൃഢമൈത്രിയുടെയും ധ്യാനത്തിന്റെയും മൂല്യത്തെ വിസ്മരിപ്പിക്കുന്ന, 'പരസ്യഫലക'ത്തിലെ നിത്യസാന്നിധ്യമാകാനുള്ള ത്വരയ്ക്ക് ഒരു ഒഴിവ്.

ഒന്നു നിൽക്കുക. അഹങ്കാരം നിറഞ്ഞ നോട്ടങ്ങളിൽനിന്ന്, ആർദ്രതയെ അവഗണിക്കുന്ന നശ്വരവും അവഹേളനപരവുമായ പരാമർശനങ്ങളിൽ നിന്ന്, ദുർബലരും ദുഃഖിതരും പാപത്തിൽ മുഴുകിയവരും ആയ മറ്റുള്ളവരുമായുള്ള അഭിമുഖീകരണത്തെ അവഗണിക്കുന്ന മനോഭാവത്തിൽ നിന്ന് ഒഴിഞ്ഞു നിൽക്കുക.

ഒന്നു നിൽക്കുക. എല്ലാം നിയന്ത്രിക്കാനും, എല്ലാം അറിയാനും, എല്ലാം നശിപ്പിക്കാനും ഉള്ള ത്വരയിൽ നിന്ന് ഒഴിഞ്ഞുനിൽക്കുക. ജീവന്റെ ദാനവും നമുക്ക് ലഭിച്ചിട്ടുള്ള സകല നന്മകളും മറക്കുമ്പോഴാണ് അധികാരമനോഭാവം ഉണ്ടാകുന്നത് എന്നറിയുക.

ഒന്നു നിൽക്കുക. ശ്രവണപുടങ്ങളെ ദുർബ്ബലമാക്കുകയും സംഭ്രമിപ്പിക്കുകയും ചെയ്യുന്ന കർണകഠോരമായ ശബ്ദത്തിൽനിന്ന് ഒഴിഞ്ഞിരിക്കുക. നിശ്ശബ്ദതയുടെ ഫലദായകമായ സർഗ്ഗശക്തിയെ വിസ്മൃതിയിലാക്കുന്നതാണ് ആ ശബ്ദകോലാഹലം എന്നറിയുക.

ഒന്നു നിൽക്കുക. ഒറ്റപ്പെടലിന്റെയും ആത്മനിന്ദയുടെയും ഫലമായ ഊഷര - നിഷ്ഫല ചിന്തകളിൽ നിന്ന് അകലുക. മറ്റുള്ളവരിലേക്ക് അടുത്തുചെന്ന് അവരുടെ വേദനകളും ദുരിതങ്ങളും പങ്കിടുന്നതിൽനിന്ന് നമ്മെ തടയുന്നവയാണ് അത്തരം ചിന്തകൾ.

ഒന്നു നിൽക്കുക. നൈമിഷികവും അല്പായുസ്സുള്ളതുമായവയുടെ ശൂന്യതയിൽനിന്ന് പിന്മാറുക. അത് നമ്മുടെ വേരുകളെ, ബന്ധങ്ങളെ, നൈരന്തര്യത്തിന്റെ മൂല്യത്തെ, നമ്മുടെ തീർത്ഥാടനത്തിന്റെ അവബോധത്തെ എല്ലാം ഇല്ലായ്മ ചെയ്യും.

നിൽക്കുക. നോക്കുവാനും ധ്യാനിക്കുവാനുംവേണ്ടി!

കാണുക. കാരുണ്യപ്രവർത്തികൾ നശിപ്പിക്കാതെയും വിശ്വാസദീപം പ്രോജ്വലിപ്പിച്ചും പ്രത്യാശയെ സജീവമായും നിലനിർത്തിയും മുന്നോട്ടുപോവാൻ സഹായിക്കുന്ന നടപടികൾ ഏവയെന്ന് കണ്ടറിയുക. ദൈവസഹജമായ ആർദ്രതയും നന്മയും ശോഭിതമാക്കുന്ന മുഖങ്ങൾ നമുക്കിടയിലുള്ളത് തിരിച്ചറിയുക.

കാണുക. ദിനംതോറും അത്യന്തം ക്ലേശിച്ച് ജീവിതം മുന്നോട്ടു കൊണ്ടുപോകാൻ ശ്രമിക്കുന്ന കുടുംബങ്ങളുടെ മുഖങ്ങൾ കാണുക. ഉത്ക്കണ്ഠകൾക്കും ക്ലേശങ്ങൾക്കും നടുവിൽപോലും സ്വഭവനങ്ങളെ സ്നേഹത്തിന്റെ പാഠശാലകളാക്കാൻ പ്രതിജ്ഞാബദ്ധരായിരിക്കുന്നവരെ കാണുക.

കാണുക. ഭാവിയെക്കുറിച്ചുള്ള തീക്ഷ്ണമായ മോഹത്തോടെയും പ്രത്യാശയോടെയും "നാളെകളും" അവസരങ്ങളും ആവശ്യപ്പെടുന്ന അർപ്പണവും സുരക്ഷയും പ്രതീക്ഷിച്ചുകൊണ്ടു ജീവിക്കുന്ന യുവജനങ്ങളുടെയും കുഞ്ഞുങ്ങളുടെയും മുഖങ്ങൾ കാണുക. സ്നേഹത്തിന്റെ നാമ്പുകളെ സജീവമായി സംരക്ഷിച്ച് സ്വാർത്ഥപൂർണ്ണമായ കണക്കുകൂട്ടലുകൾക്കിടയിലും നേർവഴി തുറക്കുവാൻ വെമ്പുന്നവരാണവർ.

കാണുക. കാലം അടയാളം ഇട്ടമുഖങ്ങളുമായി ജീവിക്കുന്ന വൃദ്ധജനങ്ങളെ കാണുക. നമ്മുടെ ജനങ്ങളുടെ സജീവസ്മരണകളാണ് ആ മുഖങ്ങളിൽ തെളിയുന്നത്. സദാ പ്രവർത്തനോന്മുഖമായ ദൈവികജ്ഞാനം പ്രതിഫലിക്കുന്നവയാണ് ആ മുഖങ്ങൾ.

കാണുക. നമ്മുടെയിടയിലെ രോഗികളുടെയും അവരെ ശുശ്രൂഷിക്കുന്നവരുടെയും മുഖങ്ങൾ കാണുക. അവരുടെ മുഖങ്ങളിലെ നിസ്സഹായതയുടെയും ശുശ്രൂഷയുടെയും ഭാവങ്ങൾ, വ്യക്തികളുടെ മൂല്യമെന്നത് കണക്കുകളിൽ കൂട്ടിയെടുക്കാവുന്നതോ പ്രയോജനപരതയിലൂടെ നിർണയിക്കാവുന്നതോ അല്ല എന്ന് നമ്മെ ഓർമ്മിപ്പിക്കട്ടെ.

കാണുക. തെറ്റുതിരുത്താൻ ശ്രമിക്കുന്നവരുടെ അനുതാപം സ്ഫുരിക്കുന്ന മുഖങ്ങൾ കാണുക. തങ്ങളുടെ ദൗർഭാഗ്യങ്ങളെയും വേദനകളെയും അതിജീവിച്ച് മുന്നേറാൻ തുനിയുന്നവരെ കാണുക.

കണ്ടു ധ്യാനിക്കുക. ക്രൂശിതനായ സ്നേഹത്തിന്റെ മുഖം കണ്ടു ധ്യാനിക്കുക. കുരിശിൽനിന്ന് ഇന്നും അവിടുത്തെ തിരുമുഖം പ്രത്യാശ പകരുന്നു. ക്രൂശിതരെന്ന് സ്വയം കണ്ടെത്തുന്നവരുടെ സഹായത്തിനായി അവിടുത്തെ കരങ്ങൾ ഇന്നും തുറന്നു നീട്ടപ്പെട്ടിരിക്കുന്നു. പരാജയത്തിന്റെയും നിരാശയുടെയും ഹൃദയവേദനയുടെയും അനുഭവങ്ങൾ അന്യമല്ലാത്തവരാണവർ. അവരുടെ നേരെ അവിടുത്തെ കരങ്ങളുണ്ട്.

കണ്ടു ധ്യാനിക്കു. ആരെയും ഒഴിവാക്കാതെ, എല്ലാവർക്കും വേണ്ടി സ്നേഹത്തിന്റെ പേരിൽ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ കണ്ടു

ധ്യാനിക്കുക. എല്ലാവർക്കും വേണ്ടിയോ? അതെ, എല്ലാവർക്കും വേണ്ടി. ആ മുഖം കാണുന്നതുതന്നെ ഈ നോമ്പുകാലത്തെക്കുറിച്ചുള്ള പ്രത്യാശ നിറഞ്ഞ ഒരു ക്ഷണം ആണ്. അവിശ്വാസത്തിന്റെയും നിർവ്വികാരതയുടെയും നിരാശയുടെയും പൈശാചികശക്തികളെ പരാജയപ്പെടുത്താൻ അത് സഹായിക്കും. നമ്മെ ക്ഷണിക്കുന്ന മുഖം, "ദൈവരാജ്യം സാധ്യമാണ്!" എന്ന് ഉദ്ഘോഷിക്കുവാൻ നമ്മെ ക്ഷണിക്കുന്നു.

നിൽക്കുക. കാണുക, മടങ്ങുക. സ്വർഗസ്ഥനായ പിതാവിന്റെ ഭവനത്തിലേക്ക് മടങ്ങുക. തുറന്നുനീട്ടിയ കരങ്ങളിലേക്ക് ഭയരഹിതമായി മടങ്ങുക, നിന്നെ കാത്തിരിക്കുന്ന കരുണാസമ്പന്നനായ (cf എഫേ. 2:4) നിന്റെ സ്വർഗസ്ഥനായ പിതാവിന്റെ കരങ്ങളാണ് അവ.

മടങ്ങുക. ഭയം കൂടാതെ മടങ്ങുക. എന്റെ സ്വർഗസ്ഥനായ പിതാവും നിങ്ങളുടെ സ്വർഗസ്ഥനായ പിതാവും (cf. യോഹ. 20:17) ആയവന്റെ ഭവനത്തിലേക്ക് മടങ്ങുക. ഹൃദയം സ്പർശിക്കപ്പെടുവാൻ അനുവദിക്കേണ്ട കാലം ആണ് ഇത്. തിന്മയുടെ പാതയിൽ തുടരുന്നത് നിരാശയും ദുഃഖവുംമാത്രം പ്രദാനം ചെയ്യും എന്ന് ഓർക്കുക. യഥാർത്ഥ ജീവിതം മറ്റൊന്നാണ്. നമ്മുടെ ഹൃദയത്തിൽ നമുക്ക് അത് അറിയുകയും ചെയ്യാം. ദൈവം ക്ഷീണിതനാകുന്നില്ല. ക്ഷീണിതനാകുകയുമില്ല. അവിടുത്തെ കരം എപ്പോഴും നമുക്കായി നീട്ടപ്പെട്ടിരിക്കുന്നു. (cf. *കാരുണ്യത്തിന്റെ മുഖം*, 19).

*മടങ്ങുക.* പാപപ്പൊറുതി ലഭിച്ചവരുടെ ആഘോഷത്തിന്റെ ഭാഗം ആകുന്നതിനായി ഭയം കൂടാതെ മടങ്ങുക.

*മടങ്ങുക.* സൗഖ്യമാക്കുകയും അനുരഞ്ജിപ്പിക്കുകയും ചെയ്യുന്ന ദൈവിക ആർദ്രത അനുഭവിച്ചറിയാൻ മടങ്ങി വരിക. പാപത്തിന്റെ മുറിവുകളെ ദൈവം സൗഖ്യമാക്കട്ടെ. "ഒരു പുതിയ ഹൃദയം നിങ്ങൾക്കു ഞാൻ നൽകും; ഒരു പുതുചൈതന്യം നിങ്ങളിൽ ഞാൻ നിക്ഷേപിക്കും; നിങ്ങളുടെ ശരീരത്തിൽ നിന്ന് ശിലാഹൃദയം എടുത്തുമാറ്റി മാംസളഹൃദയം നൽകും" (എസെ. 36:26) എന്ന് നമ്മുടെ പിതാക്കന്മാരോട് ചെയ്ത വാഗ്ദാനം അവിടുന്ന് നിറവേറ്റട്ടെ.

നിൽക്കുക, കാണുക, മടങ്ങുക!

# STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT SACRED HEART MONTHLY

**Form IV**

(See Rule 8)

| | | | |
|---|---|---|---|
| 1. | Place of Publication | : | Kottayam |
| 2. | Periodicity of the publication | : | Monthly |
| 3. | Printer's Name | : | Fr. Saji Kochuparambil |
| 4. | Nationality | : | Indian |
| 5. | Publisher's Name | : | Fr. Saji Kochuparambil |
| | Nationality | : | Indian |
| | Address | : | Catholic Mission Press Building<br>K.K. Road<br>Kottayam-686 001 |
| 6. | Editor's Name | : | Fr. Mathew Kuriathara |
| | Nationality | : | Indian |
| | Address | : | Catholic Mission Press Building<br>K.K. Road<br>Kottayam-686 001 |
| 7. | Name and address of individual who own the monthly and partners or shareholders holding more than one percent of the total capital | : | Jyothi Cultural Society<br>Reg. No. K.43/77<br>Catholic Mission Press Building<br>K.K. Road, Kottayam - 686 001 |

I, Fr. Saji Kochuparambil hereby declare that the particulars given above are true to the best of my knowledge and belief.

(Sd/-)

**Fr. Saji Kochuparambil**

5-3-2018 (Publisher)